
കൗമുദി
ആഴ്ചപ്പതിപ്പു



For Classical Printing

at Cheapest rates

Contact The INDIRA PRINTING WORKS

TRIVANDRUM

ദേശാഭിമാനി

എല്ലാ മലയാളമാസവും ആദ്യവാരത്തിൽ പ്രസിദ്ധപ്പെടുത്തുന്ന

പ്രതിമാസപത്രിക

★ ചെറുകഥകളും, കവിതകളും, ലേഖനങ്ങളും, നിരൂപണങ്ങളും, സിനിമാലോകം വനിതാപംക്തി, ബാലപംക്തി തുടങ്ങിയവ ഉൾക്കൊള്ളുന്ന ഒരു സാഹിത്യ സമാഹാരം!

★ അനുഗൃഹീത സാഹിത്യകാരന്മാരുടെ തൂലികാചലനം ആസ്വദിച്ചാനന്ദിക്കാൻ സാഹിത്യപ്രേമികൾക്ക് 'ദേശാഭിമാനി' അവസരം നൽകുന്നു!

★ കട്ടനവധി ബ്ലാക്കുകളും, ആകർഷകമായ പുറംകവറും 'ദേശാഭിമാനി'യുടെ ആകർഷണീയതയ്ക്കു മോടികൂട്ടുന്നുമുണ്ട്!

★ സാഹിത്യപ്രേമികൾക്ക് ഒഴിച്ചുകൂടാൻ പാടില്ലാത്ത "ഗ്രന്ഥാവലി" തന്നെയാണ് 'ദേശാഭിമാനി'യെന്നും ഓരോ ലക്കവും അനുഭവപ്പെടുത്തുന്നതാണ്!

ഒറ്റപ്രതി വില നാലണ മാത്രം!

വാർഷികവരിസംഖ്യ:— തിരുവിതാംകൂർ-കൊച്ചി രൂ. 3—0—0 ഇൻഡ്യ-സിലോൺ രൂ. 3—8—0
ഇൻഡ്യയ്ക്കു പുറമേ രൂ. 4—8—0

ഏജൻസി ഇല്ലാത്ത സ്ഥലങ്ങളിൽ ഏജൻറന്മാരെ ആവശ്യമുണ്ട്.

കൂടുതൽ വിവരത്തിനും എഴുതുക:—

മാനേജർ, ദേശാഭിമാനി (മാസിക)

അശോകാപ്രസ്സ്—കൊല്ലം

C. K. P. V. Library.
Reading Room.

പത്രാധിപർ — കെ. ബാലകൃഷ്ണൻ

കമ്യൂണിസ്റ്റ് പത്രിക

പുസ്തകം 1 | 1126 തുലാം 28 തിങ്കൾ | ലക്കം 35

കമ്മറ്റി കുറിപ്പുകൾ

ടിബ്ബറ്റ്

ചൈനയിലെ പുതിയ ഗവണ്മെൻറ് ടിബ്ബറ്റിലേക്ക് സൈന്യങ്ങളെ നിയോഗിച്ചതു സംബന്ധിച്ച ഇൻഡ്യയും ചൈനയുമായി നയതന്ത്രമണ്ഡലത്തിൽ ഒരു വടംവലി ആരംഭിച്ചിരിക്കയാണ്. ഇൻഡ്യയുടെ സഹോദരപരമായ മനോഭാവത്തിൻറെ നേരെ പുതിയ ചൈനീസ് ഗവണ്മെൻറ് ധിക്കാരപരമായ ഒരു നിലയാണ് സ്വീകരിച്ചിരിക്കുന്നതെന്ന ആരോപണം ഇൻഡ്യയിൽ ചില ഭാഗങ്ങളിലും അതിൽ കൂടുതലായി അമേരിക്കയിലും ഇംഗ്ലണ്ടിലും പത്രങ്ങളിൽ പ്രചരിക്കുന്നുമുണ്ട്.

സമുദ്രനിരപ്പിൽനിന്നു വളരെയേറെ ഉയർന്നു മഞ്ഞുമൂടിക്കിടക്കുന്ന ഒരു പ്രദേശമാണ് ടിബ്ബറ്റ്. ഇൻഡ്യയുടെയും ചൈനയുടെയും അതിർത്തിപ്രദേശത്തു കിടക്കുന്ന ഇവിടത്തെ ജനങ്ങൾക്ക് പ്രത്യേകമായ ഒരു ജീവിതരീതിയും ഭരണക്രമവുമുണ്ട്. കാലാകാലങ്ങളിൽ ലോകത്തുണ്ടായിട്ടുള്ള രാഷ്ട്രീയ ചലനങ്ങളുടെ അലകൾ വേണ്ടിടത്തോളം ടിബ്ബറ്റിൽ എത്തിയിട്ടില്ല. ലോകത്തിൽനിന്നതന്നെ കേവലം ഒറ്റതിരിഞ്ഞു കിടക്കുന്നു എന്നു പറയാവുന്ന ഈ രാജ്യം ഒരു സ്വതന്ത്രപരമാധികാരരാഷ്ട്രമാണെന്നു പറയുക ചരിത്രത്തിൻറെ നേരെയുള്ള ഒരു അവഹേളനമായിരിക്കും.


"സ്വതന്ത്രപരമാധികാരം" എന്ന പദത്തിൻറെ അർത്ഥത്തിനുതന്നെ ലോകത്തിലുള്ളഭാഗത്തെയുംകാൾ ഒരു അർത്ഥമില്ലായ്മ ഇൻഡ്യയിൽ ഈ അടുത്ത കാലത്തെ സംഭവവികാസങ്ങൾ വരുത്തിവച്ചിട്ടുണ്ട്. കാമൺ വെൽത്തിനകത്തു നിൽക്കുന്ന ഒരു സ്വതന്ത്രപരമാധികാരരാഷ്ട്രപ്രതിനിധിക്കാണ് ഇൻഡ്യ. രാജ്യതന്ത്രം പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കൗതുകകരമായ ഒരു പരീക്ഷാവിഷയമായി വരാവുന്ന ഈ നിലപാട് ശരിയായി അപഗ്രഥിക്കുകയാണെങ്കിൽ പഴയ ഡൊമിനിയൻ സ്റ്റേറ്റസിൻറെ ഒരു വിശാലമായ പതിപ്പാണ് ഈ പുതിയ നിലപാടെന്നു മനസ്സിലാക്കാവുന്നതാണ്. ഡൊമിനിയൻ സ്റ്റേറ്റസ് അനുഭവിച്ചിരുന്ന രാഷ്ട്രങ്ങൾതന്നെ നിർഭയവും സ്വതന്ത്രവുമായ വിദേശനയം സ്വീകരിച്ച ചരിത്രമുണ്ട്. അതുപോലെ സ്വതന്ത്രമായ ഒരു നില (അയർലണ്ടു യുദ്ധകാലത്തു സ്വീകരിച്ച നില ഉദാഹരണമായെടുക്കാം) ഇതുവരെ റിപ്പബ്ലിക്കൻ ഇൻഡ്യ സ്വീകരിച്ചതായും പറയാവുന്നതല്ല. എന്തായാലും നാം പരമാധികാരമുള്ള ഒരു രാഷ്ട്രമാണെന്നാണ് സങ്കല്പം. ഈ പരമാധികാരം ഇൻഡ്യക്കു നൽകിയ ബില്ലുതന്നെ ഇൻഡ്യയിലെ നാട്ടുരാജ്യങ്ങൾക്കും പരമാധികാരം നൽകിയിട്ടുണ്ട്. ഈ പരമാധികാരം അടിയറ വീഴാത്തള്ള സ്വാതന്ത്ര്യമായി ഇൻഡ്യൻ ഭരണകർത്താക്കൾ പിന്നീടു വ്യാഖ്യാനിച്ചു. ഫലത്തിൽ അതു നന്നായോ ചീത്തയായോ എന്ന പ്രശ്നമല്ല ഇവിടെ സംഗതമായിട്ടുള്ളത്. ഈ പരമാധികാരം സ്ഥാപിക്കാൻ ശ്രമിച്ച ചില നാട്ടരാജ്യങ്ങളെങ്കിലുണ്ടായിരുന്നു — ആദ്യമായി ലിസ്റ്റിൽ പെടുത്തേണ്ടതു ജുനഗാഡാണ്. ജുനഗാഢ് പാകിസ്ഥാനിൽചേരാൻ "പരമാധികാരം" ഉപയോഗിച്ച തീരുമാനിച്ചതിൻറെ ഫലം നമുക്കറിയാം. ആ തീരുമാനം അവിടത്തെ ജനങ്ങളുടെ താല്പര്യത്തിനു വിരുദ്ധമായിരുന്നു എന്ന കാരണംപറഞ്ഞു ഇൻഡ്യൻസേന ജുനഗാഡിൽ പ്രവേശിച്ച് അധികാരം സ്ഥാപിച്ചു. രണ്ടാമതു വന്നതു ഹൈദരാബാദാണ്. ഹൈദരാബാദിലേക്കും ഇൻഡ്യൻ പട്ടാളം മാർച്ചുചെയ്തു. ഫലവും, നമുക്കെല്ലാം അറിയാം. ഇതിനൊക്കെ ധാർമ്മികമായ ഒരടിസ്ഥാനം മാത്രമാണ് ഇൻഡ്യ കണ്ടുപിടിക്കാനിച്ചതു. (1) ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ കാരണങ്ങളാൽ ഈ നാട്ടരാജ്യങ്ങളും ഇൻഡ്യയുടെ അവിഭാജ്യഘടകങ്ങളാണ് (2) ഇൻഡ്യയുടെ ഭദ്രതയ്ക്കു ഹാനികരമാകത്തക്കവണ്ണം വിദേശശക്തികൾ ഇൻഡ്യയിൽ താവളമടിക്കുന്നതിനെ സാഹചര്യങ്ങൾ സൃഷ്ടിക്കാൻ അനുവദിക്കുന്നതല്ല.

ഹൈദരാബാദിൽ ഇൻഡ്യൻസേന ആക്രമണം നടത്തിയെന്നു അമേരിക്കൻ പത്രങ്ങൾ പെരുമ്പറയടിച്ചപ്പോൾ അതു വെറും ഒരാഭ്യന്തര കാര്യമാണെന്നും ആക്രമണമല്ല പോലീസ് ആക്ഷനാണ് ഇൻഡ്യ സ്വീകരിച്ചതെന്നുമായിരുന്നു ഇൻഡ്യാഗവർമ്മെൻറിൻറെ മറുപടി.

ഈ പശ്ചാത്തലത്തിൽ നിഷ്പക്ഷബുദ്ധിയോടെ നമുക്കു ചൈനയുടെ "ടിബ്ബറ്റ് ആക്രമണം" ഒന്നു പരിശോധിക്കാം. പഴയ ചരിത്രങ്ങളൊന്നും ഞങ്ങൾക്കു നല്ല നിശ്ചയമില്ല. 1902-ൽ മേജർ ബ്രിട്ടീഷ്കാർ ടിബ്ബറ്റിലേക്കു ഒരു സൈന്യത്തെ നിയോഗിക്കുകയും ലഹാസാ കീഴടക്കുകയും ചെയ്തതായി ചരിത്രത്തിലുണ്ട്. കുറേക്കാലം അവർ ലഹാസായിൽ താവളമടിക്കുകയും ചെയ്തു. 1914-ൽ ഒപ്പുവച്ച ഒരു കൺവെൻഷൻ അനുസരിച്ചു ടിബ്ബറ്റും, ചൈനയും, ബ്രിട്ടണും ചേർന്നു ടിബ്ബറ്റിൻറെമേൽ ചൈനയ്ക്കുള്ള പരമാധികാരം അംഗീകരിച്ചു. ബ്രിട്ടീഷ്ഗവണ്മെൻറിൻറെ എല്ലാ ഉദ്യോഗസ്ഥരും

മുഖചിത്രം:

മഹാപണ്ഡിതൻ, ശാസ്ത്രജ്ഞൻ, ധീരദേശാഭിമാനി, ലോകോപകാരി, വിദ്യാഭ്യാസധുരന്ധരൻ എന്നീ വിവിധ നിലകളിൽ പ്രശസ്തി ആർജ്ജിച്ചിട്ടുള്ള ആചാര്യ റേയുടെ നാമധേയം ലോകചരിത്രത്തിൽ അനശ്വരമായി അവശേഷിക്കും



വർഗ്ഗീയ സമ്രാട്ട് സിന്ദാബാദ്

വർഗ്ഗീയവിഷസർപ്പങ്ങൾ

ഈ കാൺഗ്രസ്സുകാരുടെ തലയിൽ കമിഴ്ത്തി വച്ചിരിക്കുന്ന ഖദർതൊപ്പികൾക്കുള്ളിലൊക്കെ വർഗ്ഗീയവിഷസർപ്പങ്ങൾ ചുരുണ്ടുകൂടിയിരിപ്പുണ്ടെന്നും കാൺഗ്രസ്സ് പാർലമെൻറിറി പാർട്ടിയുടെ ഇന്നത്തെ ചീഫ്‌വിപ്പും മുസ്ലീംലീഗ് കക്ഷിയുടെ അന്നത്തെ മുഖ്യനുമായ സഫിബ് ബഹദൂർ അബ്ദുൽസത്താർഖാൻ നിയമസഭയിൽവച്ചു പ്രഖ്യാപിച്ചപ്പോൾ വലിയൊരു കോളിളക്കമുണ്ടായി. പട്ടം താണുപിള്ള, കെ. പി. നീലകണ്ഠപ്പിള്ള, പൊന്നറ ശ്രീധർ, ശങ്കുണ്ണിപ്പിള്ള, ഗംഗാധരൻനായർ, കുളത്തിൽ വേലായുധൻനായർ എന്നിങ്ങനെയുള്ള യക്ഷ, കിന്നര, കിംപുരുഷ, വേതാളവൃന്ദങ്ങളെല്ലാം ജടവിതിർത്താടുകയും, ആരാവാരങ്ങളോടെ നൃത്തം ചവിട്ടുകയും ഒക്കെ ചെയ്തെങ്കിലും സാക്ഷാൽ മന്നത്തു പദ്മനാഭൻമാത്രം ഗംഗാതന്നിലെ ഹൃദംപോലെ അക്ഷോഭ്യനായി ഇരുന്നതേയുള്ളൂ.

പെരുന്നയിലെ രഹസ്യയോഗം

അന്നുരാത്രി പെരുന്ന എൻ. എസ്. എസ്. ഹെഡ് ആഫീസിൽവച്ചു അതുന്നതം രഹസ്യമായ ഒരു ഇൻക്യാമറാ സെഷൻ നടന്നു. ആകെക്കൂടി പതിനഞ്ചു കസേരകളിട്ടിരുന്നതിൽ രണ്ടെണ്ണം ഒഴിഞ്ഞുകിടന്നിരുന്നു. എന്നാൽ ആ കസേരകളുമായി ശ്രീ. മന്നം കൂടക്കൂടെ അഭിപ്രായവിനിമയം ചെയ്യുന്നതു കാണാമായിരുന്നു. അതിൽ ഉയരംകൂടിയ കസേരയിൽ കെ. ജി. പരമേശ്വരൻപിള്ളയും മറേറതിൽ കയ്യാലയ്ക്കലും അദൃശ്യരൂപത്തിൽ അന്നവിടെ സന്നിഹിതരായിരുന്നുവെന്നും, അവരുടെ ബുദ്ധിപൂർവകമായ ഉപദേശം സഭ ഏകകണ്ഠമായി സ്വീകരിച്ചുവെന്നുമാണ് മന്നത്തിനോട് ഏറ്റവും അടുത്ത സമ്പർക്കം പുലർത്തുന്ന ഒരു കേന്ദ്രത്തിൽനിന്നും അറിയുന്നതു്.

രഹസ്യസക്കുലർ

യോഗതീരുമാനങ്ങൾ ക്രോഡീകരിച്ചുകൊണ്ടു മന്നത്തിൻെറ ഹോംമിനിസ്ട്രിയിൽനിന്നും പുറപ്പെടുവിച്ച ഒരു രഹസ്യസക്കുലറിൽ ഇങ്ങിനെ പറയുന്നു:—

കേരളത്തിൻെറ അധിനായകന്മാർ നാഗന്മാരെന്നു പഴയ ഗ്രന്ഥവരികളിലും പുരാണങ്ങളിലും പ്രകീർത്തിച്ചുകാണുന്നതു നായന്മാരെയാണ്. നാഗന്മാർ എന്ന സംജ്ഞയുടെ തത്ഭവമാണ് 'നായന്മാർ' എന്ന പദം. നാഗമയ്യായുടെ തിരുവിതാംകൂർ സ്റ്റേറ്റ് മാന്വലിലും, പദ്മനാഭമേനോൻെറ കൊച്ചീരാജ്യചരിത്രത്തിലും, മലബാർ മാന്വലിലും ഇതു വ്യക്തമാക്കിയിട്ടുണ്ട്. കേരളത്തിൻെറ ചരിത്രം നായരുടെ ചരിത്രമാണ്. ഇഴവരാണ് ഇന്നിവിടത്തെ ഏറ്റവും കൂടുതൽ സംഖ്യാബലമുള്ള സമുദായമായിത്തീർന്നിരിക്കുന്നതു്. സംഖ്യാബലകൊണ്ടും പ്രായപൂർത്തിവോട്ടവകാശംകൊണ്ടും അവർ കേരളത്തിൻെറ അധിനായകന്മാരായിത്തീർന്നേയ്ക്കുമെന്നുള്ള സാദ്ധ്യതകളുണ്ട്. അതിനാൽ മാറിവന്നിരിക്കുന്ന ഈ പരിതഃസ്ഥിതിയെ നേരിടാനായി നാം പുതിയ ചില അടവുകൾ പ്രയോഗിക്കേണ്ടിവന്നിരിക്കുന്നു. കുസ്യാനികളെ നാം ഭയപ്പെടേണ്ട കാര്യമില്ല. അവരുടെ രാഷ്ട്രീയം പള്ളിക്കൂടത്തിൻെറയും ശവക്കോട്ടയുടെയും മതിലുകൾക്കപ്പുറം വ്യാപിക്കുകയില്ല. സക്കാരുദ്യോഗത്തിൽ അവർക്കു ഭൂമുള്ളൂ. എസ്റ്റേറ്റും, ബാങ്കും, പുഞ്ചക്കൃഷിയും, മലവാരവുമായി അവർ കഴിഞ്ഞുകൊള്ളും. എന്നാൽ ഇഴവരുടെ ലക്ഷ്യം സക്കാരുദ്യോഗവും രാഷ്ട്രീയമായ ആധിപത്യവുമാണ്. അതിനാൽ നായരുടെ യഥാർത്ഥ ശത്രു ഇഴവനാണെന്നുള്ള കാര്യം നാം ഒരിക്കലും വിസ്മരിച്ചുപോകരുതു് ഇക്കൊല്ലത്തിൽ ശരിയായ ഒരു പദ്ധതി ആസൂത്രണം ചെയ്തു കഴിഞ്ഞിരിക്കുന്നു.

പാർസ്യപ്രസ്താവന

എൻ. എസ്. എസ് ഹെഡ്കാർട്ടേഴ്

കളം പാലിക്കാൻ തയ്യാറായിരുന്ന ഇൻഡ്യാഗവൺമെൻറ് ഈ ഉടമ്പടിയും ശരിവച്ചു. ടിബറിൻെറ മേൽ ചൈനക്കുള്ള പരമാധികാരം പണ്ഡിതനെഹ്റുതന്നെ പലതവണ പരസ്യമായി അംഗീകരിച്ചിട്ടുള്ളതുമാണ്. ചൈനയിലെ യഥാർത്ഥ അധികാരികൾ ഇപ്പോഴത്തെ കമ്യൂണിസ്റ്റ്ഗവൺമെൻറാണെന്ന ഉറച്ച നില ഇൻഡ്യ സ്വീകരിച്ചിട്ടുമുണ്ട്.

ഇതിരുന്നും ശരിയായിരിക്കെ 'ടിബറ്റ്' ചൈനയുടെ ഒരു ആഭ്യന്തരകാര്യമാണെന്നു ചൈനീസ്ഗവൺമെൻറ് പറയുന്നതിൽ "ധിക്കാര"മൊന്നും തന്നെ നിഷ്പക്ഷബുദ്ധിയുള്ളവർക്കു കണ്ടുപിടിക്കാൻ സാധ്യമല്ല. ടിബറ്റ് ഇന്നത്തെ സാർവദേശീയ നിലപാടിൽ നയതന്ത്രപ്രാധാന്യമുള്ള ഒരു കേന്ദ്രമായി രൂപഭേദപ്പെട്ടുകൊണ്ടിരിക്കയാണ്. കാശ്മീർകാര്യത്തിൽ ആംഗ്ലോ-അമേരിക്കൻ ശക്തികൾ കൈക്കൊണ്ടിരിക്കുന്ന ഭിന്നിപ്പിക്കൽ നയം ഇൻഡ്യൻ ഭൂമിയിൽ ഒരു താവളത്തിനു വേണ്ടിയുള്ള അവരുടെ അഭിനിവേശം വ്യക്തമാക്കുന്നുമുണ്ട്. കൂടുതൽ കുഴപ്പങ്ങൾ ഉണ്ടാക്കി പരിഹാരം തേടുകയേക്കാൾ കുഴപ്പങ്ങളെ നാകുംമുൻപു മുൻകൂട്ടൽ നടപടിയെടുക്കുകയാണ് നല്ലതെന്നു ചൈന കരുതി. ഹൈദരാബാദിൽ ഇൻഡ്യൻ പട്ടാളം "പോലീസ് ആക്ഷൻ" നടത്തിയപോലെ ടിബറ്റിൽ ചൈനയും ഒരു പോലീസ് ആക്ഷൻ നടത്തുന്നുമാത്രം. ടൈംസ് ഓഫ് ഇൻഡ്യയിൽ ഈ "ആക്രമണത്തെ"പ്പറ്റി പ്രസിദ്ധീകരിച്ചിരുന്ന വാർത്തയിൽ ചൈനീസ് പട്ടാളം ഈ സമരത്തിൽ പ്രധാനമായി പങ്കെടുക്കുന്നില്ലെന്നും ടിബറിൽനിന്നുതന്നെ റിക്രൂട്ടുചെയ്ത പട്ടാളമാണ് പ്രധാനമായി ഉപയോഗിക്കുന്നതെന്നും ചൂണ്ടിക്കാണിക്കുന്നു. അതായതു് പോലീസ് ആക്ഷനും യുദ്ധവുംപോലുമല്ല ഏതാണ്ട് ഒരാഭ്യന്തരകലഹമാണ് ടിബറിൽ നടക്കുന്നതെന്നും കരുതുന്നതിൽ തെറ്റില്ല.

ഇൻഡ്യയും ചൈനയുമായുള്ള സൗഹാർദ്ദബന്ധത്തിൽ കണ്ണുകടിയുള്ള ലോകരാഷ്ട്രങ്ങളുണ്ട്. അവരുടെ ഏജൻറന്മാർ ഇന്നാട്ടിലും വേണ്ടുവോളമുണ്ട്. അവരുടെ നിയന്ത്രണത്തിൽ പത്രങ്ങളുമുണ്ട്. ടിബറൻകാരുത്തിൽ ചൈനാ ഇൻഡ്യാഗവൺമെൻറിനോടെന്ന 'ധിക്കാര'മുണ്ടാകാണിച്ചതെന്ന അനുസ്യൂതമായ പ്രചരണംകൊണ്ടു വരുതിക്കുട്ടി അമേരിക്കൻ ചേരിയിലേക്കുള്ള ഇൻഡ്യയുടെ പോയ്വ് പൂർണ്ണമാക്കണമെന്നു ആഗ്രഹിക്കുന്ന വിഭാഗം ലോകത്തിലുണ്ടെന്നു കാലപ്പഴക്കം മാത്രമാണ് "ടിബറൻ പ്രശ്നം".

———

★ കഥകം ★
ഒന്നാംതരം കഥാമാസിക
പത്രാധിപർ
സുപ്രസിദ്ധ ചെറുകഥാകൃത്തായ
തകഴി
ക്രൌൺ $\frac{1}{8}$ സൈസിൽ 80 പേജ്
ഒറ്റപ്രതി വില 3 ണ. മാത്രം. 25 ശതമാനം കമ്മീഷൻ
ഏജൻറന്മാരെ ആവശ്യമുണ്ട്
കൂടുതൽ വിവരങ്ങൾക്ക് എഴുതുക:—
സ്കോളർ പ്രസ്സ്, എറണാകുളം.

സിൽനിന്നും അന്നത്തന്നെ പുറപ്പെടുവിച്ച ഒരു പത്രപ്രസ്താവനയിൽ ഇങ്ങിനെ പറയുന്നു: —

ഉത്തരവാദഭരണസ്ഥാപനത്തോടുകൂടി തിരുവിതാംകൂറിലെ ദേശീയബോധം ഉച്ചകോടിയിൽ എത്തിയതിനുപകരം ഇന്നു ഇവിടെ കാണുന്ന വർഗ്ഗീയതയും സംകുചിതമനോഭാവവും രാജ്യസ്നേഹികളെ തികച്ചും ഇല്ലാതാക്കിയിരിക്കുകയാണ്. സ്റ്റേറ്റ് കോൺഗ്രസ്സിൻെറ അണികളിൽ ഇവിടത്തെ ഭിന്നസമുദായങ്ങളും കണ്ണിചേർന്നപ്പോൾ, അതോടുകൂടി ഇവിടെ യഥാർത്ഥമായ ദേശീയത ഉണ്ടായി എന്നു നാം കരുതിയതുകൊണ്ടു വെറും വ്യാമോഹമായി പരിണമിച്ചിരിക്കുന്ന വാസ്തവത്തിൽ ഇന്നിവിടെ പരിണമിച്ചിരിക്കുന്നതു് ഒരു കൃസ്തീയാധിപത്യശ്രമമാണ്. ജനസംഖ്യയിൽ വെറും ന്യൂനപക്ഷമായ കൃസ്ത്യാനികൾ— വിശേഷിച്ചും കത്തോലിക്കർ—ഭൂരിപക്ഷക്കാരായ ഹിന്ദുക്കളെ അടിച്ചമർത്താനുള്ള ഒരു നിഗൂഢശ്രമമാണിന്നു നടക്കുന്നതു്. ഇതിനെ സുശക്തമായി നേരിടണമെങ്കിൽ— ഹിന്ദുക്കൾക്കിവിടെ മാനമായി ജീവിക്കണമെങ്കിൽ— ഭിന്നസമുദായങ്ങളായി കഴിയുന്ന ഹിന്ദുക്കളെല്ലാം ഒരു കൊടിക്കീഴിൽ സംഘടിക്കേണ്ടിയിരിക്കുന്നു. അക്കാര്യത്തിൽ ഇവിടത്തെ ഹിന്ദുക്കൾക്കു നേതൃത്വം കൊടുക്കേണ്ടതു് സംഘടനാശക്തിയിൽ ഏറ്റവും മുന്നണിയിൽ നിൽക്കുന്ന എസ്. എൻ. ഡി. പി. യോഗവും എൻ എസ്. എസുമാണ്. ഡെമോക്രസിയെന്നാൽ ഭൂരിപക്ഷഭരണമെന്നാണല്ലോ അർത്ഥം. അതിനാൽ ആ തത്വമനുസരിച്ച് ഇവിടെ ഭരണം നടത്തേണ്ടതു ഹിന്ദുക്കളാകുന്നു. കൃസ്ത്യാനികളെ നശിപ്പിക്കണമെന്നു നാം ആഗ്രഹിക്കുന്നില്ല. അവർക്ക് ഇവിടെ ന്യായമായ സകല പുരോഗതികാശങ്ങളും ഉണ്ടായിരിക്കുന്നതാണ്.

ചങ്ങനാശേരി കോൺഫറൻസ്

വിവിധ ഹൈന്ദവ സംഘടനകളുടെ ക്ഷണിക്കപ്പെട്ട പ്രതിനിധികളുടെ ഒരു യോഗം പെരുന്നയിലുള്ള എൻ എസ്. എസ്. ഹെഡ് ആഫീസിൽവച്ചു കൂടി. എസ്. എൻ. ഡി. പി. യോഗമാണ് ഹൈന്ദവസമുദായങ്ങൾക്കു നേതൃത്വം നൽകേണ്ടതെന്നും, അതിനാൽ എസ്. എൻ. ഡി. പി യുടെ നേതാവായ ആർ ശങ്കരുടെ വീഗ്രഹമായ നേതൃത്വത്തിൽ എല്ലാ ഹിന്ദുസമുദായങ്ങളെയും ഉൾപ്പെടുത്തി ഒരു ഹിന്ദുമഹാമണ്ഡലം രൂപീകരിക്കണമെന്നും ശ്രീ. മന്നത്തു പത്മനാഭൻ ആ യോഗത്തിൽവച്ച ആവേശഭരിതനായി പ്രസംഗിച്ച അങ്ങിനെ ഹിന്ദുമഹാമണ്ഡലം ഉടലെടുക്കുകയും ആർ. ശങ്കർ അതിൻെറ പ്രസിഡണ്ടായി അവരോധിതനാകയും ചെയ്തു.

ഹിന്ദുമഹാമണ്ഡലത്തിൻെറ ഉൽഘാടനം

സകല ഹിന്ദുസമുദായസംഘടനകളും ഒന്നായിച്ചേർന്നുകൊണ്ടുള്ള ഹിന്ദുമഹാമണ്ഡലം കൊല്ലത്തുവച്ചു ഉൽഘാടനംചെയ്തതോടുകൂടി തിരുവിതാംകൂറിലെരാഷ്ട്രീയശക്തി ഹിന്ദുക്കളുടെ കയ്യിലായി. എസ്. എൻ. ഡി. പി, എൻ. എസ്. എസ് മുതലായ ഹൈന്ദവവിഭാഗീയസംഘടനകളെല്ലാം ഹിന്ദുമഹാമണ്ഡലത്തിൽ ലയിപ്പിക്കുന്നതായുള്ള ലയനപ്രമേയം വലിയ ഹർഷാരവങ്ങളോടെ എതിരില്ലാതെ പാസായി. മൂപ്പുമായ്ക്കൂടി മന്നത്തു പത്മനാഭനെ മണ്ഡലത്തിൻെറ പ്രസിഡണ്ടായും, ആർ. ശങ്കറെ സ്ക്രട്ടറിയായും തെരഞ്ഞെടുത്തു. എസ് എൻ ഡി. പി. യോഗം പിരിച്ചുവിടാനായി ഒരു കമ്മിറ്റിയെയും നിയമിച്ചു. ഒരു ജാതിക്കുവേണ്ടി നടത്തിയിരുന്ന എസ്. എൻ. ഡി. പി. യെ പിരിച്ചുവിടേണ്ടതിൻെറ ആവശ്യകതയെപ്പറ്റി ശങ്കർ പ്രസംഗിച്ച നടന്ന പക്ഷേ എൻ. എസ്. എസ്. സംഘടന പിരിച്ചുവിട്ടന്നതു അതു എളുപ്പമല്ലെന്നും, അതു കേവലം അപ്രായോഗികമാണെന്നും, ലയനപ്രമേയം ഒരു ദീർഘകാലപദ്ധതി മാത്രമാണെന്നും, എൻ. എസ്. എസ്. ഡയറക്ടേഴ്സ് ബോർഡിനു തോന്നുകയാൽ, അവർ ലയനപ്രമേയം അനിശ്ചിതകാലത്തേയ്ക്കു മാറ്റിവയ്ക്കുകയും, ആ ദീർഘകാലപദ്ധതിയുടെ പ്രാരംഭമായി കൊച്ചിയിലെയും തിരുവിതാംകൂറിലെയും എൻ എസ്. എസ്. സംഘടനകളെ സംയോജിപ്പിച്ചു കാറഘടകമാക്കുകയും ചെയ്തു

കോടാലിക്കൈകൊം തലയുയർത്തുന്നു

തുടക്കം നേതാക്കന്മാരായിരുന്ന് എസ്. എൻ. ഡി. പി. യോഗത്തെ നയിച്ച കാലത്തു് യോഗം പ്രാദേശാഖകളിൽ ഈശ്വരപ്രാർത്ഥനയും സാഹിത്യപ്രസംഗവുമായി പാട്ടുംപാടി നടന്ന ആർ. ശങ്കർ എസ്. എൻ. ഡി. പി യോഗത്തിൻെറ മാത്രമല്ല, ഹിന്ദുക്കളുടെ മുഴുവൻ ആരാധ്യപുരുഷനും, അനിഷേധ്യനേതാവുമായിത്തീർന്നതിൽ അസൂയപൂണ്ട അയ്യപ്പനും സി. കേശവനും ശങ്കറിനെതിരായ ഗൂഢാലോചനകൾക്കു ആരംഭിച്ചു. അവസരം പാർത്തു കഴിയുന്ന പഴയ പ്രസ്താവനക്കാർ വീണ്ടും പത്രങ്ങളിൽ പ്രത്യക്ഷപ്പെട്ടു. കൊല്ലത്തു പീരങ്കിമൈതാനത്തുവച്ച് എൻ എസ്. എസ്. പൊതുയോഗത്തോടനുബന്ധിച്ചു ആഗമാനന്ദസ്വാമികളുടെ അദ്ധ്യക്ഷതയിൽ കൂടിയ ഹൈന്ദവമഹായോഗത്തിൽ പ്രധാനപ്രസംഗിക്കാൻ പെന്നു തഴവാ കേശവനെ ക്ഷണിച്ചുവിളിച്ചും ജാതിപ്പേരു പൊല്ലി ചീത്ത വിളിച്ചും ആട്ടിയോടിക്കാൻ കൂട്ടുനിന്ന കുഞ്ഞുപണിക്കരും, സി കേശവനെ കോഴഞ്ചേരി പ്രസംഗത്തിനായി അറസ്റ്റുചെയ്തതിനെ പ്രതിഷേധിച്ചതു് തെറ്റായിപ്പോയി എന്നു പ്രസ്താവന ഇറക്കിയ പി കെ. ഓമോദരനും, അങ്ങിനെ വിവിധ പക്ഷിമൃഗാദികളെല്ലാം വീണ്ടും രംഗത്തിറങ്ങി.

പുട്ട മറപടി നൽകുന്നു

ഹിന്ദുമഹാമണ്ഡലത്തിനും ശങ്കറിനും എതിരായി അയ്യപ്പൻെറയും കേശവൻെറയും നേതൃത്വത്തിൽ ഇങ്ങിനെയൊരു ഗൂഢാലോചന ഉണ്ടായതോടെ ശങ്കറിൻെറ യഥാർത്ഥ ബന്ധുക്കൾ ഉശിരോടെ രംഗത്തു ചാടി വീണു ഉദ്ദേശം മുപ്പതുകൊല്ലത്തിനുമുമ്പ് പ്രക്ഷുബ്ധത്തുവച്ചു കൂടിയ എസ്. എൻ ഡി പി യോഗത്തിൽ നായരീഴവസഹോദരത്തപ്പറ്റി മന്നത്തു പത്മനാഭൻ ചെയ്ത ആവേശഭരിതവും, ആത്മാർത്ഥതാനിർഭരവുമായ പ്രസംഗത്തെ അവിടെവച്ചുതന്നെ എതിർത്തു തോൽപ്പിച്ച അയ്യപ്പൻെറ ജാതിക്കുമ്പിൻെറ ആഴം ശരിയായി വണ്ണിച്ചുകൊണ്ടും ആ പഴയ തൊഴിൽതന്നെ ഇന്നും അവാർത്തുടരുന്നതിൻെറ കഥ വിവരിച്ചുകൊണ്ടും മലയാളി ഒരു മുഖപ്രസംഗം എഴുതി. ശ

—കാണുക അടുത്തപുറം—

പത്രാധിപരോട് സംസാരിക്കുക



[ഈ പംക്തിയിൽ പത്രാധിപർ വായനക്കാരുമായി സംസാരിക്കാൻ ശ്രമിക്കുന്നു. നിങ്ങൾക്കു ഇഷ്ടമുള്ള കാര്യം പോസ്റ്റുകാർഡിൽ പത്രാധിപക്കു എഴുതുക. കവറിനു മുകളിൽ "പോരും" എന്നു കാണിച്ചിരിക്കണം. നന്നായിരുന്നാൽ നിങ്ങളുടെ പോരുത്തിനു അഞ്ചുരൂപാ സമ്മാനം ലഭിക്കും. പത്രാധിപർ]

കെ. ജനാർദ്ദനൻനായർ, തിരുവനന്തപുരം.

പണ്ഡിറ്റ് നെഹ്റുവിന്റെ ഇന്നത്തെ ഭരണത്തെക്കാൾ അദ്ദേഹത്തിന്റെ ഏകാധിപത്യ ഭരണം നന്നായിരിക്കുമായിരുന്നു എന്ന അഭിപ്രായത്തെപ്പറ്റി എന്തു പറയുന്നു?

ഇന്നത്തെ ഭരണകൂടത്തിന്റെ ഏകാധിപതിയാണെങ്കിൽ അതു ഫാസിസമായിരിക്കും. ഒരു സോഷ്യലിസ്റ്റ് വിപ്ലവശേഷം രൂപമെടുക്കുന്ന സോഷ്യലിസ്റ്റ് ഡിക്ടേറ്റർഷിപ്പാണെങ്കിൽ ഇന്നത്തെ ജനാധിപത്യത്തെക്കാൾ മെച്ചമായിരിക്കും. പണ്ഡിതനെഹ്റു രാഷ്ട്രനായകനെ ആ വഴിക്കു നയിക്കുമോ എന്നു ഇതുവരെ തെളിയിച്ചിട്ടില്ല.

എം. എ നസ്സർ, മുത്തുകുന്നം.

ഇവിടത്തെ രാഷ്ട്രീയനേതാക്കളെയെല്ലാം കൂട്ടിച്ചേർത്തു ഒരു ചിത്രം (സിനിമ) നിർമ്മിക്കുവാൻ ഞാനുദ്ദേശിക്കുന്നു. താങ്കളെ ഡയറക്ട് ചെയ്യുവാൻ നിയമിക്കുന്നു എന്നിരിക്കട്ടെ. ടി. എം. വറുഗീസിനും ടി. കെ. നാരായണപിള്ളക്കും എന്തു പാർട്ടുകൾ താങ്കൾ നൽകും?

ഞാൻ ഒരു വലിയ സിംബാളിക് കഥയെഴുതും. ടി. എം., നു ഒരു മലമ്പാമ്പിന്റെയും ടി. കെ ക്കു ഒരു പച്ചമാക്കിറിയുടെയും പാർട്ടുകൾ കൊടുക്കും.

കെ. എൻ. തിമൊത്തി, തൃശ്ശൂർ.

ഇന്നത്തെ കാൺഗ്രസ് ഗവർമ്മെന്റിന്റെ കീഴിൽ ഒരു പട്ടിക്കോ അതോ പന്നിക്കോ അല്ലാതെ ക്ലൂട്ടർ പന്നിസ്വാതന്ത്ര്യം.

ശരിയാണെന്നു തോന്നുന്നു. ഇപ്പോൾ പന്നിമാരായി നടക്കുന്നതു ക്ലൂട്ടറും പട്ടികളാണു്.

പി. കെ. ലീലാദേവി, കോട്ടയം

ഒരു വ്യവസ്ഥിതി എത്രതന്നെ നന്നായിരുന്നാലും അതു കൈകാര്യംചെയ്യുന്ന ജനത ദുഷിച്ചതാണെങ്കിൽ രക്ഷയുണ്ടോ?

വ്യവസ്ഥിതി നന്നായാൽ അതു കൈകാര്യംചെയ്യുന്ന ജനത വളരെ വേഗം നന്നായിക്കൊള്ളും.

ങ്കറിന്റെ ദേശാഭിമാനത്തെപ്പറ്റി ദേശബന്ധു വാഴ്ത്തി സ്തുതിച്ചു. പടിഞ്ഞാറെക്കൊല്ലം എൻ എസ്. എസ്. കരയോഗത്തിൽവച്ചു ശ്രീ. മന്നത്തു പത്മനാഭൻ അയ്യപ്പന്റെ പൂരാവൃത്തം വണ്ണിച്ച അയാളെ ചിറകൊടിച്ചു വിട്ടു. അങ്ങിനെ ശങ്കറിനെതിരായിട്ടുണ്ടായ സകല ഗൂഢാലോചനകളും തകർന്നതോടുകൂടി ഹിന്ദുമഹാമണ്ഡലം പൂട്ടപഴുപ്പിച്ച തങ്കക്കട്ടിപോലെ പൂർവ്വൽപ്രകാശം വർഷിച്ചുകൊണ്ടു വീണ്ടും ഉയർന്നുപൊങ്ങി.

മണ്ഡലായിചതി വിജയിപ്പൂതാക!

ഇതുൻ ഭരണംലഭനയനസരിച്ചുള്ള ഒന്നാമത്തെ പൊതുതെരഞ്ഞെടുപ്പ് തിരു-കൊച്ചിയിലും വലിയ വാശിയോടെ നടന്നു. ഹിന്ദുമഹാമണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ തിരു-കൊച്ചിയിലെ 120 സ്ഥാനത്തേക്കു സ്ഥാനാർത്ഥികളെ നിർത്തി. തെരഞ്ഞെടുപ്പിന്റെ ഫലം പ്രഖ്യാപിതായപ്പോൾ കാൺഗ്രസ്സിന്റെ ഒപ്പടിപോലും അവശേഷിച്ചില്ല. 120-ൽ 90 സ്ഥാനവും ഹിന്ദുമഹാമണ്ഡലത്തിനു ലഭിച്ചു. ബാക്കിയുള്ള 30 സീറ്റ് മുസ്ലീം ലീഗിനും കത്തോലിക്കാകാൺഗ്രസ്സിനുമാണു ലഭിച്ചതു്. വാസ്തവത്തിൽ ആ വമ്പൻ മണ്ഡലത്തിന്റെ സ്ഥാനാർത്ഥികളായിരുന്നു അങ്ങിനെ 100 ശതമാനവും വിജയം പിടിച്ചെടുത്ത ഹിന്ദുമഹാമണ്ഡലം ഭരണം ഏറ്റെടുത്തു.

ശുദ്ധീകരണപ്രസ്ഥാനം

ഹിന്ദുമഹാമണ്ഡലത്തിന്റെ ഏകച്ഛത്രാധിപതിയായി മഹാമഹിമശ്രീ. മന്നത്തു പത്മനാഭൻ രാഷ്ട്രഭരണം ആരംഭിച്ച സുദിനം യഥാവിധി ആഘോഷിക്കുവാനായി തിരുവഴുന്നുവിളംബരമുണ്ടായി. അന്നത്തെ പടങ്ങിൽ സുപ്രധാനമായതു് കരിങ്കാലികളെ കഴുകിലേറ്റുക എന്നതായിരുന്നു. കരിങ്കാലികളുടെ ദീർഘമായ ഒരു ലിസ്റ്റും തയാറാക്കിക്കഴിഞ്ഞിരുന്നു. അതനുസരിച്ചു് അയ്യപ്പനെയും സി. കേശവനെയും കോൽവിലങ്ങുവച്ച പൂഞ്ഞാർരാജാവിനെയും കൊലപ്പുള്ളികളും കഴുമരത്തിന്റെ ചുവട്ടിൽ എത്തിയപ്പോൾ ആരാച്ചാരായി അവിടെ നിൽക്കുന്ന ശങ്കറിനെ കണ്ടു അയ്യപ്പനും കേശവനും ഞെട്ടിവിറച്ചുപോയി.

വഞ്ചിയൻ സുകുമാരൻ സിന്ദാബാദ്

കരിങ്കാലികളെ കഴുവേറ്റിയപ്പോൾ രാജ്യമാസകലം ശ്രീ. മന്നത്തു പത്മനാഭന്റെ കീർത്തനംകൊണ്ടു മുഖരിതമായി. വഞ്ചിയൻസുകുമാരൻ സിന്ദാബാദ് എന്ന പള്ളിപ്പടം കടുകിടപോലും ആരും വിളിച്ചു. എല്ലാ ഹിന്ദുവേദനക്കാരും നിലവിളിക്കുകത്തിച്ചുവച്ചുകൊണ്ടു മങ്കമാർ ഇങ്ങിനെ പാടി:—

"മന്നത്തു തമ്പുരാൻ
യാഴംകാലം
ഹിന്ദുക്കളെല്ലാരും—
മൊന്നുപോലെ
ജാതിയും ജാതിയും രണ്ടുമില്ല
ഉദ്യോഗംചൊല്ലി പഴക്കമില്ല"

കൗമുദി ആഴ്ചപ്പതിപ്പ്

എസ്. കെ. രഗ്മിണി, ശ്രീനാരായണകോളേജ്

വിദ്യാർത്ഥിനികളുടെ പിറകെ പല്ലിളിച്ചു നടക്കുന്ന വിദ്യാൻ വിദ്യാർത്ഥികളെപ്പറ്റി നിങ്ങളുടെ വ്യക്തിപരമായ അഭിപ്രായമെന്താണ്?

ആ വിദ്വാന്മാരെ തിരിഞ്ഞുനോക്കി പല്ലിളിക്കുന്ന വിദ്യാർത്ഥിനികളെപ്പറ്റി രഗ്മിണിക്കുണ്ടാകുന്ന അഭിപ്രായംതന്നെ.

കെ. പ്രഭാകരൻനായർ, ആറ്റിങ്ങൽ.

കഴിഞ്ഞലക്കം കൗമുദിയിൽ സമാധാനത്തിനുള്ള ഒരു മാർഗ്ഗം മി. ശ്രീനി നിർദ്ദേശിച്ചിരിക്കുന്നതായി കാണുകയുണ്ടായി വാഷിംഗ്ടണും ന്യൂയാക്കും ബാംബുചെയ്യുക. ഇതുടനെതന്നെ താങ്കൾ സമാധാനസ്ഥാപനത്തിനായി കൊതി പൂണ്ടിരിക്കുന്ന സ.സ്റ്റാലിനും മവോയ്ക്കും അയച്ചുകൊടുക്കുമോ?

ശ്രീനിയുടെ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നില്ല. ന്യൂയാക്കിലെയും വാഷിംഗ്ടണിലേയും യുദ്ധക്കൊതിയന്മാർ രക്ഷപ്പെടുകയും പണിയെടുക്കുന്നവർ തുലഞ്ഞൊടുങ്ങുകയും ചെയ്യുകയായിരിക്കും "ശ്രീനിപദ്ധതി"യുടെ ഫലം.

കെ ചെല്ലപ്പൻനായർ, എം. ജി കോളേജ്.

കുഞ്ഞുരാമൻ, കേശവൻ, കാത്തികേയൻ, ദാമോദരൻ, ബാലകൃഷ്ണൻ, ഇന്ദിര, ഉഷ, ഇവ നിരീശ്വരമതത്തിലെ പേരുകളാണോ? അല്ലെങ്കിൽ പ്രസ്തുത വാദംകൊണ്ടു മുതലെടുക്കുകയല്ലേ നിങ്ങളുടെ ഉദ്ദേശ്യം?

നിരീശ്വരമതം പേരിലാണെ കാണിക്കേണ്ടതെന്നു ഇപ്പോഴാണറിയുക! എന്റെ ഇളയസഹോദരി 'ഉഷ'യല്ല "ദ ഉഷ" യാണെ. അപ്പൂ ഏതു മതത്തിലെ പേരാണ്?

പി. കെ. കുര്യൻ, ആലുവാ.

ഫാക്ടറി പണിമുടക്കിൽ നിങ്ങളും എന്താണ് സജീവമായി സഹകരിക്കാതിരുന്നത്?

പണിമുടക്കുകാരുടെ ഒരു ജാഥ തിരുവനന്തപുരത്തു വരുന്നു ണ്ടെന്നറിഞ്ഞു അവർക്കു ഗംഭീരമായ ഒരു സ്വീകരണം നൽകാൻ ഞങ്ങളും തീരുമാനിക്കുകയും വിവരം അവരെ അറിയിക്കുകയും ചെയ്തു. ഇവിടെ വന്നശേഷം സമരത്തിന്റെ സ്വഭാവം തന്നെ മാറാൻ ചില പരിപാടികളും ഞങ്ങളും എഴുതി അയക്കുകയും ചെയ്തു മറുപടി ഒന്നും വന്നില്ല അവിടംവരെ പോകാൻ നിവൃത്തിയില്ലാത്തവിധം ഞാൻ കിടപ്പിലായിപ്പോയി.

ആർ. പി. നായർ, ഹരിപ്പാട്.

"സമാധി" "ഷഹീദ്" ഇതിൽ ഏതു ചിത്രമാണ് കൂടുതൽമെച്ചം?

ഷഹീദ്.

സുകുമാരൻ, എറണാകുളം.

16. 10. 50. ലെ കൗമുദിയിൽ 30. 10. 50 —ൽ അയച്ചതായ (?) ഡെന്മാർക്കിൽ നിന്നുള്ള കത്തു എങ്ങനെ പ്രസിദ്ധീകരിക്കാൻ സാധിച്ചു?

30 9 50 —എന്നുള്ളതു 30. 10. 50. എന്നായിപ്പോയതാണ് "സെപ്റ്റംബർ" എന്നെഴുതിയിരുന്നതു തിരുത്തിയപ്പോൾ 9 എന്നതിനുപകരം 10 എന്നായിപ്പോയി. ക്ഷമിക്കുക ബാബു ഇപ്പോൾ ഡെന്മാർക്കിൽ ചുറ്റിസഞ്ചരിക്കയാണ് അടുത്തതന്നെ വിണ്ടുംകേൾക്കാം.

പി കെ. കുട്ടൻ, ചേർത്തല

നിങ്ങളുടെ ആർ. എസ്. പി. ഈ അടുത്തകാലത്തു തൊഴിലാളികൾക്കുവേണ്ടി എന്തു ചെയ്തിട്ടുണ്ട്?

1 13 പുതിയ ട്രേഡ് യൂണിയനുകളുണ്ടാക്കി.

2 എല്ലാ യൂണിയനുകളുടെയും ആഭ്യന്തരത്തിൽ സംഘടിതമായി പ്രവർത്തിച്ചു ബോണസ്സുവാങ്ങി.

3. ചില ഫാക്ടറികളിൽ കുലിക്കുടിശ്ശികയോടെ പുതിയ ശമ്പളവ്യവസ്ഥകൾ നടപ്പിലാക്കിപ്പിച്ചു

4. മൂന്നുദിവസമായ പിരിച്ചുവിടലിനുകൾക്കെതിരായി വിജയപൂർവ്വം പോരാടി

5. അസംഘടിതരായി ചിതറിക്കിടന്ന അണ്ടർഫാക്ടറി തൊഴിലാളികളെ സുശക്തമായി സംഘടിപ്പിച്ചു തുടങ്ങി

6 മതഭ്രാന്തുപിടിച്ച സംഘടനകൾക്കെതിരായി പോരാടാൻ തൊഴിലാളികളെ പഠിപ്പിച്ചു,

7. പരാജയബോധത്തോടെ 'നാളെ'യെപ്പറ്റി വിജയഗീതം പാടുകയല്ല—'ഇന്നു' എന്ന സത്യത്തിൽനിന്നു ഒഴിഞ്ഞുമാറാതെ ഇന്നത്തെ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ സുസംഘടിതമായി പ്രവർത്തിക്കുകയാണ് തൊഴിലാളികളുടെ കടമയെന്ന ബോധം വളർത്തി.

8. തൊഴിലാളിസമരം പൊളിക്കാൻ വന്ന പോലീസ്സേനക്കെതിരായി പോരാടി മർദ്ദനം സഹിച്ചും ഇരുമ്പഴിക്കുള്ളിൽ പോയും. തൊഴിലാളികളുടെ അവകാശങ്ങൾക്കും കഴിവുള്ളിടത്തോളം സ്ഥാപിച്ചു.

ഇങ്ങനെ പലതുമുണ്ട്. സാഹിത്യത്തിലെ വഴിതിരിവുകളെപ്പറ്റി നാലു പ്രസംഗം നടത്തുകയും സമാധാനസന്ദേശത്തിനുപ്പുശേഖരിക്കുകയും ചെയ്യുകയേക്കാൾ ശ്രമകരവും വിപ്ലവകരവുമാണ് ഈ പരിപാടികളെന്നു ഞാൻ വിശ്വസിക്കുന്നു.

കെ. പി. രാധാകൃഷ്ണൻ, കോട്ടയം

ഇന്നത്തെ ഗവൺമെന്റു പൊതുനന്മയ്ക്കായി ഒന്നും ചെയ്യുന്നില്ലെന്നു പൊതുവെ പരാതിപ്പെടുന്നുണ്ടല്ലോ. ശ്രീവിക്രമൻനായരെക്കൊണ്ടു ഇനി സിനിമാകളിൽ അഭിനയിക്കുന്നതല്ല എന്നു എഴുതിമേടിച്ചതിനെക്കുറിച്ചു താങ്കൾ എന്തു പറയുന്നു?

പക്ഷെ കലാകൊലപാതകത്തിനു ജയിലിലടയ്ക്കേണ്ട കുറ്റവാളിയെ വെറുതെ വിട്ടിരിക്കുന്നതിനെപ്പറ്റി എന്തു പറയുന്നു? അവിടെത്തന്നെയുണ്ട് തനി കൊലപാതക പുള്ളികൾ.

പോലും—ഇന്നത്തെ ഈ സന്നിഗ്ദ്ധമായ കാലത്തു പോരപ്പുണ്ടതും കൊണ്ടുനടക്കുന്നതും നാശകാരിയും ആയ ഒരു സാമ്രാജ്യത്വാക്രമണം ലോകത്തിലെ മുഴുവൻ ജനതകളുടെയും മേൽ ഭീഷണി കാട്ടിക്കൊണ്ടിരിക്കുമ്പോൾ ഈ ജീവന്മരണ സമരത്തിൽനിന്നും ഓടിപ്പോകുന്നതു പുരോഗമനസാഹിത്യകാരന്റെ പേരന്നു യോജിച്ചതാണോ? എന്നാൽ, നിർഭാഗ്യവശാൽ കേരളത്തിലെ സാഹിത്യകാരന്മാരിൽ പലർ ഇതാണു ചെയ്യുന്നതു്. ഇത്തരം എഴുത്തുകാരെ താങ്കൾ എങ്ങിനെയാണു ചിത്രീകരിക്കുക?

ഉത്തരം—സാമ്രാജ്യത്വവിരുദ്ധ സമരത്തിൽനിന്നും ഇന്നു ഓടിപ്പോകുന്ന ഒരു പുരോഗമനസാഹിത്യകാരൻ ഇന്നു പുരോഗമന സാഹിത്യകാരനേയല്ല.

എന്നാൽ ദേശാഭിമാനത്തിന്റേയും ദേശീയ വിമോചനത്തിന്റേയും ആയ വികാരങ്ങളാണു നമ്മുടെ എഴുത്തുകാരിൽ ഏതുയും ശക്തിയേറിയതായിട്ടെന്നും, അവരുടെ കൈയ്യിൽ ഒരുതോക്കിന്റെ പകരം അതിന്റെ തുല്യതവഹിക്കുന്ന ഒരു തൂലിക കൊടുക്കുകയാണെങ്കിൽ നമ്മിൽനിന്നും ഓടിയകലുന്നവർ നമ്മെ കവായിരിക്കുമെന്നും ഞാൻ കരുതുന്നു. എഴുത്തുകാരന്റെ ശരിയായ ജോലി എഴുതുകയാണു്. മയക്കോവ്സ്കിയുടെ വാക്കുകളിൽ "അവന്റെ തൂലികതോക്കിന്റെ തുല്യമാകട്ടെ!!" നമ്മിൽ പലരും ഇന്നു മറന്നുകളഞ്ഞിരിക്കുന്ന ഒരു തത്വമാണിതു്

നാമെഴുതുന്നതിലും നമ്മുടെ സംഘടനയിലും ഒരു വിപുലാടിസ്ഥാനത്തിലുള്ള സാമ്രാജ്യത്വവിരുദ്ധ നിലപാടു് കൈക്കൊള്ളാൻ നാം സന്നദ്ധരാണെങ്കിൽ, ആശയശുദ്ധിയുള്ള അധികം എഴുത്തുകാരും നമ്മുടെകൂടെയായിരിക്കുമെന്നതിനെപ്പറ്റി എനിക്കു് സംശയമില്ല. എന്നിട്ടും നമ്മുടെകൂടെ വരാത്തവരുടെകാര്യം സാരമില്ല. അവർ കളകളായിരിക്കും, പൂക്കളായിരിക്കയില്ല!

ചോദ്യം:—സാഹിത്യത്തിലേയും കലയിലേയും ഐക്യമുന്നണിയുടെ ആവശ്യത്തെപ്പറ്റി താങ്കൾക്കു തോന്നുന്നതെന്തെന്നു ദയവു ചെയ്തു കാണിക്കുക. എന്തിനുവേണ്ടിയും, എന്തിനു എതിരേയും ആണു ഈ ഐക്യമുന്നണി?

ഉത്തരം—നമ്മുടെ സാഹിത്യങ്ങളിൽ ഒരു വിവിധദേശീയഐക്യമുന്നണി സാദ്ധ്യമാണു്. നമ്മുടെ ദേശീയമായ സാമ്പത്തികവ്യവസ്ഥയിൽ ഏതാനും പൊതുസ്വഭാവങ്ങളുണ്ടു്. നമ്മുടെ ജനസംഖ്യയുടെ എഴുപതുശതമാനം കൃഷിയെ ആശ്രയിച്ചു ജീവിതം കഴിക്കുന്നു. കൃഷി ഭൂമിയിലുള്ള ഈ വമ്പിച്ച സമ്മർദ്ദനത്തിന്റെ ഫലമായി അധികം സ്ഥലങ്ങളിലും കൃഷി കൂടുതൽ നേരിയതായിത്തീരുന്നു ഇതിന്റെ അർത്ഥം കൂടുതൽ ക്ഷാമവും, എന്നെന്നും ആവർത്തിക്കുന്ന ക്ഷാമവും, വിദേശസഹായത്തിനുമേലുള്ള ദേശം ദിനാശ്രയവുമാണു്. വിദേശീയസഹായത്തിനുമേലുള്ള ഈ ആശ്രയം നിർബന്ധമായും അതിനോടുള്ള കെട്ടുപിണയലുകളുണ്ടാക്കുന്നു. ഇതിന്റെ ഫലമായി നമ്മുടെ ജനങ്ങൾക്കു യഥാർത്ഥസ്വാതന്ത്ര്യമില്ലാതാനും.

അങ്ങിനെ നമ്മുടെ വിപുലമായ യോജിപ്പു് നാടുവാഴിവിരുദ്ധവും സാമ്രാജ്യത്വവിരുദ്ധവുമായ ഒരു നിലപാടിൽ സാധിക്കുമെന്നു വരുന്നു. നാടുവാഴിത്വത്തോടു സമരപ്പെടുകൊണ്ടു് നമ്മുടെ ജനങ്ങളുടെ എഴുപതുശതമാനത്തിനു ഭൂമിയുടെ മേലുള്ള മൻകയ്യു് വീണ്ടും കരസ്ഥമാക്കണം. ഇതു ഒരു ശരിയായ കാർഷികവിപ്ലവമാണു്. ആരെല്ലാം അതിനെ എതിർക്കുന്നുവോ അവരെല്ലാം സാഹിത്യത്തിലെ നമ്മുടെ ശത്രുക്കളാണു്. അവർ അധികവും ഭൂവുടമസ്ഥന്മാരും ജഗീർദാർമാരും ആയിരിക്കും. അവർ രംഗത്തിൽനിന്നും ഒഴിഞ്ഞുപോകുന്നതുവരെ ഭൂമിയിൽനിന്നുള്ള ഉൽപ്പാദനം വർദ്ധിപ്പിക്കാൻ നിർവ്വാഹമില്ല.

എന്നാൽ ഭൂമിയിലുള്ള മുൻകൈ മാത്രം പോരാ. ഒരു വിപുലമായ വിവിധരാഷ്ട്രീയവ്യവസായീകരണപദ്ധതി നടപ്പിൽ വരുത്തിക്കൊണ്ടു കൃഷിഭൂമിയിലുള്ള ഈ വമ്പിച്ച സമ്മർദ്ദത്തിന്റെ ഘനം കുറക്കേണ്ടതുണ്ടു്. ഇവിടെ ഇന്ത്യയിലെ വൻകിട വ്യവസായികളുടെ എതിർപ്പിനെ നാം നേരിടേണ്ടിവരും. കാരണം, മത്സരത്തിന്റെ ഫലമായി തങ്ങളുടെ ലാഭത്തിൽ കുറവുവരാതിരിക്കാൻ വേണ്ടി രാജ്യത്തിലെ വ്യവസായീകരണത്തെ ഇന്നിടമൽ അവർ ഇഷ്ടപ്പെടുന്നില്ല. നമ്മുടെ നാട്ടിലെ തേയില, ചണം, കയർ, ബേങ്കുകൾ, എണ്ണ, കപ്പൽ മുതലായ ശാഖകളിൽ പല മുതലാളിമാരുള്ള വിദേശീയ സാമ്രാജ്യവാദികളുടെ സഹായം ഇതിൽ അവർക്കു ലഭിക്കുന്നു. അപ്പോൾ നമ്മുടെ രാജ്യത്തിന്റെ വ്യവസായീകരണത്തെ നാം 'ഉയർത്തിപ്പിടിക്കുമ്പോൾ ഇന്ത്യക്കാരും വിദേശീയ സാമ്രാജ്യവാദികളുമായ വൻകിട മുതലാളികളുടെ താല്പര്യങ്ങൾക്കു് നാം എതിർനിൽക്കുന്നു അവർക്കെതിരും നമ്മുടെ സാമ്പത്തിക വ്യവസ്ഥയുടെ അടിയന്തിരമായ വ്യവസായീകരണം മുഖേന ദേശീയും കൊണ്ടുവരുന്ന നാട്ടുകാരുടെ സ്ഥിതിയിലൊരു മാറ്റത്തിനുവേണ്ടി ഉദ്യമിക്കുന്നവരുടെ ഭാഗത്തും ആയിരിക്കും ഈ ഐക്യമുന്നണി. ഇതിൽ വൻകിടമുതലാളികളും വിദേശീയ സാമ്രാജ്യവാദികളും ഒഴികെ മറ്റാരെല്ലാവരും നിങ്ങളുടെകൂടെ വരും.

(കീഴ്വരെ ഞങ്ങളുടേതു്)

നാടുവാഴിത്വത്തിനെതിരായ കൃഷിക്കാർക്കു് നിലത്തിനും, വൻകിട മുതലാളികൾക്കും വിദേശീയ സാമ്രാജ്യവാദികൾക്കും എതിരായി നമ്മുടെ സാമ്പത്തിക സാധ്യതകളുടെ അടിയന്തിരമായ വ്യവസായീകരണത്തിനും വേണ്ടിയുള്ള ഒരു ഐക്യമുന്നണി; കോളോണിയൻ വഞ്ചനയ്ക്കും അടിമത്വത്തിനും എതിരായ ദേശാഭിമാനത്തിന്റേയും ദേശീയ വിമോചനത്തിന്റെയും ഒരു ഐക്യമുന്നണി; വിവിധദേശീയ സംസ്കാരങ്ങളുടെയും ഭാഷകളുടെയും പൂവിടലിനുവേണ്ടിയുള്ളതും, ദേശീയ ജനവിഭാഗങ്ങളെ വിഭജിക്കുകയും ശ്രേഷ്ഠിച്ചുള്ളവരുടെമേൽ ഇഷ്ടമില്ലാത്ത ദോഷകരം ശക്തി ഉപയോഗിച്ചു് വെച്ചുകെട്ടുകയും മറ്റുള്ളവരിൽനിന്നും ഒരൊറ്റ ദേശീയസംസ്കാരത്തെ എടുത്തുപൊക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥഭേദോവിത നയത്തിനെതിരായുള്ളതും ആയ ഒരു ഐക്യമുന്നണി; ചുരുക്കത്തിൽ ജനങ്ങൾക്കുവേണ്ടിയും, ജനകീയവിരുദ്ധമായ എല്ലാത്തിനും എതിരായും, ആയിരിക്കും ഐക്യമുന്നണി അതു ജനങ്ങൾക്കുവേണ്ടിയാണു്; എണ്ണത്തിൽ അധികമില്ലാത്തവരും ശാസ്ത്രീയമായ വഴികളിൽകൂടെ നാം പ്രവർത്തിക്കുന്നെങ്കിൽ ഒറ്റപ്പെടുത്തിക്കളയാവുന്നവരും അവസാനമായി പരാജയപ്പെടുകതന്നെ ചെയ്യുന്നവരും ആയ ചൂഷകർക്കെതിരായതാണു് ആ ഐക്യമുന്നണി.

* സാഹിത്യത്തിലെ ഐക്യമുന്നണിയെപ്പറ്റിയുള്ള "വിശദകേരളം" പ്രതിനിധിയുടെ ചില ചോദ്യങ്ങൾക്കു കൃഷ്ണൻചന്ദർ നൽകിയ മറുപടികളാണു് 'വിശദകേരളം' ഒക്ടോബർ വിപ്ലവ വിശേഷാൽപ്രതിയിൽനിന്നും.

* ഐക്യമുന്നണി

(കൃഷ്ൻ ചന്ദർ)

പി. മാലതി, കൊല്ലം.

മുണ്ടാളിനി ശരാഭോജി ഇപ്പോൾ എവിടെയാണു്? അവർ എന്തുചെയ്യുന്നു?

അഹമ്മദാബാദിലാണു്. ഇപ്പോൾ "മത്സ്യകന്യക" എന്ന ഒരു നൃത്തനാടകം പഠിച്ചുകൊണ്ടിരിക്കയാണു്. അടുത്തുതന്നെ അവർ ഒരു വിദേശപര്യടനം നടത്തുന്നുണ്ടു്.

കെ. ഏ. അബ്ബാസ് എഴുതിയ ഏറ്റവും നല്ല സിനിമാ കഥയേതാണു്.

"നയൂസൻസാർ". അദ്ദേഹത്തിന്റെ "ഡാ. കോട്ട്നീസ്-കി-അമർകഹാനി"യും നന്നായിട്ടുണ്ടു്. ഇപ്പോൾ രാജ്കപൂറിനുവേണ്ടി "അവാര" എന്ന ഒരു കഥ എഴുതിയിട്ടുണ്ടു്. ഇതു ചിത്രം 15 ലക്ഷം രൂപാ മുടക്കി എടുക്കുകയാണു്. രാജിന്റെ പിതാവു പൃഥ്വിയും പ്രസ്തുത ചിത്രത്തിൽ അഭിനയിക്കുന്നുണ്ടു്. ചില രംഗങ്ങളും ഷൂട്ടുചെയ്യുന്നതു പാരീസിൽവച്ചാണു്.

സമ്മാനം

ഈ ആഴ്ചയിലെ സമ്മാനം കെ. പി. രാധാകൃഷ്ണൻ, തിരുനക്കര, കോട്ടയത്തിനു നൽകുന്നു.

സിനിമാപംക്തി

(വി. പി. സാഠേ)

സിനിമാവ്യവസായികനും പൊതുവെ സഭാവത്തിലുള്ളവരാണെന്നു കരുതപ്പെടുന്നുണ്ടെങ്കിലും അവർ ആരെക്കാളും കൂടുതൽ അന്ധവിശ്വാസികളാണെന്നു സമ്മതിച്ചു തീരുമാനിക്കുകയും മുസ്ലീങ്ങളും ദേവാരാധന നടത്തുന്നുണ്ട്. ചില പ്രത്യേക മുഹൂർത്തങ്ങളിൽ പുതിയ പടങ്ങളെ പുറത്തേയ്ക്കിറക്കുന്നതിൽനിന്നുതന്നെ ഇതു വ്യക്തമാകുന്നതാണ്. അല്പമെങ്കിലും സിനിമാവ്യവസായികനും മതഭക്തരും അന്ധവിശ്വാസികളും ആണ്.

ഒരു പുതിയ കൺസേൺ ഉപ്പവയ്ക്കുന്നതിലും, നിർമ്മാണം ആരംഭിക്കുന്നതിലും എന്നു വേണ്ട മറ്റുപലതിലും അവർ ഈ വിശ്വാസം വച്ചു പുലർത്തുന്നുണ്ട്. ഒരു കഥയുടെ പേരിടുന്നതിൽപോലും അവർ ഈ സ്വഭാവം വെളിപ്പെടുത്തുന്നുണ്ട്. അവരുടെ കുലദേവതയെ നിത്യമെന്നോണം അവർ ആരാധിക്കുന്നവരും ആണ്. മോഹൻബാബു ദിവസം അഞ്ചുപ്രാവശ്യം "ഇസ്കരിക്ക" പതിവുണ്ട് അജ്മീരിലെ ഒരു മതാചാര്യനെ കൂടുതൽ സന്ദർശിക്കുന്നതു അദ്ദേഹത്തിന്റെ ഉപദേശങ്ങൾക്കായിട്ടാണ്. യാക്കുബ് ലാഹോറിനടുത്തുള്ള ഒരു ഫക്കീറിനെ കാണുക പതിവാണ്. സായിബാബായെ ദൈവമാക്കി പൂജചെയ്യുന്നവരുടെ കൂട്ടത്തിൽ സി. രാമചന്ദ്ര, സ്നേഹപ്രഭ, ഉഗ്രാകോട്ടേ എന്നിവർ ഉൾപ്പെടുന്നുണ്ട്. ഇവരിലെ ഒരു മഹാരാഷ്ട്രപുരുത്തിൽ ഒരു മുസ്ലീംസന്യാസിയായ സായിബാബായെ പ്രകീർത്തിച്ചുകൊണ്ടുള്ള രംഗങ്ങൾ കാണുവാൻ കഴിഞ്ഞു. അദ്ദേഹത്തെ ഉദ്ദേശിച്ചു ഒരു ഭജനരംഗംതന്നെയും അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്തിനു്, സി. രാമചന്ദ്രയുടെ വീട്ടുപേരുപോലും മാറ്റി "സായിപ്രസാദ്" എന്നാക്കിയിരിക്കുകയാണു്.

സിനിമാപ്രമുഖരുടെ മറ്റൊരു ഭരദേവത കല്യാണമണ്ഡപമുള്ള രാജിംബാബാ മലബാർഗൻറെ പ്രതിമയാണ്. പലരും അനുഗ്രഹങ്ങൾക്കായിട്ടു ആ പ്രതിമയെ സമീപിക്കാറുണ്ട് രേഹനയുടെ പിതാവു് അഞ്ജലിയിൽപെട്ടുന്നുണ്ട്. ഇതിനിടയുണ്ടായ ചില പരാജയങ്ങൾക്കുശേഷം വീണ്ടും ഷൂട്ടിൽബദ്ധശ്രദ്ധനായും ഈ പ്രതിമാസന്ദർശനം തുടങ്ങിയിട്ടുള്ളതായി റിപ്പോർട്ടുണ്ട്. ഒരുവേള ഇങ്ങനെയുള്ള അനുഗ്രഹാശിസ്സുകളും ഭാവിവിജയങ്ങൾക്കായി അവരും ആശിക്കുന്നുണ്ടായിരിക്കും.

ഈ ആരാധനകളുടെ ഉദ്ദേശം എന്തെന്നറിയാൻ വിഷമമില്ല സിനിമയുടെ വിജയം ഒരു പരം ചൂതുവുവിദ്യയാണ്. അതുകൊണ്ടു് ഈ ശരാനുഗ്രഹം എപ്പോഴും ഉണ്ടായിരിക്കണമെന്നുള്ളതാണ് ഇവരുടെ ഉന്നം.

ഈ ആഴ്ചയിലെ ചിത്രം

ഒരു അസാധാരണമായ ചിത്രം ഗൗരവവും തമാശയും ഇടകലർത്തി നമ്മുടെ മുമ്പിലേയ്ക്കു് "ദ സ്ഥാൻ" എന്ന പേരോടുകൂടി ഖർദാർ ഇറക്കിയിരിക്കയാണ്. മ്യൂസിക്കൽ പിക്ചേഴ്സ് ലിമിറ്റഡ് ആണ് ഇതിന്റെ നിർമ്മാതാക്കൾ.

കഥയുടെ അസ്ഥിവാരംതന്നെയും ഉറന്തമാണ്. അതിന്റെ മുന്നോട്ടുള്ള ഗതിയിൽ തമാശോന്മാദവിനോദരസങ്ങൾക്കോ യാതൊരു സ്ഥാനവും ഉണ്ടാകുന്നതല്ല എന്നാട്ടും "ദസ്ഥാൻ" നമ്മെ പലേ സന്ദർഭങ്ങളിലും ചിരിപ്പിക്കുന്നുണ്ട്. എന്താണ് അതിന്റെ പൊരുൾ എന്നുള്ളതു മനസ്സിലാകുന്നില്ല. എന്തുതന്നെയായാലും ദസ്ഥാന്റെ വമ്പിച്ച വിജയത്തിനു അതു ഇടയാക്കീട്ടുണ്ട്.

ഒരു സ്ത്രീയുടെ വഴിതിരിഞ്ഞ അഹംഭാവത്തിൽ നിന്നുൽഭവമാകുന്നതാണ് കഥ ഒരന്തരഫലങ്ങളുടെ ശംഖ് ഊതിക്കൊണ്ടു് രാജ്കപൂർ, രാജൻ ബാബുവായിപ്രത്യക്ഷപ്പെടുന്നു. തന്റെ മരിച്ചുപോയ സഹോദരിയാണിക്കായി അന്ത്യക്രിയകൾ വല്ലതും ചെയ്യേണ്ടതുണ്ടെങ്കിൽ ചെയ്യുവാനായിട്ടാണ് അദ്ദേഹം വരുന്നതു്. അദ്ദേഹത്തിന്റെ വാക്കുകളിൽനിന്നും ആരേയും സ്നേഹിക്കാത്ത ആരാലും സ്നേഹിക്കപ്പെടാത്ത ആ സ്ത്രീയുടെ ദുസ്വഭാവങ്ങൾ വെളിപ്പെടുന്നുണ്ട്. അവരുടെ മരണത്തിൽ കണ്ണീർപൊഴിക്കുവാൻ ആരുമുണ്ടായിരുന്നില്ല. റാണിയുടെ ജീവിതകഥ രാജൻബാബുവിന്റെ വാക്കുകളോടുകൂടി തുടങ്ങുകയാണ് സഹോദരനോടുള്ള പെരുമാറ്റം, അവരുടെ അച്ഛന്റെ വളർത്തുപുത്രിയായ ഒരു സാധുബാലികയോടു അവർ കാണിക്കുന്ന നിഷ്ഠുരതകൾ ഇവയെല്ലാം അവരുടെ സ്വഭാവത്തെ വെളിപ്പെടുത്തുന്നുണ്ട്. അവരുടെ ഇദ്ദേശപ്രവൃത്തികളും അവരുടെ അച്ഛന്റെ ഹൃദയം പൊട്ടിയുള്ള മരണത്തിനിടയാക്കി എങ്കിലും അവരിൽ യാതൊരു മാറ്റവും അതുകൊണ്ടുണ്ടായില്ല പ്രത്യുത വളർന്നുവന്നതോടുകൂടി അടിച്ചു പിണങ്ങി പിരിഞ്ഞു നിൽക്കുകയല്ല അവർ ചെയ്തതു്; സകലരേയും സകലതിനെയും അവർ അവരുടെ അധികാരത്തിൻകീഴിൽ അമർത്തുകയാണു ചെയ്തതു്. വളർത്തുപുത്രിയായ ഇന്ദിര, രാജിനെ വിവാഹം കഴിക്കാതിരിക്കുന്നതിനും രാജിന്റെ സഹോദരനായ കന്ധനെ സ്നേഹിക്കാതിരിക്കുന്നതിനും വേണ്ടി അവർചെയ്ത കഠിനതകളും ഭയങ്കരങ്ങളായിരുന്നു ഇന്ദിരയോടു കപടസ്നേഹം ഭാവിച്ചു് ഒരു പരിചയക്കാരനായ രമേശനെക്കൊണ്ടു് വിവാഹം കഴിപ്പിക്കുവാൻ അവർ ഭഗീരഥപ്രയത്നംചെയ്ത അതു ഫലിക്കില്ല എന്നു കണ്ടപ്പോൾ അവർ ആ സഹോദരന്മാരോടു് തിരിഞ്ഞു. അവരെ തമ്മിൽ പിണക്കി—അവരുമായി പിണങ്ങി—രാജ് മരിച്ചുപോയി എന്നു കള്ളവാർത്തയും പ്രചരിപ്പിക്കുന്നു. പാവം ഇന്ദിര വീട്ടിൽനിന്നും ബഹിഷ്കൃതയാക്കപ്പെട്ടു.

അന്നുമുതൽ ഇന്ദിര അനാഥയാണ്. ഒരു അപകടത്തിൽനിന്നും രക്ഷപ്പെട്ട രാജ് ഒരിക്കൽ അവളെക്കണ്ടു സാന്ത്വനപ്പെടുത്തിക്കൊണ്ടു് അവളുടെ ദുഃഖാഗ്നിയെപ്പറ്റി ബോധ്യപ്പെടുത്തിക്കൊടുത്തു ഏറ്റവും യുക്തമായ ഒരു കൗതിരിപ്പിൽകൂടി കഥ കാണിതിരിഞ്ഞു രാജും ഇന്ദിരയും കണ്ടുമുട്ടുന്നു എന്നുവരികിലും അവരെന്റെ കൈയ്യാലങ്ങും അവരുടെ മരണശയ്യയായി പരിണമിക്കയാണു ചെയ്യുന്നതു്.

ഇങ്ങനെ പോകുന്ന ഒരു കഥയിൽ രസികതയ്ക്കു എന്താണു സ്ഥാനം? എങ്കിലും യാതൊരു അസുഖവും തോന്നാത്തവിധം ഖർദാർ ഒന്നാംതരം തമാശാസമ്പൂർണ്ണമായ രംഗങ്ങൾക്കൊണ്ടു് ഈ ചിത്രത്തെ സമാകർഷകമാക്കിയിട്ടുണ്ട്.

രാജിന്റെ പാത്രസൃഷ്ടിയിലാണ് രസികത്വം ഉണ്ടാക്കിയിരിക്കുന്നതു്. ഗൗരവതരമായ ഒരു കഥയിലെ ഒന്നിലും ശ്രദ്ധിക്കാത്ത ബഹളക്കാരനായ ഒരു യുവാവു് കഥയ്ക്കു ഒരു പുതിയ ജീവൻ കൊടുക്കുന്നുണ്ട് ഈ ഭാഗം രാജ്കപൂർ ഏറ്റവും തന്മയത്വമായി അഭിനയിച്ചിട്ടുണ്ട്. കപൂറിന്റെ വിമർശകന്മാരും പോലും മുക്തകണ്ഠം അദ്ദേഹത്തെ പ്രശംസിക്കാതിരിക്കയില്ല. യഥാർത്ഥത്തിൽ കപൂറിന്റെ രംഭാവത്തവും പാട്ടും എന്നുവേണ്ട ഓരോ ഭാവങ്ങളും നിശിതവിമർശകന്മാരെപ്പോലും ചിരിപ്പിക്കുവാൻ പര്യാപ്തമായിട്ടുണ്ട് ഓരോ രംഗവും കൊഴുപ്പിക്കത്തക്കവണ്ണം ഉള്ള കപൂറിന്റെ നാടും കഥയുടെ അന്തസ്സിനു മാറ്റുകൂട്ടുന്നുണ്ട്. തമാശകൾ വളരെ രസകരമായി കാണികുന്ന കപൂർ ഒരു ബഹളക്കാരനായി പ്രത്യക്ഷപ്പെടുന്നില്ലെന്നുള്ളതാണ് ഒരു പ്രത്യേകത. പ്രത്യുത ബുദ്ധിയുള്ള ഒരു നല്ല യുവാവായിട്ടാണ് നമുക്ക് അനുഭവപ്പെടുന്നതു്. ചുരുക്കത്തിൽ രാജ്കപൂറിന്റെ

—കൂടുതൽ അടുത്തതിൽ—

അഭിനയവും മറക്കുമാണ് ഓസ്ഥനെ ഒരു പ്രത്യേകതരം ചിത്രമായി ഉയർത്തിയിരിക്കുന്നത്.

ഖർദാറിന്റെ ഡയറക്ഷനാണ് ചിത്രത്തിന്റെ മറ്റൊരു വൈശിഷ്ട്യം. വീനായുടെയും സുരയ്യായുടേയും സ്വഭാവങ്ങൾ ഒഴിവാക്കാമായിരുന്നില്ലേ എന്നു നമുക്കു തോന്നിപ്പോകുന്നുണ്ടെങ്കിലും അദ്ദേഹത്തിന്റെ എഡിറ്റിംഗ് ഇതിലും വിശിഷ്ടമായിതന്നെ ശോഭിക്കുന്നു പുരുഷലോകത്തോടും സമുദായത്തോടു പൊരുവേയും വീനയുടെ നടത്തുന്ന തകർപ്പൻ അസ്ഥാനത്തായിപ്പോയിട്ടുണ്ട്. ഒരു കാര്യം അദ്ദേഹത്തെപ്പറ്റി പുകഴ്ത്തേണ്ടതുണ്ട് വളരെ വിഷമമേറിയ ഒരു കഥ സാധാരണക്കാർക്കു മനസ്സിലാകത്തക്ക നിലയിൽ സമുക്കാകംവിധം അദ്ദേഹം ചിത്രമാക്കിയിരിക്കുന്നു എന്നുള്ളതാണ്.

വീനാ നമ്മെ ഈ ചിത്രത്തിൽ ആകർഷിക്കത്തക്ക നിലയിലുള്ള ഒരു ഭാഗം ആണ് ഖർദാർ അവളെക്കൊണ്ട് അഭിനയിപ്പിച്ചിരിക്കുന്നത്. രാജന്റെ ആകർഷകത്വത്തിൻ ഒരു മറപോലെ സുരയ്യാ ഇതിൽ തെളിഞ്ഞു വിലസുന്നുണ്ട് സുരേഷ് നമ്മെ നിരാശപ്പെടുത്തുന്നുണ്ടെങ്കിലും അംനസീർ വിഷാദാത്മകമായ ഒരു ഭാവഭംഗിയായി അഭിനയിച്ചിരിക്കുന്നു ആകപ്പാടി എല്ലാ പേരും പ്രകൃതിയ്ക്കനുസരിച്ചുള്ള നടനങ്ങൾകൊണ്ട് കഥയ്ക്കു മേന്മവരുത്തീട്ടുണ്ടെന്നുവേണം പറയുവാൻ.

ഡിവേപായുടെ ഫോട്ടോഗ്രാഫി നന്നായിട്ടുണ്ട്. നാഷദിന്റെ സംഗീതം വിശേഷിച്ചും പാട്ടുകളുടെ ട്യൂൺ അല്പം മോശംതന്നെയാണ്. പശ്ചാത്തലസംഗീതം നന്നായിട്ടുണ്ട്. രണ്ടു ഗാനരംഗങ്ങളും ഭംഗിയായിട്ടുണ്ട് സംഗീതം, ഭാരതീയവും, പാശ്ചാത്യവും ആയ മാതൃകകളുടെ ഒരു കലർപ്പല്ലേ എന്നു സംശയിച്ചുപോകുന്നുണ്ട്. ഷക്കീലിന്റെ ഗാനങ്ങൾ നമുക്കു പ്രോത്സാഹനമോ ആവേശമോ നൽകുന്നില്ല

സംഗീതം ഒഴിച്ചാൽ യഥാർത്ഥത്തിൽ "ഓസ്ഥാൻ" ഈ വർഷത്തെ ഏറ്റവും മികച്ച ചിത്രമെന്നു പറയാം.

സെൻട്രൽ ജയിലിൽ

By സ: നെടുമങ്ങാട്ട് തങ്കപ്പൻനായർ

അയ്യോ! ഇടിയൻ, ലാക്കപ്പ്, ലെ ഭീകരവാഴ്ച ഞാൻ കണ്ട മർദ്ദനം, ഗാന്ധിഛായതകരെ താലോലിക്കുന്നു, സ: ഠറി വിതോമസ്", സെൻട്രൽ ജയിലിലെ നരനായാട്ട് etc. സെൻട്രൽ ജയിലിലെ തടങ്കൽ പുള്ളിയായിരുന്ന സഖാവ് വരച്ചുകാട്ടുന്നു. വില ണ. 8 മൻപ്രാബായുവെശ്യപ്പെടുക. V. P. ഏർപ്പാടില്ല ഏജൻസാന്മാർക്ക് 25% കമ്മീഷൻ, 1 ണ. സ്റ്റാമ്പുസഹിതം എഴുതുക. ജാലാ ബുക്ക്ഡിപ്പോസ്",
നെടുമങ്ങാട് U. S. T. C.

THE
QUILON AGENCIES

Tel: AGENCIES **QUILON** P. O Box 59

Dependable House for:—

ELECTRIC MOTORS, STARTERS,
CABLES, ELECTRICAL ACCESSORIES,
PULLEYS, BEARINGS, SHAFTING,

WIRE MESH,

WINDING WIRES—WELDING ELECTRODES.

Machinery for:—

FLOUR MILLS, OIL MILLS, SAW MILLS, Etc.,
Saws, Emery Wheels & Tools,
BALL & ROLLER BEARINGS, BELTING (Hair, Rubber etc)

AGENTS FOR:—

ASIA ELECTRIC LAMPS

(attractive terms to dealers)

ഈ ആഴ്ചയിലെ വ്യക്തി

പ്രസിദ്ധനായ നാടകകർത്താവായ ഖർണാഡ്ഷാ അദ്ദേഹത്തിന്റെ തൊണ്ണൂറ്റിനാലാമത്തെ വയസ്സിൽ നമ്മെ വിട്ടു കഴിഞ്ഞയാഴ്ച പിരിഞ്ഞിരിക്കുന്നു. വൻകച്ചവടക്കാരും സാഹിത്യനായകന്മാരും ഇതിനകം അദ്ദേഹത്തിന്റെ നാനാവിധങ്ങളായ കഴിവുകളെ പ്രകീർത്തിച്ചുകൊണ്ട് പ്രസ്ഥാവനകളും പ്രസംഗങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

സിനിമാനിർമ്മാണത്തിന്റെ ആദികാലംമുതൽ ഹോളിവുഡ്ഡിൽനിന്നും അത്യാകർഷകമായ തുകകളുമായി സമീപിച്ചിട്ടുണ്ട്. പക്ഷെ അപ്പോഴെല്ലാം അവർ ഇളിഭ്യരായിട്ടേയുള്ളൂ. ഇതിനെപ്പറ്റി ഇതിനകം പ്രസിദ്ധമായിതീർന്നിട്ടുള്ള ഒരു രസകരമായ കഥയുണ്ട് സാമുവൽ ഗോൾഡ്വിൻ ഒരിക്കൽ ഷായുടെ കഥകളെ ചിത്രമാക്കാൻവേണ്ടി ഷായുമായി സംസാരിക്കയുണ്ടായി. എന്നാൽ ഒരു കത്തുതീർപ്പിൽ എത്താൻ അവർക്കു വളരെ നേരത്തേയ്ക്കു സംധിക്കാതെവന്നു. ഒടുവിൽ ഷാ പറഞ്ഞു "മി ഗോൾഡ്വിൻ നിങ്ങളുടെ കലയോടുള്ള താല്പര്യവും എന്റെ പണത്തോടുള്ള മോഹവും തമ്മിൽ യോജിക്കുന്നതെങ്ങനെ എന്നു എനിക്കു മനസ്സിലാകുന്നില്ല" യഥാർത്ഥത്തിൽ പണത്തെപ്പറ്റി പ്രലോഭനപ്പെടുന്ന ആളല്ല ഷാ എന്നു നാം ഓർക്കേണ്ടതുണ്ട്. ഗബ്രിയൽവാസ്കൽ കാശിനു നിവർത്തിയില്ലാതെ ഷായെ സമീപിച്ചപ്പോൾ യാതൊരു വിസമ്മതവുംകൂടാതെ വാസ്കലിനു ഷാ അവകാശം ഏഴുതികൊടുക്കുകയുണ്ടായി പക്ഷേ ഒരു ഉപാധിയിൽമാത്രം. കഥഗതിയിൽ യാതൊരു വ്യതിയാനവും പാടില്ല എന്നും അങ്ങനെ മാറ്റണമെങ്കിൽ ഷായോട് ആലോചിച്ചു വേണമെന്നും ആയിരുന്നു. അങ്ങനെയാണ് "വിഗ്മാലിയൻ" സിനിമാ ക്ലീയോപാട്രായും, മേജർ ബാർബാറാ മുതലായ പടങ്ങളും നമുക്കു ലഭിച്ചതു്. വാസ്കൽ ഇപ്പോൾ ആൻറ്റോണിസ്സും സിംഹവും എന്ന ഷായുടെ കഥയെ ചിത്രമാക്കുന്നതിൽ ഹോറല്ഡ്യിൽ വ്യാപൃതനായിരിക്കയാണ്.

അനേകം സിനിമാ പ്രമുഖർ അദ്ദേഹത്തെ കാണാൻ ചെന്നിട്ടുണ്ട്. അദ്ദേഹത്തെ രോഗശയ്യയിൽവച്ചും അവർ സന്ദർശിച്ചിട്ടുണ്ട് അദ്ദേഹത്തിന്റെ അതിസാധാരണമായ കഴിവിൽ മനംമയങ്ങിയ സുന്ദരകളായ സിനിമതാരങ്ങളും വിരളമല്ല. ഒരിക്കൽ സുന്ദരിയായ ഒരു സിനിമാനടി അദ്ദേഹത്തോട് അങ്ങയുടെ ബുദ്ധിപ്രഭവവും, തന്റെ സൗന്ദര്യവും ഇണങ്ങിയുള്ള ഒരു ശിശുവിന്റെ ഭാവനയെപ്പറ്റി ഓമ്മിപ്പിച്ചപ്പോൾ "നിന്റെ ബുദ്ധിയും എന്റെ രൂപവും ആക്കി ഭാവനചെയ്യുന്നേക്കൂ" എന്നദ്ദേഹം മറുപടികൊടുത്ത കഥ വളരെ പ്രസിദ്ധമാണ്.

മാം, വേഡ്ഹൗസ്, ഹക്സ്ലി തുടങ്ങിയ തുലികാകുശലന്മാർ ഹോളിവുഡ്ഡ് സാർമാരുടെ മുമ്പിൽ ശിരസ്സ് കുനിച്ചിട്ടുണ്ടെങ്കിൽ ഷായുടെ മുമ്പിൽ ഈ സാർമാരെല്ലാം നതശിരസ്കരായ്തീർന്നിട്ടുള്ളതെന്നുനമുക്കു ധൈര്യപ്പായാം.

— —

ബുദ്ധന്റെയും ഗാന്ധിയുടെയും മാർഗ്ഗത്തിൽ

കപാജാ അഹമ്മദ് അബ്ദുസ്

[ബാംബെയിൽവച്ചു കൂടിയ അഖിലേൻഡ്യാ സമാധാനകൺവൻഷനിൽചെയ്ത ഒരു പ്രസംഗത്തിന്റെ സംക്ഷിപ്തം]

ഏതാണ്ടു രണ്ടുവർഷങ്ങൾക്കു ശേഷമാണ് ഞാൻ എന്റെ കമ്മ്യൂണിസ്റ്റ് സുഹൃത്തുക്കളുമൊത്തു് ഒരേ പ്രസംഗവേദിയിൽ പ്രസംഗിക്കുന്നതു്.

ഔദ്യോഗികരംഗങ്ങളായ രാഷ്ട്രീയാഭിപ്രായ വ്യത്യാസങ്ങളുണ്ടായിരുന്നിട്ടും, ഞാനും എന്നപ്പോലെയുള്ള പലരും പലകാര്യങ്ങളിലും കമ്മ്യൂണിസ്റ്റുകളോടു് യോജിച്ചു പ്രവർത്തിച്ചിട്ടുണ്ടു് അതുകൊണ്ടു് വ്യക്തിപരമായ ചില വിശദീകരണങ്ങൾ അസ്ഥാനത്തിലുകയില്ല.

ഞാൻ പറയാൻപോകുന്ന ചിലകാര്യങ്ങൾ ഇവിടെ സന്നിഹിതരായിരിക്കുന്ന പല കമ്മ്യൂണിസ്റ്റ് സഖാക്കൾക്കും ആരോചകമായി തോന്നിയേക്കുമെന്നു് എനിക്കറിയാം അക്കാര്യങ്ങൾ എന്നെയും അമ്പരപ്പിക്കുന്നവയാണു് ഏതായാലും കുറച്ചു നിമേഷനേരത്തെ അമ്പരപ്പു് യഥാർത്ഥമായി കാര്യങ്ങൾ ഗ്രഹിക്കുന്നതിനും, അഭിപ്രായ ഐക്യത്തിലെത്തുന്നതിനും, സഹായകമാവുമെങ്കിൽ, അതു ഒരു വലിയവിലയിൽ കലായിരിക്കുകയില്ല അന്യോന്യ വിശ്വാസവും അഭിപ്രായം കൈമാറാം ചെയ്യുവാനുള്ള സന്നദ്ധതയുമാണു് സമാധാനസ്ഥാപനത്തിനുള്ള പ്രഥമപടിയെന്നുള്ളതു് നിർവ്വിവാദമേണല്ലോ വുണങ്ങളും വീണ്ടും കുത്തിപ്പൊട്ടിക്കുന്നതു് വേദനാജനകമായിരിക്കാം പക്ഷേ അതു് ആറാംബാംബുപെക്കാളും വളരെ വളരെ കുറച്ചു വേദന മാത്രമെ ഉണ്ടാക്കുകയുള്ള. വളരെയധികം നഗ്നങ്ങളായ സത്യങ്ങൾ പറയുകയും കേൾക്കുകയും ചെയ്താൽ മാത്രമേ, സമാധാനത്തിനുവേണ്ടിയുള്ള ഒരു ഐക്യമുന്നണി സൃഷ്ടിക്കുവാൻ സാധിക്കുകയുള്ള.

കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ഒരംഗമല്ലാത്തതുകൊണ്ടു് (ബാംബെയിലെ അഭ്യന്തരമന്ത്രി എന്തു പറഞ്ഞാലും വിശ്വസിച്ചാലും) കഴിഞ്ഞ രണ്ടു വർഷമായി കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പരിപാടികളുടെ യഥാർത്ഥരൂപം എനിക്കു് അറിയുവാൻ സാധിച്ചിട്ടില്ല പാർട്ടിയുടെത്തിൽ പല മാറ്റങ്ങളും വലത്തോട്ടും ഇടത്തോട്ടുമുള്ള വ്യതിയാനങ്ങളും ശുദ്ധീകരണങ്ങളും, നിഷ്കാസനങ്ങളും നടക്കുകയോ നടക്കാതിരിക്കുകയോ ചെയ്തിരിക്കാം. മാത്രമല്ല ഞങ്ങളെപ്പോലെയുള്ള പലരെയും പാടി ആവശ്യം കൂടിപ്പോയ കമ്മ്യൂണിസ്റ്റ് സഖാക്കൾ പറഞ്ഞപരത്തിയിട്ടുള്ള പ്രതൃക്ഷത്തിൽ തന്നെ അർത്ഥശൂന്യങ്ങളായ അപവാദങ്ങളെപ്പറ്റിയും പ്രതിപാദിക്കണമെന്നും ഞാൻ ഉദ്ദേശിക്കുന്നില്ല.

എന്നായാലും കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ഫാഷനുവേണ്ടി കടന്നുകൂടിയ പുത്തൻക്രാറുകാരുടെ ഉദ്ദേശം എന്തായിരുന്നാലും വളരെ പണിപ്പെട്ടു്, പ്രതിബന്ധങ്ങളെ പിന്നിട്ടുകൊണ്ടു് കമ്മ്യൂണിസ്റ്റുകളും കമ്മ്യൂണിസ്റ്റുകളല്ലാത്തവരുമായ പുരോഗമനവാദികളും തൊഴിലാളി സംഘടനയിലും, പുരോഗമനസാഹിത്യസംഘടനയിലും ജനകീയ നാടകവേദിയിലും കെട്ടിപ്പടുത്ത ഐക്യമുന്നണി കഷണം കഷണമായി പിച്ചിച്ചീന്തുകയുണ്ടായി. ഈ തകർച്ചമൂലം പുരോഗതിയ്ക്കും സമാധാനത്തിനുമുണ്ടായിട്ടുള്ള പ്രതികൂലങ്ങളും മനസ്സിലാക്കുവാൻ സഖാക്കളുടെ പുതിയ ചിന്താഗതി സഹായകമാകുമെന്നു് ഞാൻ പ്രത്യാശിക്കുന്നു.

എന്തുകൊണ്ടു് ഐക്യമുന്നണിയുണ്ടായില്ല.

അതേ, ഞാൻ മുകളിൽ സൂചിപ്പിച്ചിട്ടുള്ള സംഗതികളും, സമാധാനത്തിനു വേണ്ടിയുള്ള സമരവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടു്. എന്റെ അഭിപ്രായത്തിൽ ഈ പ്രസ്ഥാനം—ഏറ്റവും പരിപാവനമായ പ്രസ്ഥാനം; എന്തെന്നാൽ മനുഷ്യരാശിയുടെ മുഴുവൻ ഭാവി ഈ പ്രസ്ഥാനത്തിന്റെ ജയാപജയത്തെ ആശ്രയിച്ചിരിക്കുന്നു—സമാരംഭിക്കുമ്പോൾ, യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കുവാനും സത്യം മുഴുവൻ പറയുവാനും, നമ്മുടെ യഥാർത്ഥനിറം തുറന്നു കാട്ടുവാനും നാം തയ്യാറാകേണ്ടതാണു് ഉദാഹരണത്തിനു് ഈ സമ്മേളനത്തിൽ ഏതാണ്ടു നൂറോളം പ്രതിനിധികളും മാത്രമെ സംബന്ധിച്ചിട്ടുള്ള പക്ഷെ നാളത്തെ കമ്മ്യൂണിസ്റ്റ് പത്രത്തിൽ പ്രസിദ്ധപ്പെടുത്തിക്കാണരുതു് "ബാംബെയിലെ ബഹുലക്ഷങ്ങളും സമാധാനത്തിനുവേണ്ടി സ്വയം ബലിയർപ്പിക്കുന്നു" എന്നു്. ഇൻഡ്യയിലെ 35 കോടിയിൽ കുറച്ചു ആയിരങ്ങളും സമാധാനഭീഷ്മനയിൽ ഒപ്പിട്ടുകഴിഞ്ഞാൽ ഉടനെ വെണ്ണക്കായിൽ തലവാചകം അടിക്കരുതു്, "ഇൻഡ്യയിലെ സാധാരണക്കാർ സ്റ്റാക്കഹാം അഭ്യർത്ഥനയെ പ്രതിധ്വനിപ്പിക്കുന്നു" എന്നു്. ഇന്നുവരെ ഈ സമാധാനപ്രസ്ഥാനത്തിന്റെ പിന്നിലുള്ള തലകമ്മ്യൂണിസ്റ്റുകളുടേതാണെന്നു ഞാൻ വിശ്വസിക്കുന്നു. ആ പരമാർത്ഥം അവർ അഭിമാനത്തോടുകൂടി സമ്മതിക്കണം. അല്ലാതെ അവരുടെകൂടെയുള്ള ചില കമ്മ്യൂണിസ്റ്റുകളുടെ നിഴലിൽ ഒളിച്ചിരിക്കുവാൻ ശ്രമിക്കരുതു്.

സമാധാനപ്രസ്ഥാനം സമഭോനകാംക്ഷികളെയെല്ലാം ഉൾക്കൊള്ളുന്ന ഒരു ഐകൃമുന്നണിയാക്കുവാൻ നിങ്ങൾ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ, അതിനുവേണ്ടി ശ്രമിക്കുകതന്നെവേണം എന്റെ എളയെയും ആത്മാവും നിങ്ങളുടെകൂടെയുണ്ടായിരിക്കും. പക്ഷെ ഇന്നു ഐകൃമുന്നണിയില്ല! ഒരു മുന്നണി മാത്രമേയുള്ള. ഫാർഖർ ആശ്രമത്തിലെ ആത്മാർത്ഥതയുള്ള ചില ഗാന്ധിഭക്തന്മാരും — ഒരു നാട്ടുവാഴിപോലും—സമാധാന പ്രമേയത്തിൽ ഒപ്പുവച്ചിട്ടുണ്ടായിരിക്കാം. പക്ഷെ ഇന്നുവരെ സമാധാന പ്രസ്ഥാനത്തിന്റെ ഉത്ഭവവും വളർച്ചയും നിയന്ത്രണവും കമ്മ്യൂണിസ്റ്റ് കാരുടേതാണെന്നുള്ളതാണു് പരമാർത്ഥം. ഈ പരമാർത്ഥം മറച്ചുവയ്ക്കുന്നതു കൊണ്ടു് ഒരു കാര്യവുമില്ല. സമാധാനത്തിനു വേണ്ടി ശബ്ദമുയർത്തുന്നതു് മഹനീയമായ ഒരു സേവനമാണു്. ഈ സേവനത്തിനു് സന്നദ്ധമായ പ്രഥമരാഷ്ട്രീയ കക്ഷി കമ്മ്യൂണിസ്റ്റുകളാണെന്നു് അവർ അഭിമാനത്തോടുകൂടി അവകാശപ്പെടേണ്ടതാണു്.

മാത്രമല്ല ഇന്നത്തെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം നാളത്തെ സർവ്വകക്ഷി പ്രസ്ഥാനമോ കക്ഷിരഹിതപ്രസ്ഥാനമോ ആയി രൂപഭേദം കൈക്കൊള്ളുന്നതിലും അതിശയിക്കാനില്ല. ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള മറവിൽ ആദ്യം മുഴങ്ങിക്കേട്ടതു് കാൺഗ്രസ്സ് പ്ലാറ്റ് ഫാറത്തിലാണെങ്കിലും ഏതൊ താമസിയാതെ അതു് ഇൻഡ്യാക്കാരുടേയെല്ലാം ഹൃദയങ്ങളിൽ മുഴങ്ങി കർഷകരുടേയും തൊഴിലാളികളുടേയും അവകാശങ്ങൾക്കു വേണ്ടി ആദ്യം ശബ്ദമുയർത്തിയതു് കമ്മ്യൂണിസ്റ്റുകളും സോഷ്യലിസ്റ്റുകളുമാണു്. പക്ഷേ ഇന്നു് പുരോഗമനാശയമുള്ള എല്ലാ പാർട്ടികളും അത്തരം മൌലികാവകാശങ്ങൾക്കു വേണ്ടി നിലകൊള്ളുന്നു, അതുപോലെ സമാധാനവാഞ്ഛ അടിസ്ഥാനപരവും പ്രാഥമികവും, ആയ ഒരു മനുഷ്യാവകാശമാണു്. ഈ അഭിവാഞ്ഛ എല്ലാ ഇൻഡ്യാക്കാരുടെയും മാത്രമല്ല ലോകത്തുള്ള മനുഷ്യരുടേയെല്ലാം ഹൃദയത്തെ തൃപ്തിപ്പിക്കുമെങ്കിൽ അതിൽ അത്ഭുതപ്പെടുവാനുമില്ല. പക്ഷേ ഈ സാർവ്വലൌകികത്വം ഇതുവരെ ഒരു യാഥാർത്ഥ്യമായിത്തീർന്നിട്ടില്ല. എന്തുകൊണ്ടു്? എന്തുകൊണ്ടെന്നു് സ്വയം ചോദിക്കുവാൻ ഞാൻ ഓരോരുത്തരോടും അഭ്യർത്ഥിക്കുന്നു.

"മറ്റൊരു കമ്മ്യൂണിസ്റ്റ് കുസൃതി"

സമാധാനവാഞ്ഛ, സ്വാതന്ത്ര്യവാഞ്ഛപോലെ മനുഷ്യനു് ജന്മസിദ്ധമാണു് പക്ഷെ ഹൃദയ

—കുമുദി ആഴ്ചപ്പതിപ്പു്—

നന്തർലീനമായ ഈ നീശുബ്ദാടിവാഞ്ഛാ സിംഹനാദമെള്ള സാർവ്വത്രികമായ സമാധാനകാംഹളമായി ലോകമെങ്ങും മുഴങ്ങിക്കേൾക്കണമെന്നുണ്ടെങ്കിൽ ബുദ്ധിപൂർവകവും, പ്രായോഗാത്മകവും നിസ്വാർത്ഥവുമായ നേതൃത്വം കൂടിയേകഴിയൂ. ആ വിജയകാഹളം യുദ്ധക്കൊതിയന്മാരെ, ഹിംസയുടെ മൂലബീജങ്ങളെ ഉന്മൂലനാശം ചെയ്യും, ആറ്റംബോംബുപോലുള്ള സംഹാരായുധപ്രയോഗത്തെ അധികാര സിംഹാസനത്തിൽ നിന്നും തല കീഴായി നിലംപതിപ്പിക്കുകയും ചെയ്യും.

സഖാക്കളെ, നിങ്ങളുടെ സമാധാന പ്രസ്ഥാനത്തിനു ഇതിനുള്ള കഴിവു സംജാതമായിട്ടുണ്ടോ? ഭയപ്പെടുത്തുന്ന നിങ്ങളുടെ ചുറ്റുപാടുകളിൽ കാണുന്ന അതിശയോക്തികരങ്ങളായ നിറം കൊടുത്തവാർത്തകളും നിങ്ങളെ തെറ്റിദ്ധരിപ്പിക്കരുതു്. ബസ്സിലും, റോഡിലും റേഷൻ കടയ്ക്കു സമീപവും കമ്പോളത്തിലും കവലയിലും കടിലിലും, കുശുമ്പത്തിലും കണ്ണോടിച്ചു നോക്കുകജനങ്ങളോടു് നിങ്ങൾആരുടെ പേരുപറഞ്ഞാണു് ഏപ്പോഴും ആണയിടാറുള്ളതു് ആ ജനങ്ങളോടു്—ചോദിക്കുക ആസന്നമായ യുദ്ധവിപത്തിനെപ്പറ്റി അവക്കു് അറിയാമോ എന്നു്; സമാധാനപ്രസ്ഥാനത്തെപ്പറ്റി അവർ കേട്ടിട്ടുണ്ടോ എന്നു്.

നമ്മുടെ ജനങ്ങളിൽ ബഹുഭൂരിപക്ഷവും ഈ സമാധാനത്തിനുള്ള മുറവിളിയെപ്പറ്റി കേട്ടിട്ടില്ലെങ്കിൽ, നിങ്ങൾ സ്വയം ചോദിക്കുക. എന്തുകൊണ്ടു്? എന്തുകൊണ്ടു്? എന്തുകൊണ്ടു്?

ഇതുവരെ സമാധാനപ്രസ്ഥാനം, അതിന്റെ സാർവ്വത്രികാടിസ്ഥാനത്തിനുള്ള മുദ്രാവാക്യങ്ങളുടെ പശ്ചാത്തലത്തിൽപോലും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു രണ്ടാം അരങ്ങുപോലെ സങ്കുചിതമായതുകൊണ്ടല്ലേ? ജനങ്ങളിൽ ഭൂരിഭാഗവും ഈ പ്രസ്ഥാനത്തെ തെറ്റായോ ശരിയായോ "മറ്റൊരു കമ്മ്യൂണിസ്റ്റ് കസർത്തായി" കരുതുന്നതുകൊണ്ടല്ലേ? മാത്രമല്ല, പല കമ്മ്യൂണിസ്റ്റുകാരും അവരുടെ അനാവശ്യവും അർത്ഥശൂന്യവുമായ അവേശത്തിന്റെ ബഹിർഗമനം വഴി, സമാധാനത്തിന്റെ ഉറവബന്ധുക്കളായ മാന്യ അകമ്മ്യൂണിസ്റ്റ് പുരോഗമന വാദികളെ കുറച്ചൊപ്പട്ടത്തിയതു കൊണ്ടല്ലേ? കക്ഷിതാല്പര്യങ്ങളും സങ്കുചിതങ്ങളായ ആദർശ പക്ഷപാതിത്വവും മൂലമല്ലേ ഇങ്ങനെ സംഭവിച്ചിട്ടുള്ളതു്? കൂടാതെ, യഥാർത്ഥമായ ഒരു ബഹുജന പ്രക്ഷോഭണമായി ഇതിനെ വളർത്തുവാനുള്ള ഭാവനാസമ്പന്നതയും, പദ്ധതിയില്ലായ്മയുമല്ലേ കാരണം?

ലോകം അശിക്കുവാൻപോകുന്നു!

ഈ ചോദ്യങ്ങളും ഒരുപക്ഷെ വളരെ ദൂരത്തുപോയിട്ടുണ്ടാവാം. പക്ഷേ ഇൻഡ്യയിൽ മാത്രമല്ല ലോകമെങ്ങും ഈ സമാധാനപ്രക്ഷോഭണം കൊടുങ്കാറ്റുപോലെ ആഞ്ഞടിക്കണമെന്നും അതിന്റെ ഫലമായി, മൂന്നാംമഹായുദ്ധത്തിന്റെ ശപ്തമായ ഉന്നിഴലാട്ടം കഴിവാക്കി, അണു ബാംബിന്റെ ഭീകരതയിൽനിന്നു ലോകത്തെ രക്ഷിക്കണമെന്നും ആഗ്രഹമുള്ളതുകൊണ്ടാണ് ഞാൻ ഇങ്ങനെ ചോദിച്ചുപോകുന്നതു്. അതുകൊണ്ടാണു് വ്യക്തിപരങ്ങളായ പല വിമ്മിഷ്ടങ്ങളും വിരോധങ്ങളും വിസ്മരിച്ചു, രണ്ടോളം വർഷങ്ങൾക്കുശേഷം വീണ്ടും നിങ്ങളെ അഭിമുഖീകരിക്കുവാൻ ഞാൻ സന്നദ്ധനായതു് എന്തെന്നാൽ സമാധാനം എന്നെയും എന്റെ കഥയില്ലാത്ത ഔഭിമാനത്തെയും കാൾ വളരെ വിലയേറിയതാണെന്നു് എനിക്കറിയാം. സമാധാനം ഏതുപാർട്ടിയേക്കാളും വലുതാണു് - അതേ, കമ്മ്യൂണിസ്റ്റ് പാർട്ടിയിലും വലുതു തന്നെയാണു്. അതു് ദേശീയഹൃദയത്തിനും, വർഗ്ഗതാല്പര്യത്തിനും മീതെയാണു് കലയും സാഹിത്യവും സംസ്കാരവും ഗവൺമെന്റും രാജ്യവും എല്ലാം സമാധാനത്തിനു് താഴെ നിൽക്കേയുള്ളു.

മുദ്രാവാക്യങ്ങൾ അല്പന്മാരെക്കൊണ്ടു് വിസ്മരിച്ചുകൊണ്ടു്, നഗ്നവും ക്രൂരവുമായ യഥാർത്ഥ്യങ്ങളെ നമുക്കു നോക്കാം. ഒരു മൂന്നാംമഹായുദ്ധമുണ്ടായാൽ, ആറ്റംബാംബുപ്രയോഗിക്കപ്പെടും. മനുഷ്യരാശി ഉന്മൂലനാശം ചെയ്യപ്പെടും. പിന്നെ ഈ രാജ്യവും ആ രാജ്യവും, പാർട്ടിയും കലയും സാഹിത്യവും ഒന്നും അവശേഷിക്കയില്ല അതുകൊണ്ടു യുദ്ധമോ സമാധാനമോ എന്ന പ്രശ്നം ഭീകരവും സാർവ്വത്രികവുമായ ഒരു അടിയന്തിര പ്രശ്നമാണു്. അതുകൊണ്ടു് മറ്റെല്ലാം വിസ്മരിച്ചു മനുഷ്യത്വത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നത്തെസമീപിക്കുക തന്നെ വേണം സമാധാന പ്രസ്ഥാനം ഒരു പാർട്ടിയുടേയോ രാജ്യത്തിന്റേയോ ചില രാജ്യങ്ങളുടേയോ പരിധിയിൽ ഒതുക്കിനിറുത്തുവാൻ ശ്രമിക്കുന്നതു്, നിങ്ങൾ അണിനിരന്നിരിക്കുന്ന മഹനീയ പ്രസ്ഥാനത്തെ വഞ്ചിക്കുകയായിരിക്കും.

അതുകൊണ്ടു് ആദ്യമായി നാമോരോരുത്തരും നല്ലവണ്ണം ഏതെയ പരിശോധനയടത്തി വ്യവസ്ഥിതമായി, പരിപൂർണ്ണമായി യഥാർത്ഥമായി നാം സമാധാനം ആഗ്രഹിക്കുന്നുണ്ടോ എന്നു് തീരുമാനിക്കേണ്ടതാണു്. അതോ ഏതെങ്കിലും ഒരു രാജ്യത്തിലോ പരിതഃസ്ഥിതിയിലോ മാത്രമാണോ നാം സമാധാനം കൊതിക്കുന്നതു് നാം എല്ലാ യുദ്ധത്തിനും—വലുതും ചെറുതുമായ ഏതുയുദ്ധത്തിനും—എതിരാണോ? അതോ ചില രാജ്യങ്ങളെ അഥവാ താല്പര്യങ്ങളെ ഹാനികരമായി സ്പർശിക്കുമ്പോൾ മാത്രമെ നാം സമാധാനംകൊതിക്കുന്നുള്ളോ? ആറ്റംബാംബു എന്നെന്നേക്കും നിഷ്ക്കാസനംചെയ്യുന്നതിലോ, അതല്ല ചില രാജ്യക്കാർമാത്രമേ അതുകൈവശം വയ്ക്കുന്നതിൽ മാത്രമാണോ നമുക്കു താല്പര്യമുള്ളതു്? അവസാനമായി നാം എന്തുകൊണ്ടാണു് യുദ്ധത്തിനു എതിരായി നിൽക്കുന്നതു്? എന്തെങ്കിലും തത്വപരമോ ആദർശപരമോ ആദ്ധ്യാത്മികമോ ആയ കാരണങ്ങൾകൊണ്ടോ അതല്ല മനുഷ്യത്വത്തിന്റെ പേരിൽ—മനുഷ്യജീവന്റെ പേരിൽ,—ആറ്റംബാംബു് നിരപരാധികളെയാണു് കൊന്നൊടുക്കുന്നതു് എന്നതിന്റെ പേരിൽ ആണോ നാം യുദ്ധത്തെ എതിർക്കുന്നതു്.

ചുരുക്കിപ്പറഞ്ഞാൽ, യുദ്ധത്തിനെതിരായ നമ്മുടെ നില, അക്രമം കഴിയുന്നത്ര കുറവുചെയ്യുകൊണ്ടുള്ള യഥാർത്ഥ സമാധാനത്തിനുവേണ്ടിയായിരിക്കണം. സാർവ്വലൌകികമായ സൌഹാർദ്ദതയും, പരസ്പര ധാരണയും പുലർത്തുന്നതിനു് ഉദ്ദേശിച്ചായിരിക്കണം അതിനുപകരം ആറ്റംബാബിനെ നിരോധിച്ചുകൊണ്ടു് അതിലും നശീകരണശക്തികുറഞ്ഞ വിഷവാതകം പോലെ എന്തെങ്കിലും ഉപയോഗിക്കുന്നതിനു വേണ്ടിയാണോ നാം നിലകൊള്ളേണ്ടതു്?

ആറ്റംബാംബിട്ടാൽ?

ഈ ചോദ്യങ്ങളെല്ലാം ഞാൻ സ്വയം ചോദിക്കുകയും സമാധാനം എന്തുവില നൽകിയായാലും വേണമെന്നു് ഞാൻ തീരുമാനിക്കുകയും ചെയ്തു. സമാധാനത്തിന്റെ പ്രഥമപടിയായി ആറ്റംബാംബിനെ പരിപൂർണ്ണമായി നിരോധിക്കണമെന്നാണു് എന്റെ അഭിപ്രായം അതുകൊണ്ടാണു് ഞാൻ സമാധാനഭ്രാന്തനായിൽക്കപ്പുവച്ചതു്. പക്ഷേ ഒരു രാഷ്ട്രവും എന്തു പ്രകോപനത്തിന്റെ പേരിലും ആറ്റംബാംബു പ്രയോഗിക്കുവാൻ പാടില്ല എന്നൊരു വ്യവസ്ഥകൂടി എനിക്കു് ഉറപ്പുവരുത്തുവാനുണ്ടു്. ആറ്റംബാംബു ഒരു ആയുധമല്ല. ജീവന്റെ വേരറുക്കുന്ന ഒരു മഹാമാരിയാണു്.

ആറ്റംബാംബു ആദ്യം പ്രയോഗിക്കുന്ന രാഷ്ട്രത്തെ മാത്രം പഴിക്കുന്നതിൽ അർത്ഥമില്ല. എന്തെന്നാൽ പ്രതികാരനടപടിയെന്ന വ്യാജേന ആറ്റംബാംബു പ്രയോഗിക്കുവാൻ യുദ്ധക്കൊതിയന്മാർ സന്നദ്ധരാകുന്നതാണു്. അഞ്ചു സെക്കണ്ടിനുള്ളിൽ രണ്ടു മഹച്ഛക്തികളും അന്യോന്യം ആറ്റംബാംബു പ്രയോഗിച്ചു തുടങ്ങുകയാണെങ്കിൽ ആരാണു് യഥാർത്ഥത്തിൽ ആദ്യം പ്രയോഗിച്ചതെന്നു് വിധി കല്പിക്കുവാൻ ആരെങ്കിലും അവശേഷിക്കുന്നുണ്ടായിരിക്കുമോ.

അതുകൊണ്ടു്, സമാധാനപ്രതിജ്ഞയിൽ ഒതുങ്ങിനിന്നുകൊണ്ടു്, ആറ്റംബാംബിനെ പരിപൂർണ്ണമായി, യാതൊരു വ്യവസ്ഥയും വിധേയമല്ലാതെ ബഹിഷ്കരിക്കുകയാണു് വേണ്ടതു് യുദ്ധസാമഗ്രികളും കുറവുചെയ്യുവാനും, യുദ്ധത്തിനു കാരണമാക്കിയേക്കാവുന്ന വിവാദങ്ങളും സമാധാനപരമായി പറഞ്ഞൊതുക്കുവാനും, ആവശ്യപ്പെടണം. അങ്ങനെചെയ്താൽ ഈ സമാധാനപ്രക്ഷോഭണം ഏതെങ്കിലും ഒരു പാർട്ടിയുടേയോ രാജ്യത്തിന്റേയോ സ്വാർത്ഥലാഭത്തിനു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്ന തെറ്റിദ്ധാരണ നീങ്ങും.

വാതായനങ്ങളും തുറന്നിടുക

മുദ്രാവാക്യങ്ങളും, മുഷ്ടിവിചാരങ്ങളും കൊണ്ടുമാത്രം സമാധാനം സംസ്ഥാപിക്കുക സാദ്ധ്യമല്ല നാം

സമാധാനം ആവശ്യപ്പെടുമ്പോൾ, യുദ്ധമുണ്ടാക്കുന്ന സാഹചര്യങ്ങളെല്ലാം അവസാനിപ്പിക്കണമെന്നും ആവശ്യപ്പെടേണ്ടതാണ്.

എന്റെ അഭിപ്രായത്തിൽ, യുദ്ധത്തിനിടയാക്കുന്ന രണ്ടുപ്രധാനഹേതുക്കളുണ്ട്. ഒന്നാമതായി സാമ്രാജ്യത്വം അശക്തങ്ങളായ ചെറുരാജ്യങ്ങളെ കീഴടക്കി തങ്ങളുടെ സൈനിക സാമ്പത്തികശക്തിയെ വർദ്ധിപ്പിക്കുവാനുള്ള ചില വൻകിടരാഷ്ട്രങ്ങളുടെ ദുർമ്മോഹം.

രണ്ടാമതായി വിദ്വേഷപ്രചരണത്തിന്റെയും, ഭീതിയുടെയും, തെറ്റിദ്ധാരണകളുടെയും ഫലമായി വിവിധരാഷ്ട്രങ്ങളും തമ്മിൽ ഉണ്ടാകുന്ന പരസ്പരവിശ്വാസം. ഈ രണ്ടു കാരണങ്ങളും ഇല്ലാതാക്കിത്തീർക്കാതെ, ആറംഭാംബിനെ നിഷ്കാസനം ചെയ്യുകൊണ്ടുമാത്രം സമാധാനം സാദ്ധ്യമായിത്തീരുകയില്ല. ഐക്യരാഷ്ട്രസഭ എന്തെല്ലാം പ്രമേയങ്ങൾ പാസ്സാക്കിയാലും, മറ്റു രാഷ്ട്രങ്ങളും രഹസ്യമായി സൈനികസജ്ജീകരണം നടത്തുന്നുവെന്നുള്ള ഭയം നിലവിലിരിക്കുമ്പോൾ, ഒരു രാഷ്ട്രം ആയുധീകരണം മുറ്റും തുടർന്നുകൊണ്ടുതന്നെയിരിക്കും എല്ലാ രാജ്യക്കാരും വാതിലുകൾ തുറന്നിടട്ടെ. ആരു വേണമെങ്കിലും വന്നു എന്തുവേണമെങ്കിലും കണ്ടുകൊള്ളട്ടെ. സഞ്ചാരസ്വാതന്ത്ര്യം അനുവദിച്ചും, വിവിധരാഷ്ട്രങ്ങളും തമ്മിലുള്ള കൃത്രിമങ്ങളായ അതിർത്തികളും ഇല്ലാതാക്കിയും അന്യോന്യഭയവും വിശ്വാസരാഹിത്യവും ഇല്ലാതാക്കട്ടെ. അജ്ഞതയിൽ നിന്നു് വിശ്വാസമില്ലായ്മയും അതിൽ നിന്നു് ഭയവും ഭയത്തിൽ നിന്നു് അക്രമവും ഉണ്ടാകുന്നു. അതുകൊണ്ടു് ഈ പാസ്സ്പോർട്ടുകളും ചെർമിറകളും ഇല്ലാതാക്കിത്തീർക്കണം. ഇൻഡ്യയിലും മറ്റെല്ലാരാജ്യങ്ങളിലും ഈ ഏർപ്പാട് ഇല്ലാതാക്കിത്തീർക്കുവാൻ നാം ഉടനടി ആവശ്യപ്പെടണം.

ഒരു സമാധാനകാംക്ഷിയുടെ കമ്പസാരം

എന്റെ അഭിപ്രായത്തിൽ മറ്റെല്ലാരാജ്യങ്ങളെക്കാളും ഇൻഡ്യയിലാണ് സമാധാനത്തിനു് ഏറ്റവും പറ്റിയ മണ്ണുള്ളതു്. നമ്മുടെ ചരിത്രവും, ഭൂമിശാസ്ത്രവും, ദേശീയപാരമ്പര്യവും പ്രാഥമികമായും നമ്മെ സമാധാനപ്രിയരായ ഒരു രാഷ്ട്രമാക്കിത്തീർത്തിട്ടുണ്ട്. അക്രമാസക്തി സാധാരണക്കാരനായ ഒരു ഇൻഡ്യക്കാരനു് വളരെ കുറവാണ്. ബുദ്ധന്റെയും ഗാന്ധിയുടേയും പാരമ്പര്യം ഇന്നും ഇൻഡ്യയിൽ ജീവിക്കുന്നു. ആ പാരമ്പര്യത്തിന്റെ പ്രചോദനം ബീജാവാപംചെയ്യുന്ന ഒരു ഇൻഡ്യൻ സമാധാനപ്രസ്ഥാനം, ഇൻഡ്യയുടെ അനശ്വരമായ സമന്വയസ്പൃഹയുടെ പശ്ചാത്തലത്തിൽ സാർവ്വലൗകിക സമ്മനോഭാവത്തിനും, ഐക്യത്തിനും, എല്ലാരാജ്യത്തുമുള്ള സാധാരണക്കാർ യുദ്ധക്കൊതിയന്മാക്കും മൃഷ്കന്മാക്കും എതിരായി അണിനിരക്കുന്നതിനും പ്രചോദനം നൽകുമെന്നു് ഞാൻ വിശ്വസിക്കുന്നു.

അതുകൊണ്ടു് നിങ്ങളുടെ സമാധാനപ്രസ്ഥാനത്തിന്റെ അടിസ്ഥാനം വികസിപ്പിച്ചു്, അതിന്റെ പ്രേരണ ഒരു പാർട്ടിയിൽപെട്ടവരുടേയോ ഒരു ആദർശത്തിൽ വിശ്വസിക്കുന്നവരുടേയോ മാത്രമല്ല, നമ്മുടെ ജനങ്ങളുടെയെല്ലാം ഹൃദയത്തിൽതട്ടി അവരെ ഒരു സാർവ്വലൌകിക സമാധാനസേനയുടെ മുന്നണി സേനകളാക്കുവാൻ തയ്യാറാക്കുന്ന ഒന്നാക്കിത്തീർക്കുവാൻ നിങ്ങൾ തയ്യാറുണ്ടോ?

അതിനു് തയ്യാറുണ്ടെങ്കിൽ, ഇതാ എന്റെ ഹൃദയപൂർവ്വകമായ സന്നദ്ധഹസ്തം—മറുകയ്യുങ്ങളിൽ നിങ്ങളോടു് യോജിക്കാത്ത ബാഹ്യസഹസ്രം ജനങ്ങളുടെ ഹസ്തങ്ങളും ഒരു യഥാർത്ഥ സമാധാനപ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ നിങ്ങളെ സഹായിക്കുവാൻ സന്നദ്ധമാകുമെന്നുള്ളതിൽ സംശയമില്ല.

എന്റെ അഭിപ്രായങ്ങൾ നിങ്ങളിൽ പലരും സ്വച്ഛന്ദജീവിയായ ഒരു ബൂർഷ്വായുടെതാണെന്നു് പരിഹസിച്ചേക്കാം. പക്ഷേ ഒരു കാര്യം നിങ്ങൾ ഓർക്കണം. എന്നെപ്പോലെകോടിക്കണക്കിനു് ആളുകളുണ്ടു്.

കമ്മ്യൂണിസ്റ്റുകാരുടെ വിരുദ്ധപ്രസ്സിൽ എന്നെ ഒരു "സഹചാരി"യായി ചിത്രീകരിക്കുമെന്നും എനിക്കറിയാം. എന്നെ അങ്ങനെ പലപ്പോഴും വിളിച്ചിട്ടുണ്ടു്. പക്ഷേ ആക്ഷേപിക്കുവാൻ ഉദ്ദേശിച്ചുള്ള ഈ പേരു് എന്നെ അഭിമാനിപ്പിക്കുകമാത്രമാണു് ചെയ്തിട്ടുള്ളതു്. അതേ ഞാൻ ഒരു "സഹചാരി" തന്നെയാണു്—കമ്മ്യൂണിസ്റ്റുകളുടെയും സോഷ്യലിസ്റ്റുകളുടെയും, കോൺഗ്രസ്സുകാരുടെയും, കക്ഷിരഹിതന്മാരുടെയും, മാത്രമല്ല ഇന്നും നാളെയും മറന്നാളും എന്നും സമാധാനത്തിന്റെ പാതയിൽകൂടി യാത്രചെയ്യുന്നവരുടെയെല്ലാം "സഹചാരി"യാണു് ഞാൻ. എതായാലും, ഒരു കൈകൊള്ളക്കാരനേക്കാൾ, "സഹചാരി"യാകുകയാണു് ഭേദം.

———

പല പ്രായത്തിലും, ഏതു ശീതോഷ്ണാവസ്ഥയിലും പലവിധരോഗങ്ങളോടുകൂടിയ ഒട്ടുവളരെ യുവാക്കന്മാരും യുവതീകളും വൃദ്ധന്മാരായ പുരുഷന്മാരും



ഗോൾഡ്-ഇൻ-ച്യവനപ്രാശ്


ദിവസേന ഉപയോഗിച്ചു് പരീക്ഷിച്ചിട്ടുണ്ടു്. അവരിൽ 95 ശതമാനം ആളുകളും നല്ല ആരോഗ്യവും കായികശക്തിയും, സൗന്ദര്യവും സമ്പാദിച്ചു്, സന്തുലിത ശർക്കരയായിത്തീർന്നു—ഈ മേൽത്തരം ടോണിക്കു് ഉപയോഗിക്കുന്നതിനു മുമ്പു് അവർ ശരീരസംരക്ഷണത്തിനു ഉപയോഗിച്ചു വന്നിരുന്ന ഔഷധങ്ങളും ഒന്നുതന്നെ, ഇത്ര അത്യാശ്ചര്യജനകമായ ഫലത്തെ പ്രദാനംചെയ്തിരുന്നില്ല.

ചുമ, നെഞ്ചുവേദന, നാഡീക്ഷീണം, ശ്വാസതടസ്സം, ഒച്ചയടപ്പു്, മൂത്രത്തിൽ ശുക്ലംകലർന്നിരിക്കുക, ശിരഃസ്നായുക്ഷീണം, ശരീരംമെലിച്ചിൽ മുതലായ അത്യുൽക്കടമായ രോഗങ്ങളെ നിശേഷം ഈ സിദ്ധൗഷധം മാറ്റി പൂർണ്ണസുഭഗത്വം, ഉൽസാഹം, ബുദ്ധിവർദ്ധനവു്, രക്തവർദ്ധനവു്, ധാതുബലം, അവയവ വളർച്ച, ശരീരബലം എന്നിവകളെല്ലാം അവർ സമ്പാദിച്ചു. നിങ്ങളും ഓരോരുത്തരും ഇത്രമാത്രം ചെയ്യുക. ദിവസേന ആഹാരത്തിനുശേഷം **ഗോൾഡ്-ഇൻ-ച്യവനപ്രാശ്** ഉപയോഗിക്കുക. ഉന്മേഷം ഉണ്ടാക്കുന്നതും, ശരീരം വളർത്തുന്നതും രോഗങ്ങളെ നിശേഷം മാറ്റുന്നതുമായ മേന്മയേറിയ ആ രോഗശമനഗുണാംശങ്ങളും ധാരാളം അതിൽ അടങ്ങിയിട്ടുണ്ടു്. ഇന്നുമുതൽ ഈ സിദ്ധൗഷധം ഉപയോഗിച്ചുതുടങ്ങുക. പഥ്യവുമില്ല.

ഒരു റാത്തൽടിന്നിനു 5 രൂ. 8ണ, വി. പി. ചെലവു പുറമെ.

നിർമ്മാതാക്കൾ—

ശ്രീവഞ്ചിരാജ്യ ആയുർവ്വേദഫാർമസി
ആലപ്പുഴ S. I.



നാളത്തെ പ്രഭാതം

എം. ഗോപിനാഥൻപിള്ള
പെരുമ്പാവൂർ

ബൂർഷ്വാപത്രങ്ങൾപോലും ആ മരണത്തിനു വലിയ പ്രാധാന്യം നൽകി വെണ്ണക്കല്ലിൽ പ്രസിദ്ധീകരിച്ചു. അവർക്കറിയാം അന്നു പത്രം ആയിരക്കണക്കിനു വിറ്റഴിയുമെന്ന്. കറുത്തിരുണ്ട അന്നത്തെ പ്രഭാതം നൽകിയ ദാരുണവാർത്തയാണല്ലോ—ലാക്കപ്പിൽ കിടന്നുള്ള ചന്ദ്രന്റെ മരണം. അതെ ചന്ദ്രൻ മരിച്ചു സാധാരണക്കാരന്റെ ഒരു പടയാളി അങ്ങനെ മരിച്ചു. ആ മരണം ഇന്നാട്ടിലെ കാരോ സാധാരണക്കാരനും—ഓരോ തൊഴിലാളിയും കർഷകനും താങ്ങാനാവാത്ത ഹൃദയവ്യഥയോടെയാണു ശ്രവിച്ചതു് ഇന്നത്തെ സക്കാരിന്റെ കയ്യിൽ കിട്ടിയ ഒരു തൊഴിലാളി പ്രവർത്തകന്റെ മരണം—അതിലത്ര അത്ഭുതമെന്നുമില്ലെന്ന നമുക്കറിയാം.

ചന്ദ്രൻ ഒരു വ്യക്തിയല്ലാ മർദ്ദിതജനതയുടെ അവകാശങ്ങൾക്കുവേണ്ടി മർദ്ദകരോടടരാടുന്ന ധീരനാണു ചന്ദ്രൻ. ഇന്നാട്ടിലെ മർദ്ദിതരെ പ്രതിനിധീകരിക്കുന്നവനാണു ചന്ദ്രൻ. ചന്ദ്രന്റെ രാഷ്ട്രീയജീവിതം ഇന്നുമിന്നലെയുമാരംഭിച്ചതുമല്ലാ. വിപ്ലവത്തിനുവേണ്ടി വിപ്ലവകാരിയായതുമല്ലാ. സാധാരണക്കാരന്റെ ബുദ്ധിമുട്ടുകൾ കണ്ടും അനുഭവിച്ചുമാണു് അവനൊരു വിപ്ലവകാരിയായതു്.

'കിരാത'ന്റെ തേർവാഴ്ച ഇന്നാട്ടിൽ നടമാടിയിരുന്നപ്പോൾ—നേതാക്കന്മാരെല്ലാം മറുനാട്ടിൽ ജീവിച്ചപ്പോൾ അവനൊരു വിപ്ലവാർത്ഥിയായിരുന്നു. തന്റെ നാട്ടുകാർ മർദ്ദനത്തിന്റെ തീച്ചൂളയിൽ വെന്തുരുകുന്നതു കാണുവാനും തന്റെ സ്വന്തം പിതാവു്—കാരാഗൃഹത്തിന്റെ കറുത്തിരുണ്ട കാരിരുമ്പഴിക്കുള്ളിൽ കിടന്നു നരകിക്കുന്നതു കാണുവാനും തക്ക കരുത്തില്ലായിരുന്നു ചന്ദ്രന്. വിപ്ലവജീവിതം പുല്ലുപോലെ വലിച്ചെറിഞ്ഞ് സമരത്തിനു നേതൃത്വം കൊടുക്കുവാനവനിറങ്ങിത്തിരിച്ചു. നിലവിലിരിക്കുന്ന ഭരണകൂടത്തിന്റെ കളിപ്പാവയായ യൂണിവേഴ്സിറ്റി ചന്ദ്രനെ ബഹിഷ്ക്കരിക്കുന്നതിൽ ഒട്ടും "അനൗചിത്യം" കാണിച്ചില്ലാ. അങ്ങനെ അന്നുമുതൽ നാട്ടുകാരുടെ പടയാളിയായിട്ടാണ് ചന്ദ്രനെ ലോകം അറിയുന്നതു്.

സ്വാതന്ത്ര്യത്തിന്റെ പ്രഥമകിരണങ്ങൾ ഭാരതത്തെ തഴുകിത്തുടങ്ങിയകാലം—നമ്മുടെ കൊച്ചുരാജ്യം ധീരമായ ഒരു സമരത്തിനു് കോപ്പുകൂട്ടുകയായിരുന്ന നേതാക്കന്മാരെല്ലാം തൊഴിലാളി-വിദ്യാർത്ഥി വിഭാഗങ്ങൾക്കു് ഉപദേശങ്ങളും ആഹ്വാനങ്ങളും നൽകിക്കൊണ്ടു് മറുനാട്ടിൽ 'ധീരമായ്' ഒളിച്ചിരുന്നപ്പോൾ സ: ചന്ദ്രനും കൂട്ടരുമായിരുന്നു ഇന്നാട്ടുകാരുടെ സമരം വിജയിപ്പിച്ചതു്. ലോകസമർത്ഥനായ ആ ഭരണാധികാരിയെ വിറപ്പിച്ച ചങ്കുറ്റം ചില വ്യക്തികളിൽ പ്രമുഖനായിരുന്ന ചന്ദ്രൻ നേതാക്കന്മാരെല്ലാം 'പുറത്തും' പ്രവർത്തകരെല്ലാം അകത്തും ആയിരുന്ന സമയത്തു് സ്വാതന്ത്ര്യത്തിന്റെ മധുസന്ദേശങ്ങളും വിളമ്പാൻ—നാടിനെ സ്വതന്ത്രമാക്കാനാഹ്വാനം ചെയ്തുകൊണ്ടു് നാടാകെ ഓടിനടക്കുകയായിരുന്ന ചന്ദ്രനും സഖാക്കളും. നീതിയുടെയും നിയമത്തിന്റെയും പ്രവാചകരായ കാവൽ പട്ടികൾ—തെരുവുപട്ടികൾ തലോലിച്ചു വളർത്തുന്ന ബുദ്ധിപട്ടിവരെ പരക്കംപാഞ്ഞെങ്കിലും രാപകലില്ലാതെ സി.ഐ.ഡി കൾ അന്വേഷണം നടത്തിയെങ്കിലും ചന്ദ്രനെ പിടികിട്ടിയില്ലാ.

ഞാനന്ന് തിരുവനന്തപുരത്തു കോളേജിൽ വായിക്കുകയാണു്. സമരം കോളേജിലും എത്തി കോളേജടച്ചില്ല ലാഡ്ജിൽ രാത്രി ഉണ്ണാൻ കഴിഞ്ഞു. (ഉണ്ണാനും നിവൃത്തിയില്ല ഞങ്ങളിലും രാഷ്ട്രീയ പ്രവർത്തകരുണ്ടു് എപ്പോഴാണു് പോലീസ് വരുന്നതെന്നു നിശ്ചയമില്ലാ) ഇരിക്കുമ്പോഴാണു് ധീരതാടിയും വരയൻ ബൂഷ്കോട്ടുമിട്ട ഒരു പോലീസുകാരൻ വന്നു് കേശവൻനായരെ തിരക്കിയതു്. ഞാനും കേശവൻനായരും ഒരു മുറിയിലാണു്. ബൂഷ്കോട്ടുകാരനെ അങ്ങോട്ടു് ആരോ കൂട്ടിക്കൊണ്ടുവന്നു കേശവൻനായർ അളന്നിഞ്ഞാടിയെല്ലാം മാറിയപ്പോഴാണു ഞങ്ങളെല്ലാം അമ്പരക്കുക ചന്ദ്രൻ! നീണ്ടുമെലിഞ്ഞ ദേഹം. കൃത്യമായി ആഹാരവും വിശ്രമവും ഇല്ലാത്ത ആളൊന്നു വിളറിയിട്ടുണ്ടു്. ഇവിടത്തെ പോലീസ് കണ്ണിലെണ്ണയൊഴിച്ചു് കാത്തിരിക്കുന്ന ചന്ദ്രനാണു് ഞങ്ങളുടെ അതിഥിയെന്നറിഞ്ഞപ്പോൾ ഞങ്ങൾ വളരെ ആനന്ദിച്ചു. അന്നു രാത്രി പലതും ഞങ്ങൾക്കദ്ദേഹം പറഞ്ഞുതന്നു. ലാഡ്ജിലെ താമസക്കാർ പലരും അദ്ദേഹത്തിനു ചുറ്റും തടിച്ചുകൂടി. കുറഞ്ഞൊരു നേരത്തേയ്ക്കു പോലീസിന്റെ ചിന്തതന്നെ ഞങ്ങളെ വിട്ടൊഴിഞ്ഞു. കോൺഗ്രസ്, സോഷ്യലിസം, കമ്മ്യൂണിസം തുടങ്ങി പലതിനെപ്പറ്റിയും അദ്ദേഹം ഞങ്ങൾക്കു പറഞ്ഞുതന്നു. താമസിയാതെ രാത്രി ഗ്രാൻഹോട്ടലിൽ ചെല്ലുമെന്നു പോലീസിനെ തെറ്റിദ്ധരിപ്പിച്ചിട്ടുണ്ടെന്നും ഇന്നു രാത്രി പാവങ്ങൾ അവിടെ ചുറ്റി നടക്കയായിരിക്കുമെന്നും അദ്ദേഹം പറയാതിരുന്നില്ലാ. അന്നത്തെ സസ്സ് ഇന്നും മറക്കുവാൻ നിവൃത്തിയില്ലാ. ലോകമഹായുദ്ധത്തെപ്പറ്റി, റഷ്യൻവിപ്ലവത്തെപ്പറ്റി, ആധുനികാഫ്രിയെപ്പറ്റി, ഇന്തുൻ സോഷ്യലിസ്റ്റുകക്ഷിയെപ്പറ്റി, നാഷണൽ കോൺഗ്രസ്സിനെപ്പറ്റി അങ്ങനെ പലതിനെപ്പറ്റിയും അദ്ദേഹം അന്നു പറഞ്ഞു.

'അങ്കലാപ്പിന്റെ ബൂട്ട്സിന്റെ പടപടാശബ്ദംകേട്ടുതുടങ്ങി ചന്ദ്രൻ പറഞ്ഞു, 'കാവൽ പട്ടികൾ വരുന്നുണ്ടു കേറയാണാ കേട്ടതു്. പക്ഷേ എന്റെ പൊടിപോലും അവർക്കു കിട്ടുകയില്ലാ' നമസ്ക്കാരം. ആരോ പതുക്കെ വിളിക്കുന്നു. ചന്ദ്രൻ ഇരുളിൽ മറഞ്ഞു പുറവാതിലിൽകൂടി. കാവൽ പട്ടികൾ നാലുപാടും ആ പാവപ്പെട്ടവന്റെ പടയാളിയെ തിരഞ്ഞു നിരാശരായി മടങ്ങി. ആ കോപം കൊണ്ടു് തിരിഞ്ഞു ഞങ്ങളെയും കടിക്കേണ്ടതായിരുന്നു പക്ഷേ എന്തുകൊണ്ടോ അന്നതു് ചെയ്തില്ലാ ചന്ദ്രനും ഞാനുമായിട്ടുള്ള പരിചയം ക്രമേണ വർദ്ധിച്ചുവന്നു.

* * *

'കിരാത' ഭരണം അവസാനിച്ചു് 'ജനകീയം' തുടങ്ങി. പക്ഷേ ഇന്നാട്ടിലെ സാധാരണക്കാരൻ ആശിച്ച ഒരു ഭരണമല്ലായിരുന്നതു്. അഞ്ചുരൂപാ പോലീസ് വീണ്ടും ചന്ദ്രനെ തിരഞ്ഞുതുടങ്ങി ചന്ദ്രനെമാത്രമല്ലാ ചന്ദ്രനാംപ്പെട്ട പുരോഗമനകക്ഷിയെ മുഴുവൻ—തങ്ങളുടെ ആവശ്യങ്ങൾക്കും അവകാശങ്ങൾക്കും വേണ്ടി പൊരുതുന്ന നാട്ടുകാരെ മുഴുവൻ

ഇന്നത്തെ പോലീസു മന്ത്രിയും ചന്ദ്രനും ഒരു

[ഒരു വിദ്യാർത്ഥിയായ മി ഗോപിനാഥൻപിള്ളയെ കഥാകാരിയായ നക്കാർക്കു പരിചയപ്പെടുത്താൻ എനിക്കു സന്തോഷമുണ്ട്. ഒരു പുതിയ വ്യവസ്ഥിതിക്കുവേണ്ടി പൊരുതുന്ന—ആ സമരത്തിൽ കുടിഞ്ഞു വീഴുന്ന—തകർക്കപ്പെടുന്ന—അനേകായിരം ലക്ഷത്തിന്റെ ചിത്രം ഈ കഥയിലെ ചന്ദ്രനിൽകൂടി കാണാം. അനുഗൃഹീതമായ ഈ തൂലിക ഒരു പുതിയ ചെറുകഥാകൃത്തിനെ സൃഷ്ടിക്കുമെന്നു ഞാൻ ആശിക്കുന്നു,

കെ. ബാലകൃഷ്ണൻ]

വാസുദേവവിലാസം
ഭൃംഗകാന്തിച്ചൂർണ്ണം
പല്ലുകൾക്ക് നല്ല ഉറപ്പും
വണ്ണവും നൽകുന്നു
വാസുദേവവിലാസം
ആയുർവ്വേദ ഫാർമസി
കോട്ടയ്ക്കം, തിരുവനന്തപുരം.

രേ ലാക്കപ്പിൽ പലതവണ ഒന്നിച്ചു കിടന്നിട്ടുണ്ട്. മർദ്ദനത്തിന്റെ ഭീകരതകാരണം അനുഭവപ്പെടുമ്പോൾ—ഹൃദയമില്ലാത്ത പോലീസുസേനയുടെ കരുണയില്ലാത്ത പ്രവൃത്തികൾ കാണുമ്പോൾ—സഹനശക്തിയുടെ നെല്ലിപ്പലക തുളക്കുന്ന താഡനങ്ങൾക്കു വശപ്പെടുമ്പോൾ—പൂരപ്പാട്ടിനെ വെല്ലുന്ന മലയാള ശൈലികൾ അമ്മ പെങ്ങന്മാരുടെ നേർക്ക് അഴിച്ചുവിടുമ്പോൾ ഇന്നത്തെ പോലീസുമന്ത്രി ആവേശത്തോടെ പറഞ്ഞിട്ടുണ്ട് താനുൾപ്പെടുന്ന സംഘടനയുടെ ഭരണം വരുമ്പോൾ ഇതെല്ലാം അവസാനിപ്പിക്കുമെന്ന്. കെട്ടുങ്ങാത്ത ദുരിതങ്ങൾക്കും അന്തമില്ലാത്ത മർദ്ദനങ്ങൾക്കും ഇരയായിത്തീരുമ്പോൾ ഇന്നത്തെ മന്ത്രി പഞ്ഞിട്ടുണ്ട് താനീസംഘടനയിൽനിന്നും രാജിവച്ചു പുറത്തുപോകുമെന്ന്—ഈ മരണതുല്യമായ യാതനകൾക്ക് വിധേയനാവാൻ തന്നെക്കൊണ്ടാവില്ലെന്ന്. രാഷ്ട്രീയമായ ചേതിതീരിച്ചിൽ അന്നും അവർ തമ്മിലുണ്ടെങ്കിലും ഒരു പൊതുശത്രുവിനോടാണവർ പൊരുതിയതു്. അന്നല്ലാം സ്വാതന്ത്ര്യത്തിനുവേണ്ടി രക്തം ചിന്തിയ യുവാക്കന്മാരുടെ കഥകൾ—സ്വാതന്ത്ര്യസമരത്തിൽ തൂക്കുമരത്തെ പുഞ്ചിരിയോടെ അഭിവാദനംചെയ്ത ബാലന്മാരുടെ കഥകൾ—സാമ്രാജ്യത്വത്തിന്റെ വെടിയുണ്ടകളെ മാടിവിളിച്ച് മാറുകാട്ടി മാനംകാത്ത വിദ്യാർത്ഥികളുടെ കഥകൾ അങ്ങനെ പലതും. ഇന്നത്തെ മന്ത്രിയ്ക്ക് ചന്ദ്രൻ പറഞ്ഞുകൊടുക്കും ചന്ദ്രന്റെ ദേശസ്നേഹത്തേയും തന്റെ രാഷ്ട്രീയപാപ്പരത്തത്തേയും പറ്റി ഇന്നത്തെ മന്ത്രിയ്ക്ക് വ്യക്തമായറിയാം. നാട്ടുകാരുടെ മുമ്പിൽ തലയയത്താൻ താനിയ്ക്കും തന്റെ പാർട്ടിയ്ക്കും കഴികയില്ലെന്നുള്ള നഗ്നസത്യവും അദ്ദേഹത്തിനറിയാം.

ഇന്നത്തെ മന്ത്രിമാരെല്ലാം തന്നെയും ഭരണകൂടം തന്നെയും അടങ്ങിയ സംഘടന അന്നീതിയിലേറെ പുരോഗമനപരമായിരുന്നു. അന്തമില്ലാത്തപോലെ തോന്നിയ മണലാരണ്യത്തിൽകൂടി അന്നത്തെ പുരോഗമനസംഘടനകളെല്ലാം ഒരുമിച്ചാണ് യാത്രചെയ്തതു് ഒരപുഷ്പവാടിയ്ക്കു വേണ്ടി. പക്ഷേ, വഴിയിൽകണ്ട ശീതളച്ഛായയുള്ള ഒരു യഥാർത്ഥ പുഷ്പവാടിയായി സങ്കല്പിച്ച് ഭരണം നയിക്കുന്ന കക്ഷി പിന്മാറി. അങ്ങനെ സ്ഥിതിചെയ്യുന്ന യഥാർത്ഥ പുഷ്പവാടിയ്ക്കുവേണ്ടി ചന്ദ്രനും കൂട്ടരും അലയുകയാണ്. അവരതു് കണ്ടുപിടിക്കും. അന്നിവരെയെല്ലാം പുറത്താക്കും.

അതു ശരിയായിട്ടറിയാവുന്നതുകൊണ്ടുതന്നെയാണ് അവരെ അമർച്ചചെയ്യാനായുക്കുന്നതും അതെല്ലാം നിഷ്ഫലമാണെന്നുമാത്രം ചരിത്രം നമ്മെ പഠിപ്പിക്കുന്നതും പഠിപ്പിച്ചതുമതാണ്. എരിഞ്ഞ കനലുകളിവരുന്ന അഗ്നിപർവതത്തിന്റെ മുമ്പിൽ പരിഹാസവിരിച്ച് ഉറപ്പിയടയുകയാണ്. ഉയർന്നുപൊങ്ങിവരുന്ന അലയടികൾക്കു മുമ്പിൽ മൺക്കോട്ട കെട്ടാനുദ്യമിയ്ക്കുയാണ്. വർദ്ധിച്ചുവരുന്ന രാഷ്ട്രീയബോധത്തിന്റെ മുമ്പിൽ മർദ്ദനം അഴിച്ചുവിടുകയാണ്. മർദ്ദനത്തിന്റെ മുമ്പിൽ—ഭീകരമായ പൈശാചികതയുടെ മുമ്പിൽ—വായുവേഗത്തിൽ പാഞ്ഞുവരുന്ന ലോഹഗോളങ്ങളുടെ മുമ്പിൽ അടിപതറാതെ ആത്മവീര്യത്തോടെ പങ്കുകാണിച്ചധീരന്മാർ ഇന്നാട്ടിലുള്ളതുകൊണ്ടാണ് തനിക്കും കൂട്ടർക്കും ഇന്നു കൽത്തുറുങ്കിൽ നിന്നും മന്ത്രിക്കസേരയിൽ വിശ്രമിക്കാൻ സാധിച്ചതെന്നും ഇന്നത്തെ മന്ത്രി ഓർമ്മിച്ചു കാണുകയില്ല.

ഒരാഴ്ചയ്ക്കുമുമ്പേ ചന്ദ്രനെ പിടികിട്ടിയതായി പത്രങ്ങൾ വിളിച്ചറിയിച്ചു, പിടിച്ചുകൊടുത്ത പോലീസുകാരനെ 'ഹെഡ്' ആക്കിയ വാർത്തയും അടുത്തുതന്നെ പ്രസിദ്ധീകരിച്ചിരുന്നു. ചന്ദ്രനെ പിടിയ്ക്കാൻ ചുമതലയുള്ള പോലീസുകാർ ഇവിടെയെവിടെയുമില്ലെന്നുള്ളതു തീർച്ച. ഇത്രയും കാലം ചന്ദ്രനെ അരസ്റ്റ് ചെയ്തതിന്റെ അടിയിൽ ഒരു സത്യം ഒളിച്ചുകിടപ്പുണ്ട്. രാഷ്ട്രത്തിനുവേണ്ടിയാണ് ചന്ദ്രന്റെ പിതാവു് ജീവിച്ചതു് നിരവധി സ്വത്തിന്റെ ഉടമസ്ഥനായ അദ്ദേഹം ദരിദ്രനായതും ഇന്നു ഭരണം നടത്തുന്ന സംഘടനയ്ക്കുവേണ്ടിയാണ്. സ്വാതന്ത്ര്യത്തിന്റെ ഉദയത്തിനുമുമ്പുതന്നെ ആ പടയാളി കൽത്തുറുങ്കിൽവച്ചു അന്തരിച്ചു. ആ പിതാവിന്റെ പുത്രനാണ് ചന്ദ്രൻ അച്ഛന്റെ വിയോഗത്തിലും മകന്റെ അസന്നിധ്യത്തിലും അക്ഷമപൂണ്ടാണ് ചന്ദ്രന്റെ അമ്മ രോഗിണിയായതു്. അവർ മകനെ കണ്ടിട്ട് സുമാർ രണ്ടിലധികം വർഷമാകും. രോഗിണിയായ ആ അമ്മയുടെ ഏകാഭിലാഷമായിരുന്നു തന്റെ പൊന്നോമൽ പുത്രനെ അടുത്തിരുത്തി അവന്റെ വിയർപ്പുപൊടിഞ്ഞ നെറ്റിയിൽ ഒന്നുമ്മവയ്ക്കുവാൻ 'കിരാത'ന്റെ കയ്യിൽനിന്നും ഭരണം വാങ്ങുവാനാണദ്ദേഹം യത്നിച്ചതു്. അതുവരെയും. പക്ഷേ താനുദ്ദേശിച്ച ഭരണമല്ലായിരുന്നതു്. വീണ്ടും അഭിലഷണീയമായ ഒരു ഭരണകൂടത്തിനുവേണ്ടി പൊരുതുവാൻതന്നെ അദ്ദേഹമാഗ്രഹിച്ചു അങ്ങിനെ ആഗസ്റ്റ് 15 മുതൽ വീണ്ടും ഒളിവിൽകഴിഞ്ഞ ആ ധീരനായ പടയാളിയ്ക്കു് അമ്മയുടെ അഭിലാഷം നിറവേറ്റാൻ സമയം കിട്ടിയില്ല. പക്ഷേ അമ്മയുടെ അന്ത്യാഭിലാഷമാണ്. അമ്മ ജീവിതത്തിൽനിന്നും യാത്രപറഞ്ഞു് പിരിയുകയാണ്. അമ്മയുടെ അഭിലാഷം സാധിച്ചുകൊടുക്കേണ്ടതും തന്റെ കടമയാണ്. അങ്ങനെ അമ്മയെകണ്ടു. ഭാഗ്യവതിയായ ആ അമ്മ സംതൃപ്തിയോടെ മരിച്ചു. ചന്ദ്രൻ ബന്ധിതനുമായി.

ജയിലിലായി ഏഴുദിവസം കഴിഞ്ഞു ചന്ദ്രൻ മരിച്ചു. ആരോഗ്യവും തരുണ്യവും തുളുമ്പുന്ന ഒരു 30-ാം വയസ്സുകാരനാണയാൾ. എല്ലുന്തി കവിളൊട്ടി കണ്ണുകുഴിഞ്ഞ ഒരു വികൃതരൂപമാണ് ഇക്കഴിഞ്ഞ ഏതാനും കൊല്ലങ്ങളെ രാഷ്ട്രീയജീവിതം അദ്ദേഹത്തിനു സംഭാവന ചെയ്തതു്. നാട്ടുകാർക്കും ഇന്നത്തെ സർക്കാരിനും വേണ്ടി ജീവിതം ഉഴിഞ്ഞുവച്ച നാട്ടിന്റെ നട്ടെല്ലായ ചന്ദ്രൻ ഇന്നു ഏതൊരു ഭരണകൂടത്തിനുവേണ്ടി താനനുഭവിച്ചോ ആ ഭരണകൂടത്തിന്റെതായ ലാക്കപ്പിൽ കിടന്നു മരിച്ചു. അനാരോഗ്യവാനായ ഒരാൾ ഏഴുംദിവസം ലാക്കപ്പിൽകിടന്നു മരിച്ചതിൽ അതിശയിക്കാനില്ലെന്നു പലരും പറയും. പക്ഷേ ആ മരണം ഇന്നാട്ടുകാർക്കെല്ലാം ചിന്തിച്ചു കരിക്കാൻ സാധിക്കും. ചന്ദ്രനെ അടച്ചിട്ടിരുന്ന കൽത്തുറുങ്കുപോലും ആ മരണരഹസ്യത്തെ പാറി ഓർക്കുമ്പോൾ ഞെട്ടിവിറച്ചുപോകും. നിർജ്ജീവമെങ്കിലും, ആ കൽത്തുറുങ്കിനറിയാം—അതിലെ കാരോ കല്ലിനുമറിയാം ചന്ദ്രൻ എങ്ങനെ മരിച്ചുവെന്ന്. കൽത്തറയിൽ കട്ടപിടിച്ച ചെഞ്ചോര കഴുകാൻ അടുത്ത ദിവസം നനഞ്ഞതുണിയുമായി അധികാരിതന്നെ അകത്തേക്കു വന്നു. പക്ഷേ ആ ചോരയുടെ നേരെനോക്കാൻ അയാൾക്കൊരുപേടി.....

കറുത്തിരുണ്ട ഇന്നലത്തെ പ്രഭാതമവസാനിച്ചു. ശരവർഷം പെയ്തകയാണിന്നു്. സംഭവബഹുലമായ ഇന്നത്തെ പ്രഭാതവും കഴിയും. നാളത്തെ പ്രഭാതത്തിന്റെ നാന്ദിയാണിന്നത്തെ പ്രഭാതം. ശോഭനമായ നാളത്തെ പ്രഭാതം അങ്ങകലെയല്ല


ഇന്നു അന്ധകാരാൻ മനുഷ്യജീവിതം പതച്ചുകൊണ്ടിരിക്കുന്നവരുടെ തലയ്ക്കുമീതേ ഒരിടിമുഴക്കംപോലെ നാളെയുടെ സന്ദേശം പ്രത്യക്ഷപ്പെടാൻ പോകുന്നുണ്ട്. ലാക്കപ്പിലെ കൽത്തറയിൽ ചിതറിയ ചന്ദ്രന്റെ ഹൃദയരക്തം അന്നു് രക്തപതാകയായി മാറി നാളെയുടെ കാവൽ ഭടനായി പാറിപ്പറക്കുന്നതുകാണാം.

അതേ— അമൂല്യനായ ആ വിപ്ലവകാരി പറഞ്ഞതുപോലെ—

നിത്യ ദുരിതത്തിലേക്ക് ജീവപര്യന്തം നാടുകടത്തപ്പെട്ട മാതൃയോട് ജൂലിയസ് ഫ്യൂച്ചിക്ക് പറഞ്ഞതുപോലെ—


.....ചന്ദ്രന്റെ തകരാത്ത ഒരു സ്മരണകം നാളെ ഉയരുന്നുണ്ട്. പ്രയത്നിക്കുന്നവനു ജീവിക്കാൻ സാധിക്കുന്ന ഒരു പുതിയ ജീവിതക്രമം

പകർപ്പവകാശം കഥാകാരനു്
കഥാപാത്രങ്ങളും സങ്കല്പസൃഷ്ടികളാണ്.



കഴിഞ്ഞ ആഴ്ച നിങ്ങൾക്കായിട്ടുള്ള മത്സരങ്ങൾ പ്രസിദ്ധീകരിച്ചിരുന്നതു കണ്ടോ? ഇഷ്ടപ്പെട്ടോ? എല്ലാവരും പങ്കെടുക്കണേ

ഈ ആഴ്ച ഒരു പസ്സിൽ പ്രശ്നവും കുറച്ചു കണക്കുകളും പ്രസിദ്ധീകരിക്കുന്നു. രണ്ടിനേറെയും ശരിയായ ഉത്തരം അയയ്ക്കുന്നവർക്ക് ഓരോ മലയാളം പുസ്തകം അയച്ചുതരുന്നതാണ്. പസ്സിൽ പ്രശ്നം കൗമുദി ലീഗിലെ ഒരംഗം അയച്ചുതന്നതാണ്. കഴിഞ്ഞയാഴ്ചസ്ഥലം കിട്ടാഞ്ഞതുകൊണ്ടാണ് ഓരോരുത്തർക്കും പ്രത്യേകം മറുപടി എഴുതാഞ്ഞതു്. കഴിഞ്ഞയാഴ്ച കാർഡ് അയയ്ക്കാൻ താമസിച്ചുപോയി. കാർഡില്ലാഞ്ഞതുകൊണ്ടാണ്. പുതിയ കാർഡ് അച്ചടിക്കുകയാണ്. അതുകൊണ്ടു ഈ ആഴ്ചയിലെ അംഗങ്ങൾക്കും കാർഡു കിട്ടാൻ താമസിച്ചേക്കും.



ലീഗ് പദപ്രശ്നം No. 1

കെ. ആർ ഹരിഹരൻ

No. 157 കരമന.

വലത്തോട്ട്—1 നമ്മുടെ പേച്ചി. 2. ഈ അവയവം നമുക്കില്ലെങ്കിൽ വളരെ കഷ്ടപ്പെടേണ്ടിവരും 5 നിലാവു്. 8. ആന. 9 മഹാത്മജിയെ ഇങ്ങനെയും പറയും.

കീഴ്പ്പോട്ട്—1—പാർവ്വതീദേവി. 3. ഒരു അപ്സരസ്ത്രീനാമം 4. പ്രസന്നതയോടുകൂടിയ ഒരു സ്ത്രീയെ ഈ പേരുപറഞ്ഞു വിളിക്കും. 6 തീകത്തുമ്പോൾ ഇതു ഉണ്ടാകുന്നു. 7. നമ്മുടെ വീടുകളിൽ കറികഥംക്കെല്ലാം ആവശ്യമുള്ള ഒരു പദാർത്ഥം.

(ഹരിഹരൻ ഉത്തരം അയച്ചുതന്നിട്ടുണ്ട്. ആ ഉത്തരത്തിനൊട്ടു സമമായ ഉത്തരങ്ങൾ അയച്ചുതന്നാൽ സമ്മാനം തരുന്നതാണ്)

ചോദ്യങ്ങൾ.

1—ഒരു കുപ്പിക്കും അതിന്റെ കാക്കിനുംകൂടി രണ്ടര അണ വില. കുപ്പിക്ക കാക്കിനേക്കാൾ രണ്ടണ വിലകൂടുതലാണെങ്കിൽ കാക്കിന്റെ വിലയെന്തു്?

2—രാജനും ബാബുവും നാഴികമണിയിൽ ആറുമണി അടിക്കുന്നതു ശ്രദ്ധിക്കുകയായിരുന്നു. രാജൻ പറഞ്ഞു, "ആറുമണിയടിക്കാൻ മുപ്പതു സെക്കന്റ് എടുത്തു." ബാബു ചോദിച്ചു. "എങ്കിൽ പന്ത്രണ്ടു മണിയടിയ്ക്കാൻ എത്ര സെക്കന്റ് എടുക്കും?" കൗമുദിലീഗിലെ ആർക്കെങ്കിലും ബാബുവിന്റെ ചോദ്യത്തിനു ഉത്തരം പറയാമോ?

3 മണി സ്കൂളിലേക്കു നാലുമൈൽ വേഗത്തിൽ നടക്കുകയായിരുന്ന വഴിക്കു ഒരു കുതിരവണ്ടി സുമാർ 20 ഗജം മുമ്പേ പോകുന്നതു കണ്ടു പതിനഞ്ചുമിനിറം നടന്നപ്പോൾ മണിവണ്ടിയുടെ മുമ്പയായി എങ്കിൽ കുതിര എന്തു വേഗത്തിൽ നടക്കുകയായിരുന്നു?

4 ഒരാൾ മുമ്പിലിരിക്കുന്ന പടത്തെ നോക്കിക്കൊണ്ടു പറയുകയാണ് "എനിക്കു സഹോദരന്മാരും സഹോദരന്മാരും ഇല്ല പക്ഷേ ഇയാളുടെ അച്ഛൻ എന്റെ അച്ഛന്റെ മകനാണ്" അയാൾ ആരുടെ പടമാണ്?

പസ്സിൽ പ്രശ്നത്തിനോടും, ഈ ചോദ്യങ്ങളുടേയും ഉത്തരം അയച്ചാലെ സമ്മാനം തരുകയുള്ളു. എല്ലാവർക്കും സുഖംതന്നെന്നു വിശ്വസിക്കുന്നു.

നമസ്തേ!

സ്നേഹം പേച്ചി

ഉഷ.

പേച്ചിയുടെ മറുപടി

സി. വി. ഭാമിനിഭായി, പരവൂർ. സുവർണ്ണകുമാരിയുടെ ഉത്തരങ്ങൾ ശരിയായിരുന്നോ? കുട്ടൂകാരിയുടെ മേൽവിലാസം ഇതാ. പി. ലീലാകുമാരി, പുത്തൻവീട്ട്, കുന്നുകഴി, തിരുവനന്തപുരം.

പി. വിജയചന്ദ്രൻ, തിരുവനന്തപുരം. എഴുത്തു വളരെ രസമായിരിക്കുന്നു. പേച്ചി കള്ളംപറയാറില്ല. പേച്ചിയുടെ പേരു അറിഞ്ഞുകൂടാത്ത ഒരംഗം കൗമുദിലീഗിൽ ഉണ്ടെന്നു ഇപ്പോഴാണ് അറിയുന്നതു്. മോട്ടിമാത്യുവിനു ഈ മേൽവിലാസത്തിൽ എഴുതു. മോട്ടിമാത്യു (I) മി. ഠാ. ഇ. മാത്യു B. A. B L. അഡ്വക്കേറ്റ്, തിരുവനന്തപുരം.

സി. മാധവിക്കുട്ടി, തിരുവനന്തപുരം. മറുപടി വളരെ നേരത്തേയാണു കിട്ടുന്നതു്. പേച്ചി നിങ്ങളെ മറക്കുമോ? മറുപടി എഴുതുമ്പോൾ കുറച്ചുപേരുടെ, കുറ്റം മറക്കുക സാധാരണയാണ്. കുട്ടുകാരിയുടെ ഈ മേൽവിലാസത്തിൽ എഴുതു. കെ പത്മിനി, മഠത്തിൽവീട്ട്, കവല, ചങ്ങനാശേരി. പേച്ചിക്കു ഒരാട്ടിൻകുട്ടിയെ അയച്ചു തരുമോ? ലളിതയുടെ കുട്ടുകാരിയെ വേണ്ടേ?

പി. സുകുമാരൻ, കൊല്ലം. അനുജൻ വലിയ പാട്ടുകാരനാണെന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. അതാണ് "നിലവിളി"ക്കും ഒരു നല്ല രാഗം പേച്ചി പിണങ്ങി പാട്ടുപാടാൻ വന്നാലും നിലവിളിച്ച പേച്ചിയെ തോല്പിച്ചുകളയുകയില്ലേ? 'അലർച്ചകാരം" പ്രസിദ്ധീകരിക്കാൻ ശ്രമിക്കാം. ഇതെല്ലാംകേട്ട അനുജനോടു് പേച്ചി യെന്തൊരു പേടിതോന്നുന്നു. ഈ കുട്ടുകാരനെഴുതുമോ? കെ. ആർ സുഗുണൻ C/o മി. കെ. കെ. രംഗവപ്പണിക്കർ കേരളകൗമുദി, പേട്ട, തിരുവനന്തപുരം.

പി. സി. തങ്കമണി, ഒറ്റശേഖരമംഗലം. കൗമുദി ചിലവാകുന്നാണ് ലീഗ് തുടങ്ങിയതെന്നു പറഞ്ഞതന്നതാരാണു്? ലീഗ് നിങ്ങളുടേതാണ്. നിങ്ങൾ ഉണ്ടാക്കിയതാണു്. എഴുത്തു എഴുതാൻ വാചകങ്ങൾ ആരാണ് പറഞ്ഞുതന്നതു്. ഇതാ കുട്ടുകാരൻ. കെ. ആർ. ചെന്താമരാക്ഷൻ, ശ്രീകുമാര വൈജയന്തി

മഠം, പൈങ്ങന, മുണ്ടക്കയം ഇനി എഴുത്തു സ്വന്തമായിട്ട് എഴുതണേ.

പി. കെ. വിജയമ്മ, ചങ്ങനാശേരി. ചെറുകഥ പ്രസിദ്ധീകരിക്കാൻ ശ്രമിക്കാം. പിണങ്ങരുതേ എഴുത്തു ഇന്ദിരയേയും ഐഷയേയും കാണിക്കാം. രാജമ്മയുടെ എഴുത്തു വന്നോ?

എൻ. സുഷമാദേവി, കീളികൊല്ലൂർ. കൂട്ടുകാരിയുടെ മേൽവിലാസം അറിഞ്ഞുകൂടാത്തതുകൊണ്ടാണോ എഴുത്തയയ്ക്കാഞ്ഞതു്. ഇതാ മേൽവിലാസം. എം കെ. രത്നവല്ലി, തെക്കേത്തല യ്യൽവീട്ടു്, തെക്കുംഗോപുരം, കോട്ടയം

കെ. ജി. അശോകൻ, വയലാർ. മറുപടി എഴുതാൻ താമസിച്ചതിൽ ചേച്ചിക്കു സങ്കടമുണ്ടു് എന്തുചെയ്യാം. രവിലാലിന്റെ എഴുത്തു വരാറുണ്ടോ? ചേച്ചിയുടെ വീട്ടിലും റേഷൻകൊണ്ടാണു് കഴിഞ്ഞുപോകുന്നതു്. പെറുകഥ പ്രസിദ്ധീകരിക്കാൻ നോക്കാം.

ആർ. കൗസല്യ, ആനത്തലവട്ടം. എഴുത്തുകണ്ടതിൽ ചേച്ചിക്കു വിഷമമുണ്ടു. രാധാമന്ദിയ്ക്കു ഇഷ്ടമില്ലെങ്കിൽ ഇയ്യി എഴുതണ്ടാ. ഈ കൂട്ടുകാരിയ്ക്കെഴുതു. എം. യു ബേബി, C/o മി: ററി. എം. ഗോപാലൻ മാർക്കറേറാഡു്, എറണാകുളം

കെ. തുളസീദാസു്, വെണ്ണികോടു്. മറുപടികിട്ടാൻ അത്രവളരെ താമസിച്ചോ? ഇതാ കൂട്ടുകാരൻ? ആർ. ശ്രീകണ്ഠൻനായർ, ശാന്തിമന്ദിരം, റെയിൽവേസ്റ്റേഷനു സമീപം, കഴക്കൂട്ടം. ഫോട്ടോ അയച്ചുതന്നാൽ പ്രസിദ്ധീകരിക്കാം. ചേച്ചി സിനിമായിൽ ആക്ടറെചെയ്യുന്നെന്നു ആരുപറഞ്ഞു.

ജി. ഗൗരിക്കുട്ടിഅമ്മ, തിരുവനന്തപുരം. പുതിയ കാർഡു് അയച്ചിട്ടുണ്ടായിരുന്നു. കിട്ടിയോ? മഹേശ്വരിയുടെ മേൽവിലാസം കിട്ടിയില്ലേ? എൽ. മഹേശ്വരി, പുത്തൻവീട്ടു് ആയിരവില്ലി ക്കേരണം, ആനാക്കടി വാമനപുരം. അടുത്ത എഴുത്തിൽ അച്ഛപ്പം അയച്ചുതരുമോ? ചേച്ചിക്കു വലിയ ഇഷ്ടമാണു്; എങ്കിൽ ചേച്ചി പകരം "മുറുക്കു്" അയച്ചുതരാം. ബാലകൃഷ്ണൻ അംഗമായില്ലേ?

കെ. പീതാംബരൻ, ആലപ്പുഴ. കൂട്ടുകാരനെ കിട്ടാത്തതിൽ ഇനി വിഷമിക്കേണ്ട. കൂട്ടുകാരന്റെ മേൽവിലാസതരാം. കെ. ആർ ആനന്ദകുമാരൻനായർ ഗോകുലം, പൈങ്ങന, ചങ്ങനാശേരി. തിരുവനന്തപുരത്തു നിന്നു് പിന്നീടു് ഒരു കൂട്ടുകാരനെത്തരാം.

ബി. ലളിതാംബിക, തിരുവനന്തപുരം. ഈ ആഴ്ചയിലെ ചോദ്യങ്ങൾക്കും ഉത്തരം അയച്ചുതരുമോ? കാണട്ടേ മിടുക്കു്. ഈ കൂട്ടുകാരിയ്ക്കെഴുതിക്കൂടെ? എൻ വി പുലോമജാ നടുവിൽ വല്ലത്തുവീട്ടു്, ചേന്ദമംഗലം, തൃശ്ശൂർ ഡിസ്ട്രിക്ടു്. കൂട്ടുകാരിയ്ക്കെഴുതണേ....ചേച്ചിക്കു സുഖംതന്നെ.

രാജൻബാബു, ആറാഞ്ചൽ. ചേച്ചിയോടു് പിണക്കമെല്ലെന്നറിഞ്ഞതിൽ എത്ര സന്തോഷമായെന്നോ! ശശിക്കു അംഗത്വകാർഡു് കിട്ടിയോ. ബാബുജിയുടെ മേൽവിലാസം അറിഞ്ഞുകൂടേ? വടക്കേമെങ്കാടു്, ഉളന്തി, മാവേലിക്കര. ഇതാണു് ബാബുജിയുടെ മേൽവിലാസം.

നിങ്ങളാൽ ആവശ്യപ്പെട്ട കൂട്ടുകാർ

1 സി രാധാകുമാരി, തിരുവനന്തപുരം—എൻ രത്നശ്രീദേവി, പത്മവിലാസു്, T.C 8/86 ശങ്കർറോഡു്, ശാസ്തമംഗലം, തിരുവനന്തപുരം. 2. എം വി ബി, ഭാസു്, എറണാകുളം—എം. സോമരാജൻ, പുത്തൻപുരയിൽ കേരളപുരം, കണ്ടാ 3 സി. എം. രാമനക്കുട്ടി, കാരാപ്പുഴ, നം: 406—കെ. ചന്ദ്രികാദേവി, C/o മി. സി കെ. കുഞ്ഞൻ, മർച്ചന്റു്, പെരുമ്പാവൂർ 4. ബി കൃഷ്ണൻനായർ. പേട്ട, നം: 414—കെ ആർ, ബാബുഭാജേന്ദ്രൻ, ലക്ഷ്മിവിലാസം, നെടുങ്ങണ്ട. 5. കെ. ലീലാദേവി, പെരുമ്പാവൂർ നം: 418. ജെ ആനന്ദവല്ലി പത്മവിലാസം ബംഗ്ലാവു് ചാന്നാൻകര, കണിയാപുരം. 6—കെ. കനകമ്മ, ആലപ്പുഴ നം: 435—പി വിലാസിനി, ചുവട്ടകാലവീട്ടു്, തെക്കുംപുറം പുത്തൂർ, കൊട്ടാരക്കര 7. ആർ ജയകുമാർ കടയ്ക്കൽ നം: 441—എം. കെ സംഹാരരുദ്രശർമ്മ, മഹിള, താണ്ഡവം, പുളിമാത്തു് വാമനപുരം. 8—എൻ സരസ്സമ്മ, കൊറ്റംകര നം: 442—ആർ സുശീലാദേവി, കോട്ടപ്പുറത്തുവീട്ടു്, കടപ്പാക്കട കൊല്ലം.

ഈ ആഴ്ചയിലെ അംഗങ്ങൾ

1086. ജി ജയച്ചന്ദ്രബാബു, ഇലവന്തിട്ട. 1087. ബി. വിജയമ്മ, കായംകുളം 1088. എം. പി അശോക്, നീലേശ്വരം 1089 എം. പി. സുമംഗല, നീലേശ്വരം 1090 എൻ ശാന്തകുമാർ, പാല. 1091 പി. എസ് മണി, ആലപ്പാട്ടു് 1092 പി. അബ്ദുൽറഹിമാൻ, പെരുമ്പാവൂർ 1093 പി കൗസല്യ, ഉള്ളൂർ 1094 കെ ലക്ഷ്മിപതി, വെട്ടൂർ 1095 എൽ. ലീലാബായി, മണക്കാടു്. 1096 എം. ജി ഗോപാലകൃഷ്ണൻ, പവറാ 1097. എം. ഇസഹാക്കുകുട്ടി, പവറാ. 1098 കെ എസ് മേഴ്സലിൻ, പുന്നപ്ര, 1099 പത്മാബായി, രാമവർമ്മപുരം. 1100 വി. എസ് രാമകൃഷ്ണൻ, ചെറായി. 1101. എം. കുട്ടൻനായർ, ഹരിപ്പാടു്. 1102 ഇ. എസ് ഇന്ദിരാമണി പെരുമ്പാവൂർ 1103. ഡി. ശ്രീദേവി, വക്കം. 1104: ബി. ധർമ്മാംഗദൻ, നെടുങ്ങണ്ട. 1105. എം അബ്ദുൽ സമദു്, കണിയാപുരം. 1106 കെ ആനന്ദൻ, പവറാ. 1107. പി നാണു, പവറാ 1108 കെ. സോമസുന്ദരൻനായർ, കണിയാപുരം 1109 എസ്. കൃഷ്ണകുമാരി, പെരുമ്പഴുതൂർ. 1110 എൻ എൻ. രാജു്, നെടുങ്ങണ്ട. 1111 എസ് ശശിധരൻ, പെരുന്നിയൂർ 1112. എസ്. കെ. നാഗേന്ദ്രൻ, നാഗർകോവിൽ 1113 വി കെ സുരേഷ്, അരുവാ. 1114. എം കെ ബോസ്, മുതുപാ. 1115 എം കെ. കുട്ടപ്പൻ, ആലപ്പുഴ. 1116 ബേബിഫിലിപ്പു്, നാഗർകോവിൽ 1117. കെ. രാമന അമ്മ, പീരപ്പൻകോടു് 1118 മാത്യുഫിലിപ്പു്, നാഗർകോവിൽ. 1119. പി ഐ പങ്കജാക്ഷൻ, പള്ളം 1120. കെ. അരവിന്ദു് പള്ളം. 1121. കെ എൻ. വിജയനാഥു്, അരുമന. 1122. ജി രാജപ്പൻനായർ, കലഞ്ഞൂർ. 1123. കെ. ചന്ദ്രൻ, ആലപ്പുഴ, 1124. കുമാരി ലീല, തിരുവല്ല 1125. എൻ. രവീന്ദ്രൻ, നെടുങ്ങോലം 1126. എ. രാമസ്വാമി, ആലപ്പുഴ. 1127 എ. ഗോവിന്ദരാജു്, ആലപ്പുഴ 1128. സി. ആർ സുധ, ചെറായി. 1129 സി. എസ്. രഘു, കോട്ടയം. 1130. കെ. എസ്. ശാന്തമ്മ, ചങ്ങനാശേരി, 1131. സി. എസ്, രാമചന്ദ്രവാര്യർ, കീളിമാനൂർ. 1132. സി. സുരേന്ദ്രൻ, ചിറയിൻകീഴു്. 1133. വി. എം പുരുഷോത്തമൻ, കണ്ണങ്കര, 1134. ആർ. മുരളീധരൻ, പെരിന്നാടു്. 1135. ആർ രവീന്ദ്രൻ, പെരിന്നാടു്. 1136 കെ എസ്. രത്നിനം, വാവക്കാടു്, 1137. വി എം. വേണുഗോപാലൻ, ചെറായി. 1138 എം. പി. ചെറിയാൻ, മൂലവട്ടം. 1139. കെ. വേലപ്പൻനായർ, പോത്തൻകോടു്. 1140 കെ. എൻ, ശങ്കരൻകുട്ടിപ്പിള്ള, ആലപ്പുഴ.

"കാളേജു്"

"കാളേജു്" മത്സരത്തിൽ വളരെയേറെ ലേഖനങ്ങൾ വന്നതുകൊണ്ടു പരിശോധനയ്ക്കു പ്രതീക്ഷിച്ചതിൽ കൂടുതൽ സമയം വേണ്ടിവന്നു.

പശുവച്ചൊട്ടിക്കാത്ത കത്തു്

സ്വാതിതിരുനാൾ ദിനാഘോഷത്തിൽവച്ചു് സഭാവോത്തമന്റെ നേരേ "ഹീനവും മാരക"വുമായ ഉദ്ദേശത്തോടുകൂടി കൈയേറ്റം നടത്തിയ യുവാവു്, ആ സംഭവത്തിന്റെ മൂന്നാമത്തെ വാർഷികദിനത്തിൽ, സർ സി പി ക്കു് അയച്ച കത്തിന്റെ പകർപ്പാണു് പ്രസിദ്ധീകരണത്തിനു് അയക്കുന്നതു്

സമ്പാദകൻ

ചങ്ങാരപ്പള്ളി

സാമി,

ഈയിടെ തുറന്ന കത്തുകളുടെ കാലമാണു് ഭരണാധികാരികളും, രാഷ്ട്രീയനായകന്മാർ, കലാകാരന്മാർ, തുടങ്ങി ഇന്നു് ജീവിച്ചിരിക്കുന്നവരെല്ലാം തന്നെ (മരിച്ചവർപോലു) ഏതെങ്കിലും ഓരോ തുറന്ന കത്തുകൾ എവിടെ നിന്നെങ്കിലും സമ്പാദിക്കാനുണ്ടു് ഇന്ത്യൻ സ്വാതന്ത്ര്യദിനമായ, 47 ആഗസ്റ്റ് 15-നു- ജനിച്ച ഒരു കുട്ടിക്കു അന്നുതന്നെ മി. അബ്ദുള്ള, കൊറിയൻ യുദ്ധത്തിൽ ആദ്യ മരിച്ചവീണ അമേരിക്കൻ ഭടനായ പ്രൈവറ്റ് ഷാഡ്രിക്കിനു് അപ്പോൾതന്നെ മി കൃഷ്ണൻ പന്ത്രണ്ടു മാരകമായ കത്തുകൾ അയച്ചു കഴിഞ്ഞിരുന്നു. തുറന്നയയ്ക്കുന്ന ഈ കത്തുകൾ മേൽവിലാസക്കാർക്കു് കിട്ടണമെന്നോ, കിട്ടിയാൽ തന്നെ അവർ വായിക്കണമെന്നോ നിർബന്ധമില്ലെന്നാണല്ലോ ഇതെല്ലാം കാണിക്കുന്നതു്.

തിരുവിതാംകൂറിനേയും, ഇന്ത്യയേയും സംബന്ധിച്ചിടത്തോളം മരിച്ചുകഴിഞ്ഞെങ്കിലും, ഇംഗ്ലണ്ടിലും അമേരിക്കയിലും ജീവിക്കാൻ ഇന്നും ഉറക്കു ശ്രമിച്ചുകൊണ്ടിരിക്കുന്ന അങ്ങു് ഈ കത്തു കാണുമോഎന്നു് നിശ്ചയമല്ല അങ്ങു് ഇതു് വായിച്ചാലും ഇല്ലെങ്കിലും, ഈ നാട്ടുകാരെ സംബന്ധിക്കുന്നിടത്തോളം ഏറ്റവും പ്രധാന്യമേറിയ ഒന്നാണു് ഇതെന്നു് എനിക്കു് നിശ്ചയമുള്ളതുകൊണ്ടു് ഇതു് പശുവച്ചൊട്ടിക്കാതെതന്നെ അങ്ങേയ്ക്കയയ്ക്കുന്നു

1947 ജൂലൈ 25 അങ്ങയുടേയും എന്റേയും ജീവിതത്തിൽ മാത്രമല്ല, തിരുവിതാംകൂറിന്റെ ചരിത്രത്തിലും മറക്കാനാവാത്ത ഒന്നാണല്ലോ നിതാന്തമോഹനമായ അന്നത്തെ സായംസന്ധ്യയിൽ, അങ്ങയുടെ നാട്ടിൽനിന്നും വന്ന വിശ്വാനായ ഒരു ഗായകൻ സ്വാതിതിരുനാൾ അക്കാഡമിയിൽവച്ചു്, മഹത്തായ ഒരു സദസ്സിന്റെ മുന്നിൽ, കണ്ണുനനുകരമായ കണ്ണാടകസംഗീതം പൊരിഞ്ഞുകൊണ്ടിരുന്ന അഭൗമമായ ആ രംഗത്തെക്കുറിച്ചു് ഒന്നാലോചിച്ചുനോക്കു. വലിയ ഉദ്യോഗസ്ഥന്മാർ, പ്രഭുപ്രമാണികൾ, വ്യവസായരാജാക്കന്മാർ സമുദായനേതാക്കന്മാർ, മാടമ്പിമാർ തുടങ്ങിയവർ അങ്ങയുടെ സേവയ്ക്കുവേണ്ടി താരുണ്യുലാവണ്യങ്ങളും വഴിഞ്ഞൊഴുകുന്ന തങ്ങളുടെ കുടുംബിനികളെ മനോജ്ഞവും ആകർഷകവുമായ വേഷാലങ്കാരങ്ങളിൽ പൊതിഞ്ഞുകൊണ്ടുവന്നു് രംഗത്തു് നിരത്തിയിരിക്കുന്ന രാത്രിയെ പകലാക്കുന്ന ദീപപ്രഭയുടെ വിലയേറിയ ആ മഹാസദസ്സിന്റെ മിന്നിത്തിളങ്ങുന്ന, ഉന്മാദജനകമായഉത്സവാനുഭൂതികളിൽവിലയംപ്രാപിച്ച ആ സദസ്സിന്റെ അനേകായിരം നേത്രങ്ങളും അങ്ങയെയും ഭഗവതരേയും മാറിമാറി നോക്കിക്കൊണ്ടിരിക്കുന്നു സ്വർഗ്ഗീയമായ ആ ഗാനാനുപ്രവാഹം അന്തരീക്ഷത്തിൽ ചൈതന്യതരംഗങ്ങൾ സൃഷ്ടിച്ചുകൊണ്ടു് സ്വാതിതിരുനാൾ സംഗീതമന്ദിരത്തെ ഒരു സുജ്ജ്വല പരിവേഷത്തിൽ ആവരണം ചെയ്യുന്നു. തലകുലുക്കി രസിച്ചുകൊണ്ടു് അങ്ങു് ഇടയ്ക്കിടെ പ്രൈവറ്റ് സെക്രട്ടറിയേനോക്കി ഓരോന്നു് മന്ത്രിച്ചു്, സകലതും അങ്ങേയ്ക്കു് സമർപ്പിക്കാൻ സന്നദ്ധരായി എത്തിയിട്ടുള്ള സേവകവൃന്ദത്തെ കടാക്ഷിച്ചു് അനുഗ്രഹിക്കുന്നു

ഏതാനും വർഷങ്ങൾക്കു് പുറകിൽ സഹൃദയരായ ചില സ്നേഹിതന്മാരുടെ സമീപത്തിൽ ഞാനും സ്ഥലം പിടിച്ചിട്ടുണ്ടായിരുന്നു മാടമ്പിയേ ആ ഗാനലഹരിയോ ആലക്തികദീപമാലകളുടെ പ്രഭാപ്രവാഹത്തിൽ തത്തിക്കളിച്ച നാഗരികസുകുമാരിണികളുടെ നയനാഞ്ചലങ്ങളോ എന്റെ ശ്രദ്ധയെ അന്നു് കുറച്ചും ആകർഷിച്ചില്ല മണ്ണിന്റെ മകളിൽ നിന്നോജനിച്ചതിനാലും നെയ്ത്ത ആ സഹൃദയസദസ്സിൽ തികച്ചും ശൂന്യമായ മനസ്സോടെ യാതൊന്നും കാണാതെ, യാതൊന്നും കേൾക്കാതെ കണ്ണുതുറന്നു ഞാൻ അവിടെ ഇരുന്നു. "ഷേ്", "സഭാഷ്", "ബലെ ബലെ" "ആ.... ....ഹാ", എന്നെല്ലാമുള്ള ആസ്വാനപ്രതിധ്വനികൾ മുഴക്കിക്കൊണ്ടു് എന്റെ ചുറുമിരുന്ന സഹൃദയസമൂഹം എന്നോടെന്തെങ്കിലും അഭിപ്രായം പറയുമ്പോൾ, ഏറ്റവും ലളിതമായ ഒരു മൂളലല്ലാതെ മറ്റൊരു മറുപടിയും എനിക്കന്നു് നൽകാനില്ലായിരുന്ന അടുത്തു് കിട്ടിയ അരസികനായ എന്റെ പെരുമാറ്റത്തിൽ അവർ സഹതാപമാണോ പ്രതിഷേധമാണോ പുറപ്പെടുവിച്ചതെന്നു് എനിക്കു് നല്ല നിശ്ചയമില്ല. ആ സംഗീതസദസ്സിനും, അതു് സൃഷ്ടിച്ച സുകുമാരസാഹചര്യങ്ങൾക്കും അപ്പുറത്തു്, വർത്തമാനകാലത്തിൻറെ, തൊട്ടാൽ പൊട്ടുന്ന കടലാസുകൊട്ടകൾക്കു് വെളിയിൽ, ഇന്നത്തെ കൊള്ളരുതായ്മകളുടെയും വൃത്തികേടുകളുടേയും ചുടലച്ചാമ്പലിൽ കറയറവയരുന്ന "നാളെ"യുടെ മണിമണ്ഡപത്തിൽശ്രുനുഷ്ടിയോടെ നോക്കിക്കൊണ്ടിരുന്ന ഞാൻ, ചുറ്റും കൂടിയിരുന്ന സുസുന്ദരികളുടെ പ്രതുംഗരാമണീയകതയോ കടാക്ഷവിക്ഷേപങ്ങളോ ഒന്നുംതന്നെ കണ്ടില്ല.

ഉത്സവോന്മത്തമായ അന്നത്തെ ആ സാഹചര്യങ്ങളിലും ഞാൻ അനുഭവിച്ചതു്വുമായ ഏകയവനം! "വേണ്ടാ വേണ്ടയോ" എന്ന നിഷ്ക്രിയതത്തിന്റെ നീർച്ചുഴികളിൽ വീണു കറങ്ങിയ ഹാംലെററിന്റെ ഏകയമസ്യുങ്ങളും എനിക്കന്നുണ്ടായവയുമായി തട്ടിച്ചുനോക്കുമ്പോൾ എത്രയോ നിസ്സാരങ്ങളായിരുന്നിരിക്കണം! അങ്ങയുടെ ജീവിതം എന്റെ വാക്കുകൊണ്ടു് ഇതാ അവസാനിക്കാൻപോകുന്നു എന്നതോന്നലിന്റെ ശക്തിയെയുടക്കുടി, എന്റെ ജീവിതവും ഇതാ തീരുന്നു, തീരുന്നു, എന്ന ബോധം ഓരോ നിമിഷത്തിലും മൂർച്ചയേറിയ ഓരോ മെട്രസ്സു

പ്രഥമ പരിശോധനയിൽ താഴെപ്പറയുന്ന പത്തുപേരുടെ ലേഖനങ്ങൾ തിരഞ്ഞെടുത്തിരിക്കുന്നു ഈ പത്തിൽ സമ്മാനാർഹമായ ലേഖനം പത്രാധിപർ തിരഞ്ഞെടുക്കുന്നതും പരിശോധകസമിതിയുടെ അംഗീകാരത്തോടുകൂടി പ്രസിദ്ധീകരിക്കുന്നതുമാണു്.

1. രമാദേവി, എസ്. എൻ. കോളേജു, കൊല്ലം.
2. അയിഷാഭായി, ലാക്കാളേജു, എറണാകുളം.
3. ജി. എൽ. കെ. വിമൻസ് കോളേജു, തിരുവനന്തപുരം.
4. രാധാമണി, വിമൻസ് കോളേജു, ടി
5. പെമ്മനം ചാക്കോ, യൂണിവേഴ്സിറ്റി കോളേജു ടി
6. കെ. ആർ. രാമചന്ദ്രൻനായർ യൂണിവേ: കോളേജ് തിരുവനന്തപുരം
7. പി. ഭാസ്കരപിള്ള ടി ടി
8. ഠറി പി. വി. ഉണ്ണിത്താൻ, എസ്. ബി. കോളേജു, ചങ്ങനാശ്ശേരി
9. കെ. രാമോദരൻ, മഹാരാജാസ് കോളേജു, എറണാകുളം.
10. കെ ഗോപിനാഥൻനായർ, എൻ എസ് എസ്. കോളേജു, പന്തളം.

[ഈ ലിസ്റ്റിൽ "രമാദേവി" പൂണ്ണമായ (ക്ലാസ്-നമ്പർ) മേൽവിലാസം ഉടനെ എത്തിച്ചുതരേണ്ടതാണു്.]

ചികം എന്റെ ഹൃദയത്തിൽ ആഞ്ഞിറങ്ങി
ക്കൊണ്ടിരുന്ന എന്റെ ജീവിതം അവസാനി
ക്കുന്നതിൽ, ഞാൻ മരിക്കുന്നതിൽ, എനിക്കൊട്ടും
ഭയംതോന്നിയില്ല എന്നാൽ മഹത്തായ ഒരു ല
ക്ഷ്യത്തിലെത്തിച്ചേരുന്നതിനുവേണ്ടി ഉൽകൃഷ്ടമാ
യ ഒരു ശപഥം സഫലമാക്കുന്നതിനുവേണ്ടി, അ
നേകവർഷങ്ങൾ നടന്നുനടന്നു, ഒടുവിൽ എത്തി
പ്പിടിച്ചാൽ കൈയ്യെത്താക്കാമെന്ന ഒരു ഘട്ടത്തി
ലെത്തിച്ചേർന്നപ്പോൾ, എന്റെ ഹൃദയം ഇതി
കർത്തവ്യതാമൂഢതയാൽ തരളിതമായി വേപഥു
വാൻ വിറയാണ്ട വികാരങ്ങൾ ഭ്രാന്തെടുത്ത കു
തിരയെയെപ്പോലെ എങ്ങോട്ടെന്നില്ലാതെ കുതി
ച്ചുതുടങ്ങി

ഉടപ്പിറന്നോടിയിൽ, അരയിൽ തിരുകിയിരുന്ന
വെട്ടുകത്തിയിൽ ഞാൻ സാവധാനം തപ്പിനോ
ക്കി. മരിച്ച തണുത്ത ഒരു മനുഷ്യദേഹത്തിലെ
ന്നപോലെ, എന്റെ വിരലുകൾ അതിനെ തൊ
ട്ടോടി. എന്റെ ജീവിതപ്രതീക്ഷയും, എന്റെ കീ
കർത്തവ്യതാബോധമെന്തെയും പരിഹസിക്കുന്നതു
പോലെ, യാതൊരു കൂസലുമില്ലാതെ, അനു
ഭാതെ, അതു് യഥാസ്ഥാനത്തുതന്നെ ഇരിക്കു
ന്നു; ഒരു ചലനമുണ്ടായില്ല, ചഞ്ചലതയുണ്ടായില്ല,
അതിനില്ല അടുത്തനിമിഷത്തിൽ ഞാൻ ചെ
യ്യാൻപോകുന്ന മഹൽകൃത്യത്തിന്റെ ഉൽകടമായ പ്രാധാന്യമോർത്തു് പരുങ്ങിയിരിക്കുന്ന എ
ന്നിൽ ആത്മവിശ്വാസവും ധൈര്യവും ഉണ്ടാക്കി
ക്കൊണ്ടു് മാരകമായ ആ ആയുധം എന്റെ മടി
യിൽ വിശ്രമിക്കുകയാണ്ട ഒരു വ്യാഴവട്ടത്തിലധി
കംകാലം ഈ രാജ്യത്തു് നിരവധി ദുരിതങ്ങളും വേ
ദനകളും ക്ലേശങ്ങളും പൊഴിച്ചുകൊണ്ടു് തഴച്ചു
വളർന്നു പന്തലിച്ചുനിന്ന വിഷവൃക്ഷത്തെ ച
വട്ടിൽവച്ചു തന്നെ ഛേദിച്ചു് വേരോടെ പിഴു
തെറിയാൻ തനിക്കു് ശക്തിയുണ്ടെന്ന ഉറച്ച
വിശ്വാസത്തോടെ ഉഗ്രമായ ആ ആയുധം എ
ന്നിൽ ധൈര്യം ഉളവാക്കി. രാഷ്ട്രീയമോക്ഷത്തി
ന്റെ പകൽ വെളിച്ചവും സാമൂഹ്യസുസ്ഥിതി
യുടെ ഇളം തെന്നലും ഈ ഭൂമിയിൽ കടത്താതെ
കനത്ത ഒരു ആവരണം നിഴിച്ച ആ കാട്ടുമര
ത്തിന്റെ കടപുഴക്കിയെറിയാൻ താൻ പോരു
മെന്നു്, അവിടമെങ്ങും പരന്ന ഗാനപ്രപഞ്ച
ത്തിന്റെ താളലയഭേദങ്ങളനുസരിച്ചു്, അതു്
എന്നോടു് മന്ത്രിച്ചു.

ഒരു പുതിയ ജീവചൈതന്യം, ഒരു നവോന്മേ
ഷം, എന്റെ സിരാസഹസ്രങ്ങളിൽ സഞ്ചരി
ച്ചു. ഇന്നത്തെ വേദനകളെ ഒറ്റയടിക്കു് വേ
രോടെ പിഴുതെറിയാൻ ബഹു ലഭിച്ചുവനേ
പ്പോലെ എന്റെ ചേതന ഉണർന്നു, ജീവകേന്ദ്ര
ങ്ങളും വിജൃംഭിതങ്ങളായി. എന്റെ കൈകാലുക
ളിൽ, ആ ആയുധമെന്നപോലെ കരുത്തേറിയ
കാരിരുമ്പുകൊണ്ടു് പണിഞ്ഞതാണെന്നു് എ
നിക്കു് തോന്നി.

അതാ അങ്ങു് എഴുന്നേൽക്കുന്നു. പാട്ടുകച്ചേ
രി അവസാനിച്ചിട്ടുണ്ടായിരുന്നില്ല അങ്ങയുടെ
സന്തോഷത്തിനും പ്രീതിക്കുംവേണ്ടി അവിടെ
സന്നിഹിതരായിരുന്ന 'മാനുമഹതീമഹാന്മാരും
പോയിട്ടുണ്ടായിരുന്നില്ല. തല അല്പമൊന്നു് കു
നിച്ചു്, ഗായകനോടുള്ള അഭിനന്ദനം സൂചിപ്പി
ച്ചു്, തിരിഞ്ഞുനടന്ന അങ്ങയുടെ പുറകെ പെൻ
ഷൻപറ്റിയവരും അല്പാത്തവരുമായ വലിയ
ഉദ്യോഗസ്ഥന്മാർ, നിയമസഭാസാമാജികന്മാർ,
സമുദായനേതാക്കന്മാർ, ഇടപ്രഭുക്കന്മാർ തുട
ങ്ങിയവർ നീണ്ട ഒരു രാജകീയ പരിവാരപ
ങ്ക്തി സൃഷ്ടിച്ചു അങ്ങയുടെ സേവയ്ക്കുവേ
ണ്ടി അഹമഹമികയാ തിങ്ങി ഞെരുങ്ങി മുന്നോട്ട
നീങ്ങിയ ആ ജനക്കൂട്ടത്തിൽപെട്ടു ഞാനും മു
ന്നോട്ടു ഒഴുകി.

പ്രതീക്ഷാനിർഭരമായി മുന്നോട്ടൊഴുകുന്ന എ
ന്റെ ജീവിതത്തിന്റെ ത്രുനുവിനാഴിക (Zero hour) സമാഗതമായി എന്നു എന്റെ ഹൃദയം
എനിക്കു് മുന്നറിവുതന്നു. ഇരുൾമൂടിയ കിനാവു
കൾ കരുത്തവാവിന്റെ കരിംചിത്രങ്ങൾ എന്റെ
കൃഷ്ണമണികളിൽ നൃത്തം ചെയ്തുതുടങ്ങി പോർട്ടി
കോവിലെത്തിയ സഹിവാത്തമ: സർ. സി.
പി. രാമസ്വാമി അയ്യരുടെ തലപ്പാവണിഞ്ഞ
ആ ശിരോഗോളം രക്തപ്രവാഹത്തിൽ മുങ്ങിക്കു
ർന്നു് ഇറച്ചിനോക്കുന്ന ജാജ്വല്യമാനമായ
ആ രണ്ടു് കണ്ണുകളോടെ തറയിൽ കിടന്നുരുളു
ന്നതും, ഐ ജി. തൊട്ടുള്ള പോലീസുദ്യോഗ
സ്ഥന്മാരുടെ ആയസമുദ്ധതമായ മുഷ്ടികളിൽ അ
നന്തസ്പന്ദനങ്ങളിൽ അടിഞ്ഞു താഴുന്ന എന്റെ
ആയുസ്സു് വിറച്ചുപിടയുന്നതുമായ ഭീകരചി
ത്രം ഇന്നുമുതൽ മണ്ണിലാണ്ട മന്ദമായ ദിന
പ്രഭയിലെന്നോണം എന്റെ നയനവീഥിയിൽ
നീന്തിത്തുടങ്ങി നക്ഷത്രചന്ദ്രന്മാർ ഇല്ലാത്ത
നിബിഡാന്ധകാരം നിറഞ്ഞ നിശാമദ്ധ്യത്തിൽ
അപ്പുറമൊന്നുമില്ലാതെ ഉയർന്നു നിൽക്കുന്ന പാ
റക്കെട്ടിന്റെ വക്കിൽ നിന്നും, വാപിളർന്നിരി
ക്കുന്ന അഗാധഗുഹാതലത്തിന്റെ ഇരുൾ മൂടി
യ ഉദരത്തിലേക്കു് പതിച്ചുകഴിഞ്ഞ തിരശ്ച
യനായ ഒരു മനുഷ്യജീവിയുടെ നാനാകീയാനു
ഭൂതികളിൽ ചിറകടറ്റ എന്റെ ഹൃദയം കിടന്നു പിട
ഞ്ഞുകയികവുമാനസികവുമായ സമസ്തശക്തി
കളും സമാഹരിച്ചു്, ശരാശരി മനുഷ്യരേക്കാൾ
പതിന്മടങ്ങു് ഉയർന്നു, പൊട്ടന്നു് രാക്ഷസീയ
മായ വളർച്ചയിൽ ഞാൻ എത്തിച്ചേർന്നെന്നു് എ
നിക്കു് തോന്നി. ഞാൻ അനുഷ്ഠിക്കാൻ പോ
കുന്ന ലോകസേവനത്തിന്റെ മഹനീയതയിൽ
എന്റെ താല്പര്യലാഭകൈവെടിക്കലും എവിടെയോ
പറന്നു മറഞ്ഞു. തന്റെ അഭിപ്രായത്തെ പോ
ഷിപ്പിക്കുന്ന ലോകത്തെ മുഴുവൻ വെല്ലുവിളിച്ച
ലോകപ്രസിദ്ധനായ അങ്ങയുടെ മുന്നിൽ, അങ്ങ
യേക്കാൾ അനേകംമടങ്ങു് വളർന്നയന്ന ഞാൻ
നീണ്ടു നിവർന്നുനിന്നു. മനോഹരമായ പട്ടും
ഭാരം മടക്കുമടക്കായി തേച്ചൊട്ടുത്തു് ഒരു നാ
ഗഫാരംപോലെ ചുറ്റിയിരുന്ന ആ ഗളപ്രദേശ
ത്തേക്കു് ആഞ്ഞണഞ്ഞ എന്റെ ആയസഖ
ഡ്ഗം, പൊട്ടന്നണഞ്ഞ ആ വൈദ്യുതദീപമാ
ലകളുടെ മദ്ധ്യത്തിലും മിന്നൽപ്രഭപോലെ മി
ന്നിത്തിളങ്ങി.

ii

പ്രിയസ്നേഹിതാ,

അങ്ങുമരിച്ചില്ല, എന്നേ ആരും പിടിച്ചുമ
ല്ല, മായാത്ത ഒരു മുദ്രയോടുകൂടി അങ്ങും അ
ങ്ങയെ കീർത്തിയോടുകൂടി ഞാനും ര
ക്ഷപ്പെട്ടു—അതോടുകൂടി വേണ്ടാത്ത രണ്ടിലധി
കം ദശാബ്ദങ്ങൾകൂടി നീണ്ടുനിന്ന ദിവാൻഭരണ
ത്തിന്റെ ദുരന്തബാധയിൽനിന്നും, അതേ
പ്പിച്ച പാടുകൾ മുഴുവൻതുത്തുമായ്ച്ചു് കളഞ്ഞു്
രാജ്യം നവജീവൻ പ്രാപിക്കുന്നതിന്റെ നാ
ന്ദിയായി ആ സംഭവത്തെ സകല രാജ്യസ്നേ
ഹികളും വ്യാഖ്യാനിച്ച ഏകാധിപത്യം പടി
പടിയായി. ഈ രാജ്യത്തെ ഏല്പിച്ചുകൊണ്ടി
രുന്ന ക്ഷതങ്ങൾ എല്ലാംകൂടിച്ചേർന്ന ഒറ്റ ഒരു
അക്ഷയ മുദ്രയായി അതിന്റെ അവസാനത്തെ
ഡിക്രീറ്റിന്റെ ഒടെ ഗണ്ഡത്തിൽ ഏല്പിച്ചതാ
ണെന്നു് ആഹ്ലാദോന്മത്തതകൊണ്ടു് പറഞ്ഞ
ആളുകളും ഉണ്ടു്. രാജ്യഭരണത്തിന്റെ രൂപം ഇ
നി മാറിത്തുടങ്ങുന്നു എന്നു മുന്നറിയിപ്പായി അ
ഹിംസാപ്രേമികളായ കോൺഗ്രസുകാർപോലും
ഈ സംഭവത്തെ കണ്ടുതുടങ്ങി

എന്നാൽ, (ഞാനിനി പറയുവാൻ പോകുന്ന
തിൽ ഒരു ചെറിയ ക്ഷമാപേക്ഷയുടെ അംശം
ഉണ്ടെന്നു് തോന്നിയേക്കാം. എങ്കിലും
ഞാൻ പറയട്ടെ) ഭരണത്തിന്റെ രൂപം (form)
മാത്രമെന്നറിയപ്പെടുന്ന ഉള്ളടക്കത്തിന് (Contents)
ഇന്നും ഒരു വ്യത്യാസവും ഉണ്ടായിട്ടില്ല. നൂറാ
ണ്ടുകളായി നിലനിന്നു വരുന്ന ഭരണരീതിയിൽ
ഓളം തല്ലിക്കൊണ്ടിരുന്ന ദുഷ്പ്രവണതകളും
ഉർവാസനകളും അങ്ങയുടേയും അങ്ങയുടെ മുൻ
ഗാമികളുടെയും കാലത്തുണ്ടായിരുന്നതുശക്തി
യോടും പരപ്പോടും ഇന്നും നിലനിൽക്കുന്നു ദി
വാൻ ഭരണത്തിന്റെ ഉടലിലെ ഇരുണ്ട പാട്ട
കളും ഉള്ളിൽ നിന്നുമുള്ള പൊട്ടിയൊഴുകലുകളും
കൂടുതൽ അഴുപ്പു തോന്നിക്കത്തക്കവണ്ണം ഇന്നു വ
ർദ്ധിച്ചിരിക്കുന്നു. ഒരു വ്യക്തി അന്നു് സ്വതന്ത്ര
മായി തുടർന്ന ഏകാധിപത്യം അനവധി ആ
ളുകളുടെ നിർബ്ബുദ്ധമായ തോന്നിയ വാസമാ
യി രൂപാന്തരം പ്രാപിച്ചിട്ടുണ്ടെന്നുള്ളതാണ്
പ്രധാനപ്പെട്ട ഒരു വ്യത്യാസം. അങ്ങയുടെ പ്രി
യമിത്രമായ ഡാക്ടർ പട്ടാഭി രാഷ്ട്രപതിയായ
പ്പോൾ ജനകീയത്തിനു് ഒരു പുതിയ വ്യാഖ്യാ
നം നൽകിയതു് അങ്ങു് കേട്ടിരിക്കുമോ എ
ന്തോ! "തിരഞ്ഞെടുത്ത ചിലരുടെ ഏകശാസ
നമാണു് ജനാധിപത്യ"മെന്നു് (Democracy is the anfoiracy of the chosen few)
അദ്ദേഹം പറഞ്ഞതു് ഇന്നു "സ്വതന്ത്ര"മായ്ക്ക
ഴിഞ്ഞതിനുശേഷമാണു് ക്രൂരന്മാരായ കൊള്ള
ക്കാരും ക്രിമിനൽ പുള്ളികൾക്കും ഭരണാധികാരി
കളാകാമെന്നും അവരുടെ ഇഷ്ടംപോലെ പൊ
തുമുതലിൽ കൈവയ്ക്കാമെന്നും വന്നതു് ഇന്നത്തെ
ഡെമോക്രസിയുടെ മായാത്ത ഒരു നേട്ടമാണു്
എപ്പോഴും അസ്ഥിരമായി ചാഞ്ചാടിക്കൊണ്ടിരി
ക്കുന്ന ഒരു അംഗസംഖ്യയുടെ ആകത്തുകകളു
ടെ അഭിപ്രായാഭിലാഷങ്ങളും അനുസരിച്ചു് താ
ളം ചവുട്ടുന്ന ഒരു ഭരണരീതി, അനേകലക്ഷം
നിരപരാധികളുടെ നിത്യജീവിതത്തെ ബാധി
ക്കുന്ന നയപരിപാടികൾ അടിച്ചേല്പിക്കുക എ

ന്നത് ഞങ്ങളുടെ ഡെമോക്രസിയുടെ ഒരു പ്രത്യേകതയാണ്. മന്ത്രിസഭകളുടെ ആയുർദൈർഘ്യം അതിനു താങ്ങും തണലും തുണയുമായി വർത്തിക്കുന്ന നിയമസഭാ സാമാജികന്മാരുടെ കൈപൊക്കലിനെ ആശ്രയിച്ചിരിക്കുന്നിടത്തോളംകാലം സ്വന്തം തലയ്ക്കു മീതെ വിശാലമായ രാജ്യതാല്പര്യങ്ങളെ സംരക്ഷിക്കാൻ ഇന്നത്തെ മന്ത്രിമാർക്കു സാധിക്കുന്നതല്ല.

ഇന്നത്തെ മന്ത്രിഭരണത്തെ അപേക്ഷിച്ച് അങ്ങയുടെ ഭരണമായിരുന്ന നല്ലതെന്ന് എനിക്കു വിശ്വാസമുള്ളതായി, ഏതായാലും തെറ്റിദ്ധരിക്കേണ്ട. ഞങ്ങൾക്കുള്ള പരാതി, ഭിവാൻ ഭരണകാലത്തിൽനിന്നും രാജ്യം ഒരടിപോലും മുന്നോട്ടു വച്ചിട്ടില്ല എന്നതാണ്. സ്വന്തം താല്പര്യങ്ങൾ കാത്തുരക്ഷിക്കുന്നതുപോലും അങ്ങു രാജ്യനന്മയുടെ മറവിൽനിന്നുകൊണ്ടേ ചെയ്യുമായിരുന്നുള്ള സിമൻറ് സബ്സിഡി വകയിൽ സ്വന്തം പുത്രന് അനേകലക്ഷം രൂപ അങ്ങു ലാഭമുണ്ടാക്കിക്കൊടുത്തപ്പോൾ, അമ്പത്തു മൈൽനീളമുള്ള വല്ല ഒരു കോൺക്രീറ്റ് റോഡ് ഞങ്ങൾക്കുകിട്ടി. കമ്പനികളും വ്യവസായശാലകളും പുതിയതായി സ്ഥാപിക്കുന്നതിന്റെ പേരിൽ അങ്ങ് പൊതുമുതൽ ഭാണ്ഡംഭാണ്ഡമായി ഇവിടെനിന്നും സ്വദേശത്തേക്കു കൊണ്ടുപോയിരുന്നു കാലത്ത് തിരുവിതാംകൂറിന് ഒരു ഫാക്ടറിയും (FACT) ഒരു അലൂമിനിയം ഫാക്ടറിയും ഒരു സിമൻറ്ഫാക്ടറിയും, ഒരു റബ്ബർ ഫാക്ടറിയും ഒരു കളിമൺ വ്യവസായശാലയും അതുപോലെ അഭിമാനിക്കാൻ കൊള്ളാവുന്ന പല സ്ഥാപനങ്ങളും ലഭിച്ചു.

എന്നാൽ ഇന്നോ! അങ്ങെയ്ക്കു സ്തുതിഗീതങ്ങൾപാടി, അനവധി പ്രാവശ്യം അങ്ങയുടെ മുന്നിൽ സാഷ്ടാംഗപ്രണാമംചെയ്ത മാപ്പിനിരന്ന അന്നത്തെ പ്രമാണികൾ, അങ്ങയെ ഓടിക്കാനും ജനാധിപത്യം സ്ഥാപിക്കാനും തങ്ങൾ അന്നു് അനുഷ്ഠിച്ചതുഗതിയുടെ നേറയും യാതനയുടേയും പേരിൽ ഇന്ന് രാജ്യം മുഴുവൻ തറവാട്ടു വകയായിത്തീർന്നിരിക്കുന്ന എന്ന അഹങ്കാരത്തോടുകൂടി എന്തൊന്നു് നാശമാണെന്നോ വരുത്തിവയ്ക്കുന്നതു്! മണ്ണ്, വെള്ളം, വനം, വൃക്ഷം, വൈദ്യുതശക്തി, അരി, പഞ്ചസാര, എന്തിനും വിദേശനാണ്യം പോലും, സമൂഹത്തിന്റെ പൊതു ആവശ്യങ്ങൾക്ക് നീതിയോടെ നിയന്ത്രിച്ച്, ഉപയോഗക്ഷമമാക്കേണ്ടതിനു് പകരം ഭരണാധികാരത്തിന്റെ ഭാഗഭാഗിത്വം ലഭിക്കാനിടയായ ഏതാനും വ്യക്തികളുടെ യാതനാധനത്തിന്റെ കനം വർദ്ധിപ്പിക്കാനുള്ള വിദേശ്യാപകരണങ്ങളായിത്തീർന്നിരിക്കുന്ന ശ്രുപാർശയും കൈക്കൂലിയുംകൊണ്ട് അങ്ങയുടെ കാലത്തും എന്തും സാധിക്കാമായിരുന്നെങ്കിൽ, ശ്രുപാർശയും കൈക്കൂലിയുമില്ലാതെ ഇന്നത്തെ കാലത്ത് ഒന്നും സാധിക്കാൻവയ്യ എന്ന നിലവന്നുകഴിഞ്ഞ പെണ്ണോ പണമോ ഉണ്ടെങ്കിൽ മഹത്തായ കാര്യങ്ങൾപോലും നേടാൻ അങ്ങയുടെ കാലത്ത് എളുപ്പമായിരുന്നെങ്കിൽ, ഇവരണ്ടും സ്വാർത്ഥസിദ്ധിക്കുള്ള കുറുക്കുവഴികളാണ് എന്ന തത്വം ജനകീയ രാഷ്ട്രതന്ത്രത്തിന്റെ ഒരു സുപ്രധാനഘടകമായി പരസ്യമായി അംഗീകൃതമായതു് ഇന്നാണ്. പരദ്രോഹകുശങ്കാം ആവശ്യപ്പെടുന്നവനു് അവ വേഗമൊന്നും ലഭിച്ചുകിട്ടാൻ അങ്ങയുടെ കാലത്തു് കുത്തുവാക്യമില്ലായിരുന്നെങ്കിൽ, ഇന്നു് അവപോദിക്കുന്നവനു്, അവ പോദിച്ചുവെന്ന കാരണത്താൽ മാത്രം തല്ലുകൊണ്ടു് എല്ലുനുറുങ്ങും എന്ന നിലയായി പരദ്രോഹകാശങ്കാം പോകട്ടെ, ഉണ്ണാനുള്ള അരിപോലും ചോദിക്കാൻ വിശക്കുന്നവനു് സ്വാതന്ത്ര്യമില്ല പുണ്ണാരോഗ്യവാന്മാരായി ലോക്കപ്പുകളിലും ജയിലുകളിലും പോകുന്നവർ അടുത്തനിമിഷം പിതംപിടിച്ചും പേപ്പടികടിച്ചും ഹൃദയസ്തംഭനം ബാധിച്ചും മരിച്ചുവീഴുക എന്നതു് ജനകീയഭരണത്തിന്റെ മൈനികനീതി (Order of the Day)യായിത്തീർന്നിരിക്കുന്നു. പണ്ടൊക്കെ പൊലീസുകാരന്റെ അടിയേയും പട്ടാളക്കാരന്റെ വെടിയേയും നിയന്ത്രിച്ചിരുന്നതു് ഭക്തിവിശ്വാസത്തുള്ള പ്രകാശമാനമായ രണ്ടു നേത്രഗോളങ്ങളുടെ ചലനഭേദങ്ങളായിരുന്നെങ്കിൽ, ആ അടിയും വെടിയും ഇന്നു നിർബ്ബാധം സഞ്ചരിക്കുകയും, അവയുടെ മാർഗ്ഗത്തിൽ കാണുന്ന സകലതിനേയും, ഭസ്മാസുരനു കിട്ടിയ വരംപോലെ, ഭരണാധികാരത്തിന്റെ ചുക്കാൻ പിടിക്കുന്നവരുടെ ഗണ്ഡസ്ഥലങ്ങൾവരെ, തകർത്തുതവിടുപൊടിയാക്കുകയും ചെയ്തുതുടങ്ങിയിരിക്കുന്നു. ഞങ്ങളുടെ ശിരുവായ ജനാധിപത്യത്തിന്റെ സ്വതന്ത്രമായ വളർച്ചയെ സുകരമാക്കുന്ന സ്റ്റീംറോളറിന്റെ വിവിധ ഘടകങ്ങളിൽ ലാത്തിക്കാരും, തോക്കിനും പുറമെ ഭക്ഷ്യക്ഷാമവും പട്ടിണിയും കൂടെ ഉൾപ്പെടുന്നു എന്ന വസ്തുത ഞാൻ എടുത്തുപറയാതെതന്നെ അങ്ങ് അറിഞ്ഞുകാണണം.

പക്ഷെ, ഇതുകൊണ്ടൊന്നും ഞാൻ 47 ജൂലൈ 25-ലെ പ്രവൃത്തിയിൽ പശ്ചാത്തപിക്കുന്നുഎന്നു അർത്ഥമാക്കേണ്ടതില്ല ഞാൻ മുമ്പു് പറഞ്ഞതുപോലെ ഭരണത്തിന്റെ ആകാരം മാറിയതുതന്നെ പുരോഗതിയിലേക്കുള്ള പ്രകടമായ ഒരു കൽവയ്പാണ് എന്നു് എനിക്കു പരിപൂർണ്ണബോദ്ധ്യമുണ്ട്. പുതിയ ഒരു ചിറവിയുടെ അനിവാര്യമായ വേദനയിലൂടെയാണ് രാജ്യം ഇന്നു് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നതു്. ആകൃതിയോടൊത്തു് ഉള്ളടക്കവും ക്രമേണമാറിവരുന്നു. എന്നതിന്റെ പ്രത്യക്ഷസൂചനകളാണ് സമൂഹത്തിന്റെ അടിപ്പരപ്പിൽ അന്നങ്ങളായിരുന്ന ഇളക്കങ്ങൾ തിളച്ചുമറിഞ്ഞ് എല്ലായിടത്തും ഇന്നു് ഘരപ്പു് പായുന്നതു തന്നെ ഇന്നു് കാണുന്ന ഈ വൈരുദ്ധ്യങ്ങളും മാത്സ്യങ്ങളും അടുത്തുതന്നെ അങ്ങോട്ടുമിങ്ങോട്ടും മുട്ടിപൊട്ടിത്തെറിക്കുമെന്നും, ഇന്നത്തെ ഈ വേദനയുടേയും വെമ്പലിന്റേയും ശവക്കഴിയുടെ കൂമ്പിൽ സുരഭിലമായ ഉഷസ്സൈതന്യം പരത്തിക്കൊണ്ടു് പുതിയ ഒരു സമൂഹഘടനയുടെ ഉഷഃസൂര്യൻ ഉയരുമെന്നും ഞാൻ മാത്രമല്ലാ, രാജ്യവാസികളെല്ലാം വിശ്വസിക്കുന്നു.

അങ്ങനെയുള്ള ഒരു സുപ്രഭാതവുംകാത്തു് കൈയുംകെട്ടി കുത്തിയിരുന്നാൽ മതിയോ എന്നു് ആത്മാർത്ഥമായി സംശയിക്കുകയും പോദിക്കുകയും ചെയ്യുന്നവരുണ്ട്. 47 ജൂലൈ 25-നുശേഷം കൂടെ എന്റെ കടമ അവസാനിച്ചോ എന്നും എന്റെ ആയുധം ഉറയിൽ നിക്ഷേപിച്ചുകഴിഞ്ഞോ എന്നും ചിലർ അന്വേഷിക്കുന്നു വ്യക്തിഗതമായ ഈ വീരസാഹസികതപം, കാറ്റൊപ്പിട്ട ഈ ധീരതാപ്രകടനങ്ങളും, രാഷ്ട്രീയമായ കൊലപാതകങ്ങളും എന്നതൊന്നു വയ്ക്കുക, നമ്മുടെ സ്വപ്നങ്ങളെ യാഥാർത്ഥ്യങ്ങളാക്കിത്തീർക്കാൻ പറ്റുന്നവയല്ലെന്നാണ് എന്റെ അനുഭവത്തിൽനിന്നും ഞാൻ പഠിച്ചതു് ഒരു വ്യവസ്ഥിതിയുടെ നിലനില്പിനു് ഒന്നോ അതിലധികമോ വ്യക്തികളും, മറ്റൊന്നിന്റെ ആവിർഭാവത്തിനു്, അമ്ലമഴപോലെ, മറ്റവരിലുമാണ് ഹേതുഭൂതരും ഉത്തരവാദികളുമെന്ന അശാസ്ത്രീയമായ ചിന്താഗതിയാണു്. പൊതുവുദ്ദേശത്തിന്റെ മറവിൽ ചെയ്യപ്പെടുന്ന വ്യക്തിഹിംസയുടെ അടിസ്ഥാനം. സോക്രട്ടീസ്, ക്രിസ്തു, ചാൾസ് ഒന്നാമൻ, തോമസ്മൂർ എന്നിവർ മഹാത്മാഗാന്ധിവരെയുള്ളവരുടെ ചരിത്രം ഏടുത്തുനോക്കിയാലും അവരവർ പ്രതിനിധീകരിക്കുന്ന തത്വമീമാംസയെ ഹിംസിക്കാൻ അവരുടെ ജീവനാശം ഒട്ടും സഹായമായിരുന്നില്ലെന്നും, നേരെമറിച്ചു് അവരെ കൂടുതൽ ശ്രുധാമൂലമാക്കാൻ ഉപകരിച്ചതേ ഉള്ളുവെന്നും ആണല്ലോ കാണിക്കുന്നതു്. സമൂഹത്തിന്റേയും വ്യക്തിയുടേയും ബോധപൂർവമായ പ്രവർത്തനത്തിന്റെ ഫലമായി കൈവരേണ്ട നേട്ടങ്ങളെ വ്യക്തിയുടെ ഒറ്റതിരിഞ്ഞ പ്രതികാരോദ്യമങ്ങാം വിഫലപ്പെടുത്തുകയോ വിളംബപ്പെടുത്തുകയോ ചെയ്യുന്നതു് മനുഷ്യനോടു് ചെയ്യുന്ന ഏറ്റവും വലിയ കൃതുവിലോപമെന്നു് ഞാൻ കരുതുന്നു.

* * *

പെരിയ ചിന്താക്ഷുപ്പങ്ങളുണ്ടായിരുന്നെങ്കിലും എന്റെ ഉദ്ദേശവും അന്നിതു തന്നെയായിരുന്നു. എത്ര ജീവിച്ചാലും മതിവരാത്ത മധുരാനുഭൂതികാം നിറഞ്ഞ മനുഷ്യജീവിതം അവസാനിപ്പിക്കുകയല്ലായിരുന്നു എന്റെ ഉദ്ദേശം. ആഹാരവും സംതൃപ്തിയും നിറഞ്ഞ പുതിയ ജീവിതത്തിന്റെ വെളിച്ചം എങ്ങും പരത്തണമെന്നേ എനിക്കു് അന്നും ഇന്നും ഉദ്ദേശമുള്ളൂ.

എന്നു്
കേരളമണി

നിഴൽ നിൽക്കായി

[ഒരു നാടകം]

★

വി. ടി. ഇന്ദുചൂഡൻ

[ഈ നാടകം വന്നിട്ട വളരെ ദിവസമായെങ്കിലും ഇതുവരെ പ്രസിദ്ധീകരിക്കാൻ സാധിച്ചില്ല. ആകെ 12 രംഗങ്ങളുണ്ട്. അടുത്ത ആഴ്ച മുതൽ രണ്ടു രംഗംവീതം പ്രസിദ്ധീകരിക്കുന്നതാണ്. നാടകം പ്രസിദ്ധീകരിച്ച കഴിഞ്ഞശേഷം ഈ നാടകത്തെപ്പറ്റിയുള്ള ഏറ്റവും നല്ല അഭിപ്രായവും പ്രസിദ്ധീകരിക്കുന്നതാണ്. പത്രാധിപർ]

കഥാപാത്രങ്ങൾ

1. കുഞ്ഞൻപണിക്കർ: —ഒരു വൃദ്ധനായ കൃഷിക്കാരൻ.
2. അമ്മു:—പണിക്കരുടെ മകൾ.
3. വാസു: —അമ്മുവിന്റെ കാമുകൻ.
4. മത്തായി:—ഒരു ജന്മിയും കച്ചവടക്കാരനും.
5. കരുണാകരമേനോൻ:—എം. എൽ. എ.
6. അന്തോണി:—മത്തായിയുടെ കാര്യസ്ഥൻ.
7. ചാക്കുപ്പൻ:—മത്തായിയുടെ വേലക്കാരൻ.
8. കിട്ടണ്ണി:—കരുണാകരമേനവന്റെ വേലക്കാരൻ.

രംഗം 1.

[കുഞ്ഞൻപണിക്കരുടെ വീടിന്റെ ഉമ്മറം. ഒരു പൊളിഞ്ഞ കയറുകട്ടിൽ. ചുമരിന്മേൽ കെട്ടിയിരിക്കുന്ന അഴയിൽ അഞ്ചാറു മുഷിഞ്ഞതുണി; ചില ഹിന്ദുദൈവങ്ങളുടെ പടങ്ങളും തൂക്കിയിട്ടുണ്ട്. പണിക്കർ കട്ടിലിന്മേൽ ഒരു പഴയ ജ്യോതിഷഗ്രന്ഥവും വായിച്ചിരിക്കുകയാണ്. 55-60 വയസ്സു പ്രായം. നരയും കഷണ്ടിയും കയറിയ തല; ക്ഷീണം വളഞ്ഞ ശരീരം. ക്ഷയരോഗം കഴിഞ്ഞിട്ട് കുറച്ചുനാളായി എന്നു തോന്നുന്നു; വെളുത്ത രോമങ്ങളും സാമാന്യം നീളത്തിൽ വളർന്നിട്ടുണ്ട്. മുട്ടുവരെ ഇറങ്ങുന്ന ഒരു മുണ്ടുമാത്രമാണ് ഉടുത്തിട്ടുള്ളത്. നെറ്റിയിലും, മാർവ്വിടത്തിലും, കൈകാലുകളിന്മേലും ഭസ്മവും ചന്ദനവും പൂശിയിരിക്കുന്നു. നാസാഗ്രത്തിൽ വച്ചിട്ടുള്ള ഒരു തുരുമ്പു പിടിച്ച കണ്ണട ഒരു നൂൽകൊണ്ട് തലയുടെ പിൻഭാഗത്തു പിടിച്ചുകെട്ടിയിരിക്കുന്നു. സമയം ഉച്ചതിരിഞ്ഞിട്ട് 3 മണി]

പണിക്കർ:—(ഒരു ശ്ലോകം വായിക്കുന്നു)

"മൂലം മൂലഗതം ഫലം ക്ഷിതിരുഹം സർവ്വം പ വല്ക്കാദികം
ധാത്രീമൂലഗതോഗദം പ വസനം ത്രൃഷ്ണം പ കഷ്ടാദികം.
സർവ്വം പ കഥിതം വിദഗ്ദ്ധമനസാ ജീവോഥ മൂലോദ്ഭവോ
ജന്തുർവൃക്ഷ കൃതസ്തരേ ഗുഹോനീഡം പ ഗോഷ്ഠാദികം"

(ഒരുവരി ആവർത്തിച്ചു ചൊല്ലുന്നു.)

"സർവ്വം ചകഥിതം വിദഗ്ധമനസാ ജീവോഥമൂലോദ്ഭവോ...."

(കുറച്ചുറക്കെ ആത്മഗതം) അതു ശരി. അങ്ങനെയാണല്ലേ....? (ആവർത്തിച്ചു ചൊല്ലുന്നു.)

"ജന്തുർവൃക്ഷകൃതസ്തരേ ഗുഹോനീഡം പ ഗോഷ്ഠാദികം"

(ആലോചിച്ച് കുറച്ചുറക്കെ ആത്മഗതം) അതു ശരി. മനസ്സിലായി. മൂലരാശിയിൽ മൂലനവാംശകവും മൂലനക്ഷത്രവും മൂലഗ്രഹവും വന്നാൽ ഭൂമിയിൽ മുളച്ചുണ്ടാവുന്ന സാധനങ്ങളും പോയിരിക്കുന്നുവെന്നു കരുതണം; അല്ലേ? അതു ശരി. (പിന്നേയും ആലോചിച്ച്. മൂലരാശിയിൽ ധാതുനവാംശകവും ധാതുനക്ഷത്രവും, ധാതുഗ്രഹവും വന്നാൽ ശർക്കരയും, വസ്ത്രവും, മരവും, വേവിച്ച സാധനങ്ങളും പോയിരിക്കുന്നുവെന്നു പറയണം; അല്ലേ; അതുശരി (വീണ്ടും ആലോചിച്ച്) "ജന്തുർവൃക്ഷകൃതസ്തരേഗുഹോ....." എന്നാണ്; അല്ലേ? മൂലരാശിയിൽ ജീവനവാംശകവും ജീവനക്ഷത്രവും ജീവഗ്രഹവും വന്നാൽ ജന്തുവും, തെഴുത്ത മുതലായവയും പോയിരിക്കുന്നുവെന്നു പറയണം; അതു ശരി.... (അടുത്തുവച്ചിരിക്കുന്ന ഒരു മരപ്പെട്ടി തുറന്ന് ഓവാറിലുമേൽ ചുണ്ണാമ്പു തേച്ചുകൊണ്ട് പിന്നേയും വായിയ്ക്കുന്നു)

"ജീവോ ജീവഗതോഗജാദ്യപരിഗോബാവദികം വാവഹൻ...."

(മുറ്റത്തു് ഒരു ശബ്ദംകേട്ട് തലയുയർത്തി നോക്കുന്നു. എന്തോ അല്പം പരിഭ്രമത്തോടുകൂടി) അല്ലാ. ഇതാരാത്? അന്തോണുപോയല്ലേ? (ഗ്രന്ഥം താഴെവച്ച് എഴുന്നേൽക്കുന്നു.)

[അന്തോണി പ്രവേശിക്കുന്നു. കറുത്ത് മെലിഞ്ഞ 45 വയസ്സ് പ്രായമായ ഒരു മനുഷ്യൻ. കഷണ്ടികയറാൻ തുടങ്ങിയ തല. ഷർട്ട് ഇട്ടിട്ടില്ല. ഒരു മേൽമുണ്ടു മാത്രം ചുമലിലിട്ടിട്ടുണ്ട്. മടിയിൽ ഒരു പേഴ്സ്, മുറുക്കാൻപൊതി, തോർത്തുമുണ്ട്. കക്ഷത്തിൽ ഒരു കുട. കാലിൽ ഒരു പഴയ കീറിയ ചെരിപ്പ്, കഴുത്തിൽ കൊന്ത]

പണിക്കർ: ചായകുടിക്കാൻ പായട്ടെ. (ഉറക്കെ വിളിക്കുന്നു) അമ്മൂ, അമ്മൂ!....പണ്ടാരം വെയ്ക്കാൻ! ഈ പെണ്ണ് ഏതു പാതാളത്തിൽപോയി കുത്തിരിക്കുംന്നോ! (അടുത്തിരിക്കുന്ന ഒരു വടി എടുത്തു കുത്തിപ്പിടിച്ച് കുനി അടുക്കള വാതിലൂടെക്കു ചെല്ലുന്നു) അമ്മൂ, എടീ അമ്മൂ! (അമ്മു ധൃതിയിൽ വിളികേൾക്കുന്നു)

അന്തോണി: വേണ്ട പണിക്കരേച്ചോ, ചായ വേണ്ട.

പണിക്കർ: (തിരിഞ്ഞുനിന്നു) ഏ? വേണ്ടാന്നോ? അതെന്താ?

അന്തോണി—വേണ്ട. ഞാനിപ്പോൾത്തന്നെ ചായ കുടിച്ചു.

പണിക്കർ:—എന്നാലും വെയിലത്തു നടന്നു തളർന്നതല്ലേ, ഒരു ഗ്ലാസ്സുകൂടി കഴിക്കൂ

അന്തോണി:—വേണ്ട ചായ കുടിച്ചാൽ ദാഹം വർദ്ധിക്കുള്ളൂ.

പണിക്കർ:—അതു ശരിയാ. വല്ലാത്ത വെയിലു്. അല്ലേ, അന്തോണ്യാപ്ലേ? ഈ തീരുവാതിര ഞാറ്റുവേലക്കാലത്ത് ഇങ്ങനെയൊരു വെയിലു് ഞാൻ ഇതിനു മുമ്പു് കണ്ടിട്ടില്ല. കൃഷി മുഴുവൻ നാശായി കലികാലല്ലേ? എങ്ങനുണ്ടു നേര്യാവ്)

[അമ്മു വാതിലൂൽ പ്രത്യക്ഷപ്പെടുന്നു. 18-20 വയസ്സു പ്രായമായ ഒരു പെൺകുട്ടി. ഉയരം കുറഞ്ഞ ശരീരം. ഇരുനിറം. ഭംഗിയുള്ള മുഖം. നീണ്ടു കറുത്ത തലമുടി പിന്നിലഴിച്ചിട്ടിരിക്കുന്നു. പറയത്തക്ക യാതൊരാഭരണങ്ങളുമില്ല. സാധാരണമട്ടിൽ വേഷധാരണം, കീറി മുഷിഞ്ഞ മുണ്ടു, ബ്ലൗസും]

അമ്മു—അച്ഛൻ എന്താ എന്നെ വിളിച്ചതു്?

പണിക്കർ:—(അമ്മുവിന്റെ നേരെതിരിഞ്ഞു) നിയ്യ് ഏതു പാതാളത്തിപ്പോയി കുത്തിരിക്കുംന്നെടി?

അമ്മു—ഞാൻ പറമ്പിലിണ്ടാർന്നു

പണിക്കർ —ഹും! വിളിച്ചു വിളിച്ചു തൊണ്ടപൊട്ടീന്നു..... അന്തോണ്യാപ്ലക്കു് ചായ കാച്ചാൻ വിളിച്ചതാണു്,

അന്തോണി— (അമ്മുവിന്റെ നേരെ ഒരു നോട്ടം എറിഞ്ഞുകൊണ്ടു്) എനിക്കു ചായവേണ്ട പണിക്കരേച്ചോ.

പണിക്കർ— അങ്ങനെ കുടിയ്ക്കില്ലാന്നു് നിർബ്ബന്ധാണെങ്കിൽ വേണ്ട (അമ്മു പോകുന്നു) പിന്നെ.....അന്തോണ്യാപ്ലേ ഇന്നു വെയിലത്തു് എന്തേ പുറപ്പെട്ടതു്? ഞാൻ അങ്ങോട്ടു വരണംന്നു് നിരീച്ചിരിക്കാൻ തുടങ്ങിട്ടു് കുറച്ചുദിവസായി. ഈ കൂനം വച്ചോണ്ടു് നടക്കാൻ വയ്യ. എ

ന്റെ 30 വയസ്സിൽ തുടങ്ങിതാണിക്കുന്നു. ജാതകവശാൽ ഒരു കണ്ടകശനി ഉണ്ടെന്നു. പിന്നെവരാനുള്ളതു തടുത്താനിക്കേപാ അന്നൊക്കെ ഒരു വടിയും കുത്തിപ്പിടിച്ച് ഒരുവിധം നല്ലോണം നടക്കാൻ വയസ്സായപ്പോഴും തീരെ നടക്കാൻ വയ്യാണ്ടായി. അടുത്ത മകരത്തിൽ 59 തികയും എനിക്ക് എപ്പഴാണ് അങ്ങോട്ട് തിരിച്ചു വിളിക്കുന്നു നോക്കിക്കൊണ്ടിരിക്കുണ്ട് ഞാൻ

അന്തോണി:—എങ്ങോട്ട്?

പണിക്കർ:—അങ്ങോട്ടയ്. അട്ടഹത്തിന്റെ അടുത്തക്കേയ്.

അന്തോണി:—(പിന്നേയും മനസ്സിലാകാതെ) ആരുടെ?

പണിക്കർ:—(കൈകൊണ്ട് മേല്പോട്ടയത്തി) അട്ടഹത്തിന്റെയ്. സാക്ഷാൽ ജഗദീശ്വരന്റെ.....അതുപോകട്ടെ. അന്തോണിച്ചാ എന്തേപോന്നത്?

അന്തോണി:—പണിക്കരച്ചനോട് മുതലാളി ഒന്നുത്തോളം പെല്ലാൻ പറഞ്ഞു.

പണിക്കർ:—(ആലോചിച്ച്, പതിഞ്ഞ സ്വരത്തിൽ) ഇതെന്തിനാണെന്നോണ്ടുപ്പോ?

അന്തോണി:—എന്തിനാണെന്ന് എനിക്കു പിടിയില്ല.

പണിക്കർ:—അന്തോണിച്ചാപ്പ അറിയാണ്ടിരിക്കില്ല അറിവുണ്ടാവും

അന്തോണി:—ഇല്യാന്നേയ്, എന്തിനാ എതിനാ എന്നൊന്നും ഞാൻ ചോദിച്ചില്ല, പണിക്കരച്ചോ മുതലാളി പറയണത് അൻസരിക്കലല്ലേ കാര്യസ്ഥന്റെ പ്രവർത്തി പണിക്കരച്ചനോട് കൊണ്ട് അതുത്തോളം പെല്ലാൻപറയാൻ മുതലാളി പറഞ്ഞു. ഞാനതു ഇവിടെ വന്നു പറഞ്ഞു....എന്തായാലും പണിക്കരച്ചോ, ഞാൻ പോണ്ടല് വല്ല മിഷ്ട്ടേക്കുണ്ടോ?

പണിക്കർ:—അതു ശരിയാണ്. എന്നാലും അന്തോണിച്ചപ്പക്ക് വിരോധമില്ലാണ്ടിരിയ്ക്കില്ല. മുതലാളി എന്തുണ്ടെങ്കിലും അന്തോണിച്ചപ്പയോട് പറയും.

അന്തോണി:—പണിക്കരച്ചൻ തന്നാണ് എനിക്ക പൂതിയില്ലാഞ്ഞു. പൂടില്ലാത്ത കായ്ക്കളെ പറയാൻ ശ്രമിക്കരുതു്. ഞാൻ പോണ്ടല് വല്ല മിഷ്ട്ടേക്കുണ്ടോ?

പണിക്കർ: (ആലോചിച്ചിട്ട്) ആ പണത്തിന്റെ സംഗതി പറയാനാവും മുതലാളി വിളിക്കണതു്. അല്ലേ? എന്റെ അന്തോണിച്ചപ്പേ, അതു ഞാൻ ഈ വർഷം തികയുന്നതിനുമുമ്പു തന്നെ തീർത്തക്കാം

ആയുസ്സിനിടയ്ക്ക് എനിയ്ക്ക് ഇങ്ങനൊരു പാര പാഠിച്ചിട്ടില്ല. കാണാൻ കൊള്ളാം കുടുംബം നോക്കാനുംകൂടിണ്ടാന്ന് ഒരു പെക്കനാണ്. അവനോട് ഞാൻ അന്ന് എത്ര പറഞ്ഞ് അരുത് അരുതെന്നു്. അവൻ കേട്ടില്ല. എഴേട്ടു കൊല്ലം മുമ്പ് കാങ്കസ്സിന്റെ കൂടിപിടിണ്ടാന്നില്യേ? പെക്കൻ അതിന്റെടയ്ക്ക് ഒരു വർഷം ജേലിപ്പായി, പൊറത്ത്വന്ന് അർസസ്സ് പിടിച്ച് മരിച്ച നാണിയ്ക്കു—എന്റെ ഭാര്യയ്ക്കു—അർദിനിടയ്ക്ക് ഒരു ജ്വരപ്പനീം. കല്യാണഗന്ധകം തുള്ളല് പോലെത്തെ തുള്ളല് തന്നെ, തുള്ളി. ഒടുവിൽ അവളേയുംകൊണ്ടുപോയി, അല്ലേഹം. കൃഷിനടക്കാനാളില്ലാണ്ട് പാട്ടബാക്കി വന്നപ്പോൾ അഞ്ചാറേക്രമീണ്ടാന്നുതന്നുവാൻ തിരിച്ചു വാങ്ങിച്ച എനിയ്ക്കുതന്നെ വെച്ചോണ്ട് പാടത്ത് പണിടിക്കാനാവ്വല്ല. ആകെ കഴപ്പുത്തിലായപ്പോഴാണ് മുതലാളിയോട് ത്രുപാ കടം വാങ്ങിയതു്.

അന്തോണി:—അതൊന്നും പറഞ്ഞിട്ട് കാര്യല്യലോ;

പണിക്കർ:—ഇല്യാ, ഇല്യാ കക്കടകലഹ്നായിരുന്ന എത്ര പറഞ്ഞാലും പിടിച്ചാക്കിട്ടോപാ? കിട്ടില്യ ആരു തടഞ്ഞാലും നിക്കോപാ നിക്കില്യാ.

അന്തോണി:—അതല്ല, പണിക്കരച്ചോ. പഴയ പുരാണം പാഞ്ഞിട്ടെന്തു കായ്യം? കടം വാങ്ങിച്ച വക മടക്കിക്കൊടുക്കണ്ടെ? എന്താ ഞാൻ പോണ്ടല് വല്ല മിഷ്ട്ടേക്കുണ്ടോ?

പണിക്കർ:—അന്തോണ്യാപ്പ പറേണതു് ശരിയാണ്. പണം ഞാൻ എങ്ങനെയെങ്കിലും മടക്കിത്തരാം. എന്റെ വാക്കുവിശ്വസിയ്ക്കു

അന്തോണി:—ഇതാക്കെ, പണിക്കരച്ചോ, എന്നോട പറഞ്ഞിട്ടെന്തുകായ്യം? ഞാൻ വെറും കായ്സ്ഥൻ മുതലാളി പറഞ്ഞതു് അൻസരിയ്ക്കാതെ പേരെവല്ലോം പെയ്യാനൊക്കോ? എന്താ, ഞാൻ പോണ്ടല് വല്ല മിഷ്ട്ടേക്കുണ്ടോ?


പണിക്കർ:—(ഒരു ദീർഘനിശ്വാസത്തോടെ) ഹ്ഹും.....വിധിപോലെ വരട്ടെ അല്ലാണ്ടെന്തു പെയ്യും? ഹ്ഹും.....ഞാൻ വാളെ അങ്ങോട്ട വന്നോളാമെന്നു പറയു, അന്തോണ്യാപ്പേ.

അന്തോണി:—എന്നാൽ ഞാൻ പോകട്ടെ....ആ മേത്തലപ്പാടത്തു് കൊറെ പണിചെയ്യിയ്ക്കാനുണ്ട്....(കടയും കക്ഷത്തിൽവെച്ച പോകുന്ന പണിക്കർ വടിയും കുത്തിപ്പിടിച്ച് അന്തോണിയുടെ പുറകെ പടിവരെ പോകുന്നു.)

മോഹത്തിന്റെ മൊട്ടുകൾ

യൌവ്വനത്തിലേയ്ക്കു കാലുകുത്തിയ കാലം മുതൽ, കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ വികാരങ്ങളുടെ വിക്രതവിക്രിയകൾക്കിടിമപ്പെട്ടതിന്റെ ഫലമായി അനുദിനം എത്രയെത്ര മോഹത്തിന്റെ മൊട്ടുകളാണ് വിരിയാതെ കരിഞ്ഞുകൊഴിഞ്ഞുപോകുന്നതു്.

കവിളൊട്ടി, കണ്ണുകുഴിഞ്ഞു, എല്ലുപൊന്തി, അരതേഞ്ഞു അവശരായി, അസംതൃപ്തിക്കിടിമകളായി, സപ്രസംസർഗ്ഗലനം, ശീഘ്രസ്ഖലനം, ഉല്പാദനേന്ദ്രിയ ദൌർബല്യം, സാദ്ധ്യം മുതലായ കൂട്ടുകാരോട് കൂടി ജീവിക്കുന്ന എത്രയോ യുവാക്കന്മാരുണ്ട്. അവരുടെ ദുരിതാനുഭവങ്ങളിൽ നിന്നും മോചനം നേടുവാൻ ഞങ്ങളുടെ



വി. ഗംഗാധരൻവൈദ്യൻ

രമണൻ

എന്ന വാജീവകരമൌഷധം മാത്രംസേവിച്ചാൽമതി 20ഡോസ് ബാട്ടിൽ 2 ക 8ണ മാത്രം

ച്യവനപ്രാശം— "ഞാനും ച്യവനപ്രാശം സേവിച്ചിട്ടുണ്ട്" എന്നു പറഞ്ഞതുകൊണ്ടായില്ല ഞങ്ങളുടെ ച്യവനപ്രാശം നിങ്ങൾ സേവിച്ചിട്ടില്ലെങ്കിൽ ഉടനെ സേവിക്കുവിൻ! അപ്പോൾ അനുഭവപ്പെടും അതിന്റെ പ്രത്യേകത


റാത്തൽ ഒന്നിനു 3 ക. 8 ണ.

N, B. പ്രധാനപ്പെട്ട എല്ലാ ആയുർവേദ ഔഷധങ്ങളും ശാസ്ത്രീയമായി സംസ്കരിച്ചു സംഭരിച്ചിരിക്കുന്നു. വിലയും പരിമിതമാണ്. വി പി. ആയി ആവശ്യപ്പെടുന്നവർ ഫെഡറാഫീസിലോ വക്കല ബ്രാഞ്ചിലോ എഴുതേണ്ടതാണ്

സ ത ന്ത്ര ഫാർമസി [REGD.]

H. O. പാലക്കാടു

ബ്രാഞ്ചു് ആയുർവേദകോളേജിനു മുൻവശം, പുത്തൻചന്ത, തിരുവനന്തപുരം.



പത്മാദേവി

സി. വി. കുഞ്ഞുരാമൻ

14-ാം അദ്ധ്യായം
(തുടർച്ച)

[കഥ:—ഗംഗാധരൻ തന്റെ ഏതാനും കൂട്ടുകാരുമൊന്നിച്ചു വിനോദയാത്രയായി സിലോണിൽ എത്തിച്ചേരുകയും, അവിടെവച്ചു കുലശേഖരന്റെ പുത്രി പത്മാദേവിയിൽ അനുരക്തനാകയും ചെയ്യുന്നു. സ്ക്കന്ധൻ, ത്രിജട എന്നീ രണ്ടു ദുർമ്മൂർത്തികളും അതിനു പ്രതിബന്ധകരികളായും തീർന്നിട്ടുണ്ട്. അങ്ങനെയിരിക്കെ ഒരു ദിവസം കുലശേഖരൻ തന്റെ പുത്രിയും, ഗംഗാധരപ്രഭൃതികളുമൊത്തു വിനോദസഞ്ചാരത്തിനായി മഹാബലിഗംഗയുടെ കരയ്ക്കുള്ള ഒരു ഗുഹയിൽ എത്തിച്ചേരുന്നു. ഗുഹയ്ക്കുള്ളിൽവച്ചു കിട്ടിയ ഒരു സന്ദർഭം വിനിയോഗിച്ചു ഗംഗാധരൻ തന്റെ പ്രണയവാർത്ത പത്മയെ ധരിപ്പിക്കുകയും, അവർ അവനു സർവ്വാത്മനാ വിധേയമാകുകയും ചെയ്തു. അവരുടെ അനന്തരവ്യവഹാരങ്ങളിൽനിന്നും സംഗതിയുടെ ഗതി ഏതാണ്ടൂഹിച്ചറിഞ്ഞ കുലശേഖരൻ, മടക്കയാത്രയ്ക്കുശേഷം ഗംഗാധരനെ സപക്ഷമായി വീട്ടിലേക്കു ക്ഷണിച്ച തൽസംബന്ധമായ സംഭാഷണങ്ങളിൽ ഏർപ്പെട്ട തുടർന്നു, തന്റെ മകൾക്കപോലും നിശ്ചയമില്ലാത്തതു-അതുന്നതം ഗോപ്യവുമായ തന്റെ ആത്മകഥാകഥനത്തിനു കുലശേഖരൻ ആരംഭിച്ചിരിക്കയാണു്]

—ഇനി തുടർന്നു വായിക്കുക.—

വൃദ്ധൻ കണ്ണുകൾ തുടച്ചുകൊണ്ടു തുടർന്നു:—

"ചുരുക്കിപ്പറയാം. എന്റെ ജീവിത സർവ്വസ്വത്തിന്റെ നഷ്ടശിഷ്ടത്തെയാണു് ഞാൻ അന്നു് അവിടെനിന്നും വീട്ടിലേക്കു് എടുത്തുകൊണ്ടു പോയതു്. പത്തു ദീർഘസംവത്സരക്കാലം ജീവിതമരണങ്ങൾക്കു അവകാശവേണ്ടി പോരാടി സകല സങ്കടങ്ങളും ക്ഷമാപൂർവം അവർ സഹിച്ചു. ഒരു വടിയുടെ സഹായം കൂടാതെ അവർക്കൊന്നെഴുന്നേൽക്കുന്നതിനോ, അല്പമൊന്നനങ്ങുന്നതിനോ പോലും സാദ്ധ്യമായില്ല അവളുടെ ശരീരകാന്തി നശിച്ചെങ്കിലും, നാളതോറും മുഖശോഭ വർദ്ധിച്ചു തന്നെവന്നു. ആ കാട്ടുകല്ലിലും കുന്നിന്റെ പുറങ്ങളിലുമെങ്ങും അവളെ കാണാതെയായി. ഞാൻ ദിക്കിലെ ആളുകൾ പല നാണകളും പറഞ്ഞുണ്ടാക്കി. എനിക്കുണ്ടായ അത്യുഗ്രഹിതം എന്റെ ഹൃദയവേദനക്കിടയിൽ ആരെയും വിവരിച്ചു കേൾപ്പിക്കാനും ഞാൻ മുതിർന്നില്ല. അത്യുഗ്ര ശുസന്ദർഭങ്ങളിലൊഴിച്ചു് ഞാനും വെളിക്കെങ്ങും ഇറങ്ങാതായി. എന്റെ പരവശതയും, എന്റെ മൂകതയും, പത്മയുടെ തിരോധാനവും എന്റെ സൽയശസ്സിനു കളങ്കംചേർത്തുകൊണ്ടു്, എനിക്കെതിരായി ഉർവ്വീഖ്യനം ചെയ്യപ്പെട്ട പക്ഷേ, അവയൊന്നും ഞാൻ വകവച്ചില്ല. എന്റെ പത്മയുടെ അത്യുജ്ജ്വലകരമായ അംഗസൗഷ്ഠവത്തിന്റെ നാശം മറവുള്ളവർ അറിയുന്നതു് എന്തുകൊണ്ടാ എനിക്കു ഹിതമല്ലായിരുന്നു. അവളുടെ പുത്രി ശൈശവം കഴിഞ്ഞു് കുമാരത്തിന്റെ മദ്ധ്യം കടക്കുന്നതു കാണുവാൻ അവർ ജീവിച്ചിരുന്നു. അങ്ങനെ അവർ മരിച്ചു അവളുടെ ചിതാഭസ്മങ്ങൾ മഹാബലി ഗംഗയുടെ തീരത്തു് എനിക്കു മാത്രം അവകാശപ്പെട്ട ഒരു ഗുഹയിൽ എത്തുംപരിശുദ്ധമായി ഞാൻ സൂക്ഷിക്കുന്നു. പക്ഷികളുടെ പാട്ടും, മഹാബലി ഗംഗയുടെ മർമ്മരവും എപ്പോഴും ശ്രവിച്ചുകൊണ്ടു്, അവർ അവിടെ പുണ്യവിശ്രമം കൊള്ളുന്നു."

കുലശേഖരൻ മൂകനായി, ഭ്രതകാലം സപ്നം കാണുംപോലെയിരുന്ന അതിൽനിന്നു ഗംഗാധരന്റെ വാക്കുകൾ അദ്ദേഹത്തെ ഉണർത്തി:—"അങ്ങു് ഈ ആത്മകഥ പറഞ്ഞിരുന്നില്ലെങ്കിൽ തന്നെയും അങ്ങയെപ്പറ്റി ഒരു തെറ്റിദ്ധാരണയും എനിക്കെന്റെ സുകുമാരനോ ഉണ്ടാകുമായിരുന്നില്ല. നേരും നെറിയുമതിരിച്ചറിയുന്നതിനു വലിയ വിഷമമൊന്നും ഒരിക്കലുമുണ്ടാകാറില്ല പോരെങ്കിൽ, അങ്ങയെക്കുറിച്ചു മിഷത്തിൽതന്നെ, അങ്ങയ്ക്കു് എന്നോടും സുകുമാരനോടും തോന്നിയപോലെ, ഞങ്ങൾക്കും അങ്ങയെപ്പറ്റി ചിലതെല്ലാം തോന്നാതിരുന്നിട്ടില്ല. സാമാന്യജനങ്ങളിൽനിന്നു് അങ്ങയെ വേർതിരിച്ചു നിറുത്തുന്ന ഒരു തറവാടിത്തവും അന്തസ്സും അപ്പോൾതന്നെ ഞങ്ങൾക്കു ബോദ്ധ്യമാകാതിരുന്നില്ല."

വൃദ്ധൻ ഒരു പുഞ്ചിരിയോടുകൂടി പറഞ്ഞു—"അപ്പോൾ എനിക്കിനി യാതൊന്നും പറയാനില്ല. നിങ്ങൾക്കു രണ്ടാൾക്കും സകല സൗഭാഗ്യങ്ങളും ഉണ്ടാകട്ടെ! എന്റെ മകൾ പത്മയ്ക്കു ഞാൻ സപ്നം കണ്ടിരുന്നപോലെ തന്നെ അനുരൂപനായ ഒരു വരനെ ലഭിച്ചു കാണുന്നതിൽ ഞാൻ ഭാഗ്യവാനാണു്—പക്ഷേ, അവൾ ഇക്കായ്ത്തിൽ എന്തു പറയുമെന്നു് ഞാൻ അറിഞ്ഞില്ല—"

ഗംഗാധരൻ, ഇടയിൽ കയറി, മന്ദഹാസപൂർവം പറഞ്ഞു:—"ഞാൻ സ്നേഹിക്കുംപോലെ തന്നെ പത്മാദേവി എന്നെയും ഗാഢമായി സ്നേഹിക്കുന്നു"

കുലശേഖരൻ അല്പമൊന്നു ചിരിക്കുകയും ഒന്നു നെടുവീർപ്പിടുകയും ചെയ്തു:—"അവൾ നിന്നെ സ്നേഹിക്കുന്നു. അല്ലേ?" (വൃദ്ധൻ നിങ്ങൾ എന്ന സംബോധന ഉപേക്ഷിച്ചു) "എന്റെ കു

—കുമുദി ആഴ്ചപ്പതിപ്പ്—

ട്ടി. നീ സമയം അല്പംപോലും പാഴാക്കിയില്ല. അവർ നിന്നെ സ്നേഹിക്കുന്ന എന്നു് എപ്പോഴാണ് നീ കണ്ടുപിടിച്ചതു്?"

വിജയഭാവത്തോടുകൂടിയ ഒരു മന്ദഹാസത്തോടുകൂടി ഗംഗാധരൻ മറുപടി പറഞ്ഞു:—"ഇന്നു് പത്മാദേവി എന്നോടു പറഞ്ഞു. എന്നിട്ടും ഇപ്പോഴും എനിക്കു് അതു് വിശ്വസിക്കാൻ കഴിയുന്നില്ല"

കല:—"കൊള്ളാം. ശരി അതു് പൂർണ്ണമായും വിശ്വസിച്ചുകൊള്ളു. എന്റെ മകനെ പത്മ അവർക്കു ശരിയെന്നു് തോന്നുന്നതല്ലാതെ. അവനെ ഉദ്ദേശിക്കാത്തതൊന്നും പറയാറില്ല കള്ള വെന്നൊന്നു് അവർ പറഞ്ഞ ഈ നിമിഷം വരെ എനിക്കറിവില്ല"

ഗംഗാ—"അപ്പോൾ അവിടന്നു് പൂർണ്ണമനസ്സാലെ ഞങ്ങളുടെ പരസ്പര പ്രേമത്തെ അനുഗ്രഹിക്കുന്നു. അല്ലേ? അങ്ങു് അവളെ എനിക്കു നൽകുമോ?"

കല—"മകളേ, എനിക്കിതിലെന്തു് കാര്യം? അവനെ സ്വമധ്യാനിക്കു് ഒത്തയാളിരിക്കുന്നു. എനിക്കതിൽ കാര്യമില്ല ഞാൻ അവളെ നൽകുന്നകാര്യം ഉദിക്കുന്നുമില്ല എന്നെ സംബന്ധിച്ചിടത്തോളം, ഞാൻ നിങ്ങളെ രണ്ടുപേരേയും ഹൃദയംഗമമായി അനുഗ്രഹിക്കുന്നു നിങ്ങൾക്കു് സർവ്വമംഗളങ്ങളും ഭവിക്കട്ടെ! പ്രേമം നിങ്ങളെ രണ്ടുപേരേയും ഹൃദയത്തിൽ കരകവിഞ്ഞിരിക്കുന്നു. ഒരു മഹാസമുദ്രത്തിന്റെ ശക്തിയായ വേലിയേറ്റത്തിനു മുൻപിൽ ഒരു വൃദ്ധന്റെ ജീവിതത്തിനു് എന്തു് വില?" വൃദ്ധന്റെ മുഖത്തു് ഒരു ശോകച്ഛായ പെട്ടെന്നു് പരന്നു. "ഇല്ല, യാതൊരു ഫലവുമില്ല എന്റെ മകളുടെ വിയോഗംമൂലം ദുഃഖത്തിന്റെ വീരപ്പുലകനെ എന്റെ ഹൃദയത്തെ കാന്നു എന്നു വന്നാൽ തന്നെയും അതിനെ കുറ്റം പറയുകയില്ല അതു സമർത്ഥിക്കുന്നതുംഇല്ല. എന്റെ സ്വാർത്ഥംകൊണ്ടു് മാത്രമാണു് ഞാൻ ദുഃഖിക്കുന്നതു്? അല്ലേ? ഞാൻ എത്ര ദുഃഖിച്ചാലും എന്റെ മകനെ ദുഃഖിക്കാൻ ഞാൻ ഇടയാക്കുകയില്ല. എങ്കിലും അവളുമായി വേർപിരിയേണ്ടി വരിക എന്നതു് എനിക്കു് ചിന്തിക്കാൻപോലും സാധ്യമാകുന്നില്ല" അദ്ദേഹത്തിന്റെ ശബ്ദം ഇടറി ഗംഭീരമായ ആ വൃദ്ധവദനം, അമർത്തിവച്ച വികാരംമൂലം കനത്തു ചുവന്നു. അതുകണ്ടു് ഗംഗാധരൻ ആവേശപൂർവ്വം പറഞ്ഞു:—"അവിടന്നു് എന്തിനാണു് പത്മയെ പരിഭ്രമിക്കുന്നതു്? ഞങ്ങളുടെ വീടു് അവിടത്തേയും വീടല്ലേ? ഞങ്ങൾ രണ്ടാളും അവിടത്തെ കുട്ടികളെപ്പോലെ ശുശ്രൂഷിക്കയും, സ്നേഹിക്കയും ചെയ്യുമല്ലോ സിലോണിലായുള്ള സകല ബന്ധങ്ങളും ഉപേക്ഷിച്ചു് എന്നേക്കുമായി നമുക്കു നമ്മുടെ നാട്ടിലേക്കു് മടങ്ങിപ്പോകാം."

കലശേഖരൻ നിഷേധിയ്ക്കുവണ്ണം തലകുലുക്കി:—"ഈ ലങ്കാദ്വീപു് ഞാൻ വിട്ടുപോകയോ? എന്റെ ജീവിതവസന്തം കഴിഞ്ഞുകൂടിയ ഈ നാടു് ഞാൻ ഉപേക്ഷിക്കയോ? ഇക്കാണുന്ന മലകളും, ഈ മഹാബലി ഗംഗയും ഞാൻ ഉപേക്ഷിച്ചിട്ടു് പോകയോ? ഇല്ല കുഞ്ഞേ, ഈ ജീവിതത്തിൽ ഇല്ല നീ എയോരുവും ഉദാരനും, സ്നേഹസമ്പന്നനും ആണു് എങ്കിലും എനിക്കതു് സാധ്യമല്ല. ഞാൻ പൂജിക്കുന്ന എന്റെ പത്മയുടെ ചിതാഭസ്മത്തെ ആരെ ഏല്പിച്ചിട്ടാണു് ഞാൻ നിങ്ങളോടൊന്നിച്ചു് വരേണ്ടതു്. എനിക്കു് അവളുടെ സമീപമല്ലാതെ മറ്റൊരിടമാണു് ഒരു വിശ്രമസ്ഥാനം? ഇല്ല ഞാൻ നിർബ്ബന്ധിക്കുന്നു ഈ വാർദ്ധക്യത്തിൽ ഞാൻ അങ്ങോട്ടില്ല പോരെങ്കിൽ പ്രായപൈതലിൽ നിന്നുള്ള ശല്യവും കൂടാതെ തന്നെ പെരുപക്ഷിക്കുവാൻ സമയം കൂട്ടുപെരുക്കണം"

കലശേഖരൻ ഗംഗാധരന്റെ മുഖത്തു് ഉറ്റുനോക്കിക്കൊണ്ടും, "പത്മ എവിടെ?" എന്നു് ചോദിച്ചുകൊണ്ടും എഴുന്നേറ്റ അസ്സമയ സൂര്യന്റെ കനകരശ്മികളേറ്റു് അങ്കുരിച്ചുകിടന്ന കേശഭാരങ്ങളും തടങ്ങളേയും ജനാലയിൽകൂടി നോക്കിക്കൊണ്ടു് അദ്ദേഹം അല്പനേരം നിന്നു. ആ സമയം ഏതുതു വിചാരങ്ങളാണു്, ആ വൃദ്ധഹൃദയത്തിൽകൂടി കടന്നു പോയിരിക്കുവുന്നതെന്നു് ആരറിഞ്ഞു? പെട്ടെന്നു് അദ്ദേഹം തിരിഞ്ഞു്, ഗംഗാധരനോടായോ, സ്വഗതമായോ പറഞ്ഞു:...."ഇല്ല, ഇല്ല മരണം എന്നെ പിടികൂടുന്നതു് ഇവിടെവച്ചതന്നെയാകട്ടെ. അതിനിനി ഞാൻ വളരെക്കാലം കാത്തിരിക്കേണ്ടിവരില്ല പ്രകൃതിവിലാസങ്ങൾക്കിടയിൽ, ഞാൻ ആത്മനിർവ്വിശേഷം സ്നേഹിച്ച എന്റെ പത്മയുടെ ഭൗതികശരീരം അധികം സമീപത്തന്നെ എന്റെ ജീവനും ഇഹത്തിൽനിന്നു മാഞ്ഞുപോയ്ക്കോള്ളട്ടെ!"

വൃദ്ധൻ നെടുവീർപ്പയാന്നു നിശ്വസിച്ചു. അദ്ദേഹത്തിന്റെ മുഖം ഒരു മേഘം മൂടിക്കളഞ്ഞു:—"പത്മ എവിടെ? ഗംഗാധരൻപോയി അന്വേഷിക്കു അല്ലെങ്കിൽ നേരം ഞാൻ കുറെ സ്വസ്ഥനായിരുന്നുകൊള്ളട്ടെ!"

പുതുതായിക്കിട്ടിയ സ്വാതന്ത്ര്യത്തിൽ ലഹരി പിടിച്ചു്, ഗംഗാധരൻ ആ മുറിയിൽനിന്നു ഉത്സാഹപൂർവ്വം ഇറങ്ങി, താഴത്തെനിലയിൽ പത്മാദേവിയെ അന്വേഷിച്ചുകൊണ്ടു്. അവനെ കണ്ടുകഴിഞ്ഞപ്പോൾ മടങ്ങിവന്നു്, നിർമ്മലമായ ഒരു വെള്ളമസ്ലിൻ വിരിച്ചു്, മുടികോതിയൊട്ടിക്കുണ്ടിക്കുമ്പിൽനിന്നു പൊട്ടിത്തൊടാൻ ഭാവിക്കയായിരുന്ന ഗംഗാധരന്റെ വരവു് കണ്ണാടിയിൽ കണ്ടു്, പൊട്ടിത്തൊടാതെ തന്നെ, ലജ്ജിതയായി, മന്ദഹസിച്ചുകൊണ്ടു അവനെ തിരിഞ്ഞു നിന്നു ഒരു സന്ദേഹവും കൂടാതെ ഗംഗാധരൻ അടുത്തുചെന്നു്, അവളെ പിടിച്ചു്, പൊബ്ബാസം പൗഡറിന്റെയും, പനിനീർപുഷ്പത്തിന്റെയും സൗരഭ്യം ഉപമിച്ച അവളുടെ പൂങ്കവിളുകളിൽ തെരുതെരെ ചുംബിച്ചു.

എന്നെ വിട്ടു്. ഈ കണ്ണാടി നമ്മെ പരിഹസിക്കും," എന്നു് മനോജ്ഞമായ ഒരു പുഞ്ചിരിയാട്ടക്കൂടി ആ വലിയ നിലക്കണ്ണാടിയിൽ തിരിഞ്ഞുനോക്കിക്കൊണ്ടു് പത്മാദേവി മൃദുമധുരമായി പറഞ്ഞു.

"പൊട്ടു ഞാനിട്ടുതരാം" എന്നു് പറഞ്ഞുകൊണ്ടു്, ഗംഗാധരൻ ചന്ദ്രബലാൽ വാങ്ങി. കണ്ണാടിക്കഭിമുഖമായി, പ്രണയബദ്ധരായി നിന്ന ആ യുവമിഥുനങ്ങൾ അവരുടെ ആത്മാക്കളുംകൊണ്ടു് ആ നിമിഷജീവപര്യന്തപ്പോലും പുളകംകൊള്ളിക്കയും, ആശ്ലേഷസമ്പർക്കമാക്കുകയും ചെയ്തിരിക്കണം. ഇങ്ങനെ രണ്ടുയുവതീയുവാക്കന്മാരുടെ ആ പ്രണയരംഗം പ്രതിബിംബിപ്പിക്കുവാൻ സാധ്യമായതിൽ ആ കണ്ണാടിക്കുണ്ടായ ധന്യതവന്നിരിക്കണം, നിശ്ചയം പത്മാദേവിയുടെകുനിരകളുടെ കസ്തൂരികളാത്തുക്കി, അവളുടെ നെറ്റിയിൽ പൊട്ടുതൊട്ടുകഴിഞ്ഞശേഷം, ഗംഗാധരൻ മാറിനിന്നു അവളെ ആപാദമൂർദ്ധം ഒന്നു നോക്കി, ഒരു ഗന്ധർവകന്യകയുടെ വിശ്വമോഹനമായ മന്ദഹാസത്തോടെ, നക്ഷത്രരശ്മികം പൊഴിക്കുന്ന നയനങ്ങളോടെ അവൻ നിൽക്കുകയായിരുന്നു "എന്റെ ദേവി, എന്റെ പ്രാണപ്രിയേ!" എന്നു വിളിച്ചുകൊണ്ടു് ഉത്തരക്ഷണത്തിൽ ഗംഗാധരൻ പത്മാദേവിയെ അതിഗാഢം മാറോടണച്ചു്, വീണ്ടും, വീണ്ടും ചുംബിച്ചു. പെട്ടെന്നു്, അയാളുടെ മർമ്മവേദനയിൽ എവിടെയോ നിന്നു്, ഒരു കപോതത്തിന്റെ മൃദുസ്വരത്തിൽ "അച്ഛനിതൊന്നും അറിയുന്നില്ല!" എന്നൊരു ശബ്ദം കേൾക്കുകയപോലെ തോന്നി

"അച്ഛനോ! അച്ഛനേട്ടു് എല്ലാം ഞാൻ ഉറപ്പുപറഞ്ഞു, മാമനോ!"

പത്മാദേവി ഒന്നു ഞെട്ടി.

ഗംഗാ—"നമ്മുടെ സൗഭാഗ്യത്തിനു മദ്ധ്യേ അച്ഛൻ നിൽക്കുന്നില്ല അദ്ദേഹം എല്ലാം അറിഞ്ഞുകഴിഞ്ഞിരിക്കുന്നു. നമ്മുടെ സൗഭാഗ്യവും പരമാനന്ദവും അദ്ദേഹത്തിനുജന്മസാഫല്യംനൽകും"

അവർക്കുതോന്നി, അവനെ സ്വപ്നം കാണുകയാണെന്നു് അവനെ മുഖമുയർത്തി പ്രേമപൂർണ്ണമായ നയനങ്ങൾകൊണ്ടു് ഗംഗാധരനെ നോക്കി. ഗംഗാധരൻ അവളുടെ അധരത്തിൽ ചുംബിച്ചുകൊണ്ടു പറഞ്ഞു: —"കാമനേ, ഒരിക്കൽകൂടി പറയൂ നീ എന്നെ സ്നേഹിക്കുന്നു എന്നു്. ഇനിയും നീ വുക്തമായി, അർത്ഥശങ്കക്കിടകൊടുക്കാതെ പറഞ്ഞില്ലല്ലോ, നീ എന്നെ സ്നേഹിക്കുന്നു എന്നു്"

പത്മ:—"എങ്ങനെ പറയണമെന്നു് എനിക്കു നിശ്ചയമില്ല. എന്റെ ഹൃദയത്തിനു് ഭാ



കഴിഞ്ഞയാഴ്ച

(ശ്രീനി)

ഉത്തരകൊറിയായിലെ സമരം ഗുരുതരമായ ഒരു ഘട്ടത്തിലേക്കു പ്രവേശിച്ചിരിക്കുന്നു പോരുന്നിയാങ്ങിൽ അട്ടിമറിപ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നു. പ്രസിഡന്റ് ട്രൂമന്റെ അഭിപ്രായത്തിൽപോലും, കൊറിയൻയുദ്ധം വളരെ ദീർഘിക്കുമെന്നുകാണുന്നു. കമ്മ്യൂണിസ്റ്റരുടെയെന്നയുടെ സൈന്യം കൊറിയൻ യുദ്ധത്തിൽ പങ്കെടുത്തുതുടങ്ങിയിരിക്കുന്നതുകൊണ്ടു് യുദ്ധം പടർന്നുപിടിച്ച് ലോകമഹായുദ്ധമായിത്തീരുവാൻ ഇടയുണ്ടു്. 38-ാം സമാന്തരരേഖ കടക്കുമ്പോൾ ഈ സാദ്ധ്യത നെഹ്റു ചൂണ്ടിക്കാണിച്ചിട്ടുള്ളതാണു്. ആ മുന്നറിയിപ്പു ശ്രദ്ധിച്ചിരുന്നുവെങ്കിൽ സംഭവവികാസങ്ങൾ ഒഴിവാക്കിയിരുന്നു. അതുപോലെ തന്നെ കമ്മ്യൂണിസ്റ്റരുടെയെന്നയെ ഐക്യരാഷ്ട്രസഭയിൽ അംഗമാക്കണമെന്നുള്ള ഇന്ത്യയുടെ അഭിപ്രായം അമേരിക്ക ആദരിച്ചിരുന്നുവെങ്കിൽ, കമ്മ്യൂണിസ്റ്റരുടെയെന കൊറിയായിൽ ഇടപെടുവാൻ ധൈര്യപ്പെടുമായിരുന്നില്ല.

കുരങ്ങന്റെ കയ്യിൽ പൂമാല

എന്നായാലും അമേരിക്കയുടെ അധികാരമോഹത്തിന്റെയും ഡോളർ മുഷ്ക്കിന്റെയും മുമ്പിൽ ലോകസമാധാനം ഛിന്നഭിന്നമായിക്കൊണ്ടിരിക്കുന്നുവെന്നു് ആർക്കും കാണാം. രക്ഷാസമിതിയെ കബളിപ്പിച്ചു വശപ്പെടുത്തിയും, 24 മണിക്കൂറിനുള്ളിൽ ഐക്യരാഷ്ട്ര അസംബ്ലി വിളിച്ചുകൂട്ടിയും

ഷയില്ല. എന്റെ വികാരോന്മേഷമറിയുവാൻ പൂർണ്ണമായും ഗ്രഹിക്കുവാൻ സാദ്ധ്യമാകുമെന്നും തോന്നുന്നില്ല. അതെനിക്കു് ഒരു നടുക്കം, ഒരു ഭീതിതന്നെ ഉളവാക്കുന്നു!"

ഗംഗ:—"എന്തു് ഭീതി, എന്റെതങ്കം?"

പദ്മാദേവി പൂവ്വാധികം ഗാഢമായ ഒരു ആശ്ലേഷത്തിൽ അയാളുടെ കരവല്ലികൾക്കുള്ളിൽ അമർന്നു. ആ യുവതിയുടെ മുഖത്തു് ഒരു പാണ്ഡുരാഭ പരന്നതുപോലെ അയാൾക്കു തോന്നി. ഒരു നെടുവീർപ്പോടെ വികാരവിവശയായി അവൾ പറഞ്ഞു:—"എന്റെ സ്വന്തം ജീവിതം ഇനി എനിക്കു് എവിടെ ശേഷിക്കാനാണു്? അതു്—അതു്—ഗംഗാധരന്റെ ജീവിതവുമായി സാത്മ്യം പ്രാപിച്ചുപോയിരിക്കുന്നു. ഗംഗാധരന്റെ ജീവനും ആത്മാവുമെല്ലാം എന്നിലും വിലയമായിപ്പോയെന്നും എനിക്കു തോന്നുന്നു. അതു ആശ്ചര്യകരവും, എനിക്കു് ഉപപ്രജ്ഞയുമല്ലേ? ഇതാ, ഗംഗാധരന്റെ ഹൃദയസ്പന്ദനം എന്നിൽ പ്രതിധ്വനിക്കുന്നതു കേൾക്കുന്നില്ലേ? നമ്മുടെ ഹൃദയസ്പന്ദനങ്ങളെ തന്നെ വേർതിരിച്ചറിയാൻ സാദ്ധ്യമാകുന്നില്ല."

പദ്മാദേവിയുടെ കിസലയകരം ഗംഗാധരന്റെ ഫാലദേശത്തെ തലോടി:—"എന്താണു് ഗംഗാധരൻ ഇങ്ങനെ എന്നെ ആശ്ചര്യപൂർവ്വം നോക്കുന്നതു്? ആ കണ്ണുകളുടെ പ്രകാശവും ഉഷ്മളതയും ഗംഗാധരനു് എവിടെനിന്നു കിട്ടി? ഗംഗാധരന്റെ കണ്ണുകൾക്കു ഇത്ര വളരെ തേജസ്സുണ്ടെന്നു് ഗംഗാധരൻ തന്നെ അറിയുന്നുണ്ടോ?"

ഗംഗാധരൻ മന്ദഹസിച്ചു:—"എനിക്കറിവില്ല. പക്ഷേ ഒന്നെനിക്കു് അറിയുന്നു, സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്കു രണ്ടു ഉജ്ജ്വലനക്ഷത്രങ്ങളുണ്ടു് എന്റെ തങ്കത്തിന്റെ നയനങ്ങളെന്നു്! പദ്മേ, എന്റെ പ്രാണപ്രിയേ എന്നും ഞാൻ നിനക്കു അനുരൂപനായി ഭവിക്കണമെന്ന പ്രാർത്ഥനയേ എനിക്കുള്ളൂ."

ഉൽക്കടമായ ആത്മസ്നേഹത്തോടെയാണു് ഗംഗാധരൻ അങ്ങനെ പറഞ്ഞതു്. അവളുടെ സ്വഭാവപരിശുദ്ധിയുടെയും, ആത്മാർത്ഥതയുടെയും മുമ്പിൽ അയാൾ ഹൃദ്ബലനാകുംപോലെ തോന്നി. "ഇങ്ങനെയുമുണ്ടോ ഭഗവാനേ, ഈ ലോകത്തു് ഒരു സ്ത്രീഹൃദയം!" എന്ന ചിന്ത അയാളെ അഭിമാനകുതാർത്ഥനാക്കുകയും, ശ്വാസം മുട്ടിക്കയും ചെയ്തു. അതിനിടയിൽ പദ്മ അയാളുടെ ആശ്ലേഷത്തിൽനിന്നു വിമുക്തയായി, അല്പം മാറിനിന്നു് ആശ്ചര്യപൂർണ്ണമായപോലെ ചോദിച്ചു:—'എന്തു? എനിക്കനുരൂപനാണോ? ഞാൻ എന്റെ ഗംഗാധരനു് അനുരൂപയായി ഭവിക്കണമേ എന്ന പ്രാർത്ഥനയേ എനിക്കുള്ളൂ എന്നെ തെറ്റിദ്ധരിപ്പിക്കരുതു്.'

ഗംഗാധരൻ മറുപടി ഒന്നും പറഞ്ഞില്ല. വിസ്മയപൂർവ്വം അവളെ അയാൾ നോക്കിക്കൊണ്ടുനിന്നു.

പെട്ടെന്നു് അയാൾ ചോദിച്ചു:—"പദ്മേ, നീ എന്തൊരു മനോഹരിയാണെന്നു് നീ അറിയുന്നോ?"

അവൾ അതിൽ അയുക്തമായൊന്നും കാണാത്തതുപോലെ പറഞ്ഞു:—"അതേ! അതിലെന്താണു്? ഞാൻ അമ്മയെപ്പോലാണിരിക്കുന്നതു്. അമ്മയ്ക്കു് എന്നെക്കാൾ സൗന്ദര്യമുണ്ടായിരുന്നു. പക്ഷേ, ആരുടെയെങ്കിലും, സ്നേഹസമ്പന്നമായ

തിരുപ്പിറവി

(സാമൂഹ്യ ഗദ്യനാടകം)

വില 1-4-0. V. P. ചാർജ്ജ് 'ഫ്രീ'

Apply:—പി. ഗോപി നായർ B. Sc.

S. D കോളേജ്, ആലപ്പുഴ.

ആംഗ്ലോ അമേരിക്കരുടെ എതു അഭിപ്രായവും ലോകത്തിന്റെ അഭിപ്രായമായി മുദ്രയടിച്ചു പൊക്കിപ്പിടിക്കുവാനും സാധിക്കുന്നതാണ് ചുരുക്കത്തിൽ അമേരിക്കയുടെ പ്രമേയം ഐകുരാഷ്ട്ര അസംബ്ലി പാസ്സാക്കി വീറ്റോയുടേയും രക്ഷാസമിതിയുടെയും സർവ്വപ്രാധാന്യം ഇല്ലാതാക്കി, ഐകുരാഷ്ട്രസഭയുടെ മൌലിക പ്രമാണങ്ങളും ലംഘിച്ചതോടെ; ഐകുരാഷ്ട്രസഭ ഒരു ലോകസംഘടനയിൽനിന്നും, മുതലാളിത്ത ലോകത്തിന്റെ ലജ്ജയില്ലാത്ത വക്താവായി അധഃപതിച്ചിരിക്കുന്നു. കുരങ്ങിന്റെ കയ്യിൽ കിട്ടിയ പൂമാലപോലെ ലോകസമാധാനസ്ഥാപനത്തിനു ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ലോകസംഘടനെ തകർന്നു താറുമാറായിരിക്കുന്നു.

ലീയുടെ തെരഞ്ഞെടുപ്പ്

സോവിയറ്റ് യൂണിയന്റെ എതിർപ്പിനെ വിഗണിച്ചും, ലീയെത്തന്നെ സെക്രട്ടറി ജനറലായി തിരഞ്ഞെടുക്കണമെന്നുള്ള അമേരിക്കയുടെ നിർബന്ധത്തിന്റെ മുമ്പിൽ ഐകുരാഷ്ട്രസഭ തലകുനിച്ചു അങ്ങനെ ഐകുരാഷ്ട്രസഭ ആംഗ്ലോ—അമേരിക്കൻ കൂട്ടുകെട്ടൊഴിച്ചു മറ്റൊരു ശക്തിക്കും ആത്മാഭിമാനത്തോടുകൂടി അംഗത്വം തുടരുവാൻ സാധിക്കാത്ത ഒന്നായിത്തീർന്നിട്ടുണ്ട്.

ചീനകമ്മ്യൂണിസ്റ്റുകൾ കൊറിയായിൽ സമരംചെയ്യുന്നതിനെപ്പറ്റി നടപടികൾ കൈക്കൊള്ളുവാൻ സെക്യൂരിറ്റി കൌൺസിൽ ഇന്നു (ബുധനാഴ്ച) സമ്മേളിക്കുന്നുണ്ട്. ആ സമ്മേളനത്തിൽ റഷ്യ വീറ്റോ പ്രയോഗിക്കുകയാണെങ്കിൽ 24 മണിക്കൂറിനകം ഐകുരാഷ്ട്രസഭ സമ്മേളിച്ച്, അമേരിക്കയുടെ പ്രമേയം പാസ്സാക്കും ഈ പ്രമേയത്തിന്റെ രൂപം എന്തായിരിക്കുമെന്ന് ഊഹിക്കുക സാദ്ധ്യമല്ല.

കൊറിയായിൽ സമരം ചെയ്യുന്നത് ചീനയിൽ നിന്നു പോയിട്ടുള്ള വാളന്റിയറന്മാരാണെന്ന് വരുത്തിക്കൂട്ടുവാൻ കമ്മ്യൂണിസ്റ്റ് ചൈനയിലെ ഭരണാധികാരികൾ ശ്രമിക്കുന്നുണ്ട്. വാളന്റിയറന്മാരായാലും, ശരിയായ സൈനികരുടെയായാലും, അമേരിക്ക ചൈനയുമായി യുദ്ധം ചെയ്യുവാൻ തയ്യാറാകുമോ എന്നു കണ്ടറിയേണ്ടിയിരിക്കുന്നു.

ടിബറിലെ "പോലീസ്" പ്രവർത്തനം

ടിബറ്റിലെ പോലീസ് പ്രവർത്തനം വിജയകരമായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അവിടത്തെ സമരം പടർന്നു പിടിക്കുവാൻ ഇടയില്ലെന്നാണ് നെഹ്റു അഭിപ്രായപ്പെടുന്നത് ലാസായിൽ നിന്നു ഒളിച്ചോടുവാൻ ശ്രമിച്ച ദലായ്ലാമായെയും അയാളുടെ റീജന്റിനെയും; ലാമാമാർ തന്നെ തടഞ്ഞുനിർത്തിയെന്നു കാണുന്നതിൽ നിന്നും പാഞ്ചൻ ലാമയുടെയും വിമോചന സേനയുടെയും പിന്നിൽ ജനങ്ങളിലും വൈദികരിലും സുശക്തമായ ഒരു വിഭാഗം അണിനിരന്നിട്ടുണ്ടെന്നു കാണാവുന്നതാണ്.

ഫ്രഞ്ചുകാർ തോറ്റുകൊണ്ടിരിക്കുന്നു.

ഇൻഡോ—ചൈനയിൽ ഫ്രഞ്ചുസേനകൾക്ക് ദിനംതോറും പരാജയം സംഭവിച്ചുകൊണ്ടിരുന്നെന്നറിയിക്കുന്ന അമേരിക്കയുടെ വെടിക്കോപ്പും, ഡോളറും അവിടെ എത്തിക്കഴിയും മുമ്പേ തന്നെ ബാവോദായിയുടെ പാവഗവൺമെൻറ് തകർന്നുപോകുന്ന ലക്ഷണമാണ് കാണുന്നതു്.

മലയായിൽ വിപ്ലവകാരികളെ അടിച്ചമർത്തുവാൻ തയ്യാറാക്കിയിരുന്ന ബ്രിഗ്സ്പദ്ധതി അതു "ഗ്രീണ"മില്ലെന്നു ഇപ്പോൾ തെളിഞ്ഞിരിക്കുന്നു

സിങ്മാൻറിയെ ഒരു യുദ്ധക്കുറ്റവാളിയായി വിസ്തരിക്കണമെന്നുള്ള ഫെന്നർബ്രോക്കുവേയുടെ നിർദ്ദേശത്തോടു മനുഷ്യത്വത്തിൽ വിശ്വസിക്കുന്നവരെല്ലാം യോജിക്കാതിരിക്കയില്ല അമേരിക്കയുടെ കരണ്ടിച്ചൂരാ മാത്രമാണ് ആ പട്ടികിഴവനെ ഇന്നും അധികാരത്തിൽ ഇരുത്തിയിരിക്കുന്നതു്. ദക്ഷിണകൊറിയൻ പാർലമെൻറ് അദ്ദേഹത്തിൽ അവിശ്വാസം രേഖപ്പെടുത്തുന്ന ഒരു പ്രമേയം പാസ്സാക്കാനിടയുണ്ട്. കൊറിയായിൽ അമേരിക്കൻ സേനയുടെയും; ദക്ഷിണകൊറിയൻസേനയുടെയും ക്രൂരകൃത്യങ്ങളും തുറന്നുകാട്ടിയ ഐകുരാഷ്ട്രലോകമെന്ന പത്രത്തിന്റെ അധിപരെ അമേരിക്കയിലേക്ക് കടത്തുകയില്ലെന്ന് ട്രൂമാനും ഗവണ്മെൻറും തീരുമാനിച്ചിരിക്കുന്നു.

അടുത്ത കുരുതിക്കൊഴി

ജർമ്മനിയാണ് അടുത്ത കുരുതിക്കൊഴിയാകുവാൻ പോകുന്നതു് പശ്ചിമ ജർമ്മനിയിലെ നാസികളെ വീണ്ടും സൈന്യസജ്ജീകരണങ്ങൾ ഒരുക്കുവാൻ, ആംഗ്ലോ—അമേരിക്കർ അനുവദിക്കുവാൻ പോകുന്നുണ്ട്. ജർമ്മനിയ്ക്ക് സൈന്യമുണ്ടാകുന്നതിൽ ഏറ്റവും കഠിനമായ എതിരു് ഫ്രാൻസിനേറ്റതായിരുന്നു. പക്ഷേ അമേരിക്കൻ ഡോളറിന്റെ സുവർണ്ണപ്രഭ കണ്ടപ്പോൾ, ഫ്രാൻസ് എല്ലാം സമ്മതിക്കുവാൻ സന്നദ്ധമായിത്തീർന്നു.

അതേ സമയം തന്നെ സോവിയറ്റ് അധീനതയിലുള്ള ജർമ്മനിയും സൈന്യങ്ങളും സജ്ജീകരിച്ചു വരുന്നു. ജർമ്മനിയെപ്പറ്റി ചതുർശക്തികളും കൂടിയാലോചന നടത്തണമെന്നുള്ള റഷ്യയുടെ നിർദ്ദേശത്തെ പശ്ചിമശക്തികൾ പൊറുക്കൊള്ളുവാൻ സന്നദ്ധമായി കാണുന്നില്ല കൊറിയായിലും, ചൈനയിലും ഇൻഡോ ചൈനയിലും എന്നപോലെ ജർമ്മനിയിലും മൂന്നാം മഹായുദ്ധത്തിന്റെ തയ്യാറെടുപ്പിനുള്ള നാന്ദി സമാരംഭിക്കപ്പെടാതിരിക്കുകയില്ല.

ആരു എന്തു പറഞ്ഞാലെന്താണ്

അമേരിക്കയുടെ കയ്യിൽനിന്നും ഡോളർ കടം വാങ്ങുന്നതിൽ യാതൊരു അപാകതയുമില്ലെന്നും, അതിന്റെ അടിസ്ഥാനത്തിൽ ആരെന്തു പറഞ്ഞാലും ഇന്തു വിഹലയ്കുവാൻ പോകുന്നില്ലെന്നും സർദാർ പട്ടേൽ അഹമ്മദബാദിൽവച്ചു നവംബർ 1-നു- പൊതു ഒരു പ്രസംഗത്തിൽ പ്രസ്താവിച്ചിരിക്കുന്നു ഏതായാലും പട്ടേലിന്റെ ആശീർവാദം ലഭിച്ചുകഴിഞ്ഞതിനാൽ, അമേരിക്കയുടെ വയ്പ്പു വേണ്ടിയുള്ള ആലോചനകളും വേഗം തന്നെ ആരംഭിക്കുമെന്നു പ്രതീക്ഷിക്കാം.

പക്ഷേ പട്ടേലിന്റെ പ്രതാപത്തെ ചോദ്യംചെയ്യുന്ന ഒരു വിഭാഗം കൺഗ്രസ്സിൽത്തന്നെ ഉടലെടുത്തു കഴിഞ്ഞിട്ടുണ്ട്. താണ്ഡനും പട്ടേലിനും എതിരായി നെഹ്റുവിന്റെ നേതൃത്തെ പിന്താങ്ങുന്നതാണ് കൃപലാനിയുടെ ഈ കൺഗ്രസ്സ് ഡെമോക്രാറ്റിക് ഗ്രൂപ്പ് കൃപലാനിയുടെ വീട്ടിൽവച്ചുകൂടിയ ഒരു സമ്മേളനത്തിൽ കിഷോയി, ഭീമസൻ സച്ചാർ, പി. സി. ഘോഷ്, പ്രകാശം, കേളപ്പൻ മുതലായി "പെങ്കോൻ നഷ്ടപ്പെട്ട" പല അസഹിഷ്ണുക്കളും ഉണ്ടായിരുന്നു. ശ്രീ പട്ടംതാണുപിള്ളകൂടി ഈ സമ്മേളനത്തിൽ പങ്കെടുക്കാഞ്ഞതു നിർഭാഗ്യകരമായിപ്പോയി

ബാംബെയിലെ മദ്യനിരോധനം

ബാംബെയിൽ മദ്യനിരോധനം നടപ്പിലിരിക്കുകയാണെങ്കിലും ആവശ്യമുള്ളവർക്കെല്ലാം സ്പെഷ്യൽ പെർമിറ്റ് കൊടുക്കുന്നുണ്ട്. ബാംബെയിലെ മുന്നൂറ്റൊക്കോടതി ജഡ്ജിമാർക്ക് പെർമിറ്റ് ലഭിച്ചിട്ടുണ്ട്. എല്ലാവർക്കും സ്പെഷ്യൽ പെർമിറ്റ് കൊടുക്കുന്നകാലം വിദൂരത്തിലല്ലെന്നു തന്നെ കരുതേണ്ടിയിരിക്കുന്നു.

———

—കുമുദി ആഴ്ചപ്പതിപ്പ്—

ചീറുന്ന ചോദ്യങ്ങൾ

കൃഷ്ണകുമാർ

ഓ! പൊട്ടിപ്പൊങ്ങുന്നു! ഓ പൊട്ടിപ്പൊങ്ങുന്നു!
"ഓവറി"ൻ ഗോപുരംപോലെ, മേലെ!
ഘനമേഘല കരുവെച്ചുരക്കുന്നു!—കേട്ടില്ലേ—
ഘനഘർഘരജഗദ്ഗ സ്ഫനിതഘോഷം!

* * *

—ചീറുന്ന ചോദ്യങ്ങൾ! ചീറുന്ന ചോദ്യങ്ങൾ!
ചോരച്ചുടാത്ത കാഹളങ്ങൾ!—
'ചിരുതയും' 'ചാത്തനും' ചത്തുജീവിക്കുന്ന
ചിതയിലെ—മണ്ണിലെ-സ്പന്ദനങ്ങൾ!—
കരിവീഥ്രു,മന്തിയിൽ വയർകത്തിവീഴുന്ന
'കരിനീലക്കടുക്കിടാത്തന്മാരെ'
'തുക്കാക്കരയപ്പനാ'യ് തിരുവോണനാളിന്റെ
തുക്കാപ്പൂൽ വെച്ചുമിഴിനീരൊഴിച്ച,
തലിയോടിൻ 'വെൺതേങ്ങ' വെട്ടുന്ന 'വയലിന്റെ
തലമുറതൻ' മുറിയാത്ത മുറവിളികൾ!—
ചളികുത്തിയോട്ടുന്ന വഴിവക്കിലോടയിൽ
ചൊകചൊകെയൊരു ചോരപ്പൈതലിനെ,
തിരുതള്ളിയെത്തുന്ന വിഷുനാളിൽ കണികാണാം
തെരുവിന്റെ തീരാത്ത നിലവിളികൾ!—
ചീറുന്ന ചോദ്യങ്ങൾ! ചീറുന്ന ചോദ്യങ്ങൾ! —
ചോരക്കഴലിന്റെ കാഹളങ്ങൾ!—
ഓ! പൊട്ടിപൊങ്ങുന്നു! ഓ! പൊട്ടിപ്പൊങ്ങുന്നു!
ഓഹിച്ച ഓഹിച്ച മേലെ മേലെ!

* * *

'ഉത്തരവും', 'തിരുമനവും', 'ഓൻ', 'അടിയൻ', എന്നല്ലോ—
രുത്തരവും കേൾപ്പോക്കിതു കണ്ണശലും!
'യദേവനാ'യ് 'ടി. ബി.' കളിൽ കാമിനികളൊന്നിച്ച
യാമിനികൾ കണ്ടോക്കിതു വശ്യതലും!
ആൽത്തറജിബ്ബുപ്രസംഗക്കാക്കിവയെല്ലാം
ആത്മരികം മരണമണിനാദമുലും!

* * *

തെറിവിധരിയ്ക്കുന്നതിവയെല്ലാം, ദൈവമായ്
"തറവാട്ടത്തോ"രുടെ മന്ത്രമല്ല!
കഴമരക്കാലിന്റെ 'ഗ്രഹനില'യറിയുന്ന
കവിടിക്കുഴി തൻറെ ചിലമ്പലല്ല!

കോട്ടിട്ടകൈനീട്ടം "ചീട്ടി"ന്റെ 'നിറ'മാലകൾ
തേടുന്ന കരിവീട്ടി മേശയിന്മേൽ
പതയുപ്പിച്ചൂട്ടുന്ന 'നാലരയ്ക്രാമി'ന്റെ
പുതുകുപ്പിത്തലതട്ടം പൊട്ടലല്ല!
'ഭഗവേത'മാരുടെ മലമൊട്ട തുള്ളിക്കും
ഭരണിപ്പാട്ടിന്റെയിരമ്പമല്ല!
"സഹ്യാദ്രിയറബിക്കടലിലെഴുക്കാം ഞാൻ
സത്യമാണേവരും വോട്ടനൽകിൻ—
ഒരു "പച്ച"പിടിച്ചോളിൻ—" എന്നൊക്കെപ്പറയുന്നതു
തനി പിച്ച പ്പാട്ടല്ല—കേട്ടറിവിൻ!

* * * *

പനയോലക്കെട്ടുകളിൽ നിന്നുതിരും വേദാന്തം
പറയുന്നു: 'മണ്ണല്ലേ മർത്ത്യകീടം'!
ബലമായതു പിൻതാങ്ങി മണിനാക്കുവലിക്കുന്നു,
ബലബലേ ബൈബിളിൻ ധർമ്മശാസ്ത്രം!
മണ്ണല്ല മണലല്ല കല്ലല്ലിരുമ്പല്ല
പിണ്ണാക്കാണെങ്കിലുമെന്തു വേണ്ടു?
മരണത്തിനുമപ്പുറമാറാംബോംബിട്ടാലും
മലർമാരിപെയ്താലുമാർക്ക ചേതം?
മണ്ണ്°!—കളിമണ്ണാണു മാനവനെന്നാലും
മണ്ണതിനെങ്ങിനെ നാശനമയിക്കും!
ചീറുന്ന ചോദ്യങ്ങൾ! ചീറുന്ന ചോദ്യങ്ങൾ!
മൂടാറാത്തയിരം കാഹളങ്ങൾ!
ഒരു രാഗ,മൊരു താളം,മൊരു നാദം,മൊരു ലയം!
ഒരുമിച്ചയരുന്ന കാഹളങ്ങൾ!
നെടുവീർപ്പിന്നിടിവെട്ടുകൾ! മിഴിനീരിൻ പേമഴകൾ!
തലയോടിന്നാലിപ്പഴച്ചൊരിച്ചിൽ!
ചെഞ്ചോരപ്പെരുവെള്ളപ്പൊക്കം! ഹാ! വേണ്ട തൻ
ചാനാട്ടം!—സർവ്വം പോട്ടിലായി!
ഒരുകൂട്ടം മാത്രമിതിൻ മീതെയായ് വിജയിപ്പൂ!
വീരിപവനിൽ കൊള്ളിമീനെന്നപോലെ
നിയമത്തിൻ കഴുകകം റോന്തുചുറ്റിടുന്ന
കഴുമരം! ശാസ്ത്രത്തിൻ "ശാന്തി" കേന്ദ്രം!

പകർപ്പവകാശം കൃഷ്ണകുമാറിനു°

മെൻസാണ

മുറതെറ്റിയുള്ള ആർത്തവം, ആർത്തവരക്തതടസ്സം, അതിസ്രവണം, അതിവേദന, അസ്ഥിസ്രാവം, പൂയമേഹം (പഴുപ്പുപോക്ക്) വയറുകത്തൽ, നടുവുവേദന, തലകറക്കം, കൈകാൽപുകച്ചിൽ എന്നിങ്ങനെയുള്ള രോഗങ്ങളിൽപെട്ടഴലുന്ന സ്ത്രീജനങ്ങൾ ഞങ്ങളുടെ "മെൻസാണ" സേവിക്കുക. ഗർഭാശയസംബന്ധമായും തജ്ജനുങ്ങളായുമുള്ള എല്ലാരോഗങ്ങളേയും ശമിപ്പിക്കുന്നു. ഗർഭാശയത്തെ ശുദ്ധവും ബലിഷ്ഠവുമാക്കിത്തീർക്കുന്നു. ആകർഷകമായ ആരോഗ്യവും സൗന്ദര്യവും ലഭ്യമാകുന്നു. പ്രസവരക്ഷയ്ക്കും ഉത്തമം.

കുപ്പി 1-ക്ക് 4 രൂ. 8 ണ. (പാക്കിംഗ് & പോസ്റ്റേജ് പുറമേ)

N. B. ഇതേ ഔഷധം മെൻസോളിൻ എന്ന പേരിൽ പരസ്യം ചെയ്തിരുന്നതാണ്°.

എസ്°. കെ. വി. ഫാർമസി,

പാലസ്°റോഡ്° :: ആലപ്പുഴ

Edited Printed and Published by K. Balakrishnan, at the Indira Printing Works, Pettah, Trivandrum.

The Kaumudi Weekly

PUBLISHED EVERY MONDAY.

Vol. I | MONDAY 13th NOVEMBER 1950 | No. 35

നിങ്ങൾക്കു ഹിന്ദി പഠിക്കണ്ടേ?

പഠിക്കാനും വിനോദിക്കാനും
ഒരുപോലെ സഹായിക്കുന്ന



സഗ്ഗം (ഹിന്ദി)



മാസിക വരുത്തി വായിക്കുക.

★

പത്രാധിപർ
കെ. ഏ. അബ്ബാസ്

സാമ്പിളിനുവേണ്ടി 12 ണ. സ്റ്റാമ്പുസഹിതം എഴുതുക.

Manager,
SARGAM SYNDICATE,
Advani Chambers
Sir Pherozeshah Mehta Road,
BOMBAY 1.